
അധികാരം ജനങ്ങളിലേക്ക്

ജനകീയാസൂത്രണ പദ്ധതി

മുട്ടം ഗ്രാമപഞ്ചായത്ത്



സമഗ്ര വികസനരേഖ

ഒൻപതാം പദ്ധതി-ജനകീയ പദ്ധതി

64-2

ജനകീയാസൂത്രണ പദ്ധതി



മുട്ടം ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനറിപ്പോർട്ട് 1996



ഇൻഡ്യയുടെ ആത്മാവ്
ഗ്രാമങ്ങളിലാണ്. ഗ്രാമപ്രദേശങ്ങളെ
അവഗണിച്ചുകൊണ്ടുള്ള ഒരു
വികസനവും സമ്പൂർണ്ണ ഗ്രാമസ്വരാജ്
അഥവാ സ്വയം പര്യാപ്ത ഗ്രാമങ്ങൾ
എന്ന ലക്ഷ്യത്തിലേക്കെത്തുകയില്ല.

– മഹാത്മാഗാന്ധി

എഡിറ്റർ

ജെയിംസ് സെബാസ്റ്റ്യൻ പാമ്പാറ

എഡിറ്റോറിയൽ ബോർഡ്

കെ.രാജേഷ്
കെ.പി.ഗോപാലൻ
എ.ഓ.ചാക്കോ
സി.എ.ആൻറണി
കെ.റ്റി.തൊമ്മൻ
കെ.എസ്.ജോർജ്ജ്
ഇ.കെ.അഗസ്റ്റ്യൻ
കെ.എൻ.ഗീതാകുമാരി
ജോർജ് പോൾ
ബിനോയ് അഗസ്റ്റ്യൻ
എസ്.എൻ.സുഭാഷ്
കുട്ടിയമ്മ മൈക്കിൾ
ഷേർലി അഗസ്റ്റ്യൻ
ഷേർലി ബേബി
പി.എം. പുഷ്പരാജൻ

Computer Typesetting & Printing
DIGITAL LASER GRAPHICS
Thodupuzha. ✆ 04862 -25239

ഉള്ളടക്കം

പേജ്

ആമുഖം 8

പഞ്ചായത്ത് പൊതുവിതരണം 9

സാമൂഹിക സാംസ്കാരിക ചരിത്രം 10


ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി 14

പഠനപര്യടനം 16

സാമൂഹിക സാമ്പത്തിക മേഖല 19

- കൃഷിയും ജലസേചനവും 20
- മൃഗസംരക്ഷണവും മത്സ്യബന്ധനവും 25
- വ്യവസായം 29
- വിദ്യാഭ്യാസം 31
- കുടിവെള്ളവും പൊതുജനാരോഗ്യവും 35
- ഗതാഗതം ഊർജ്ജം മാർക്കറ്റ് 38
- ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും 44
- സംസ്ക്കാരം 49
- വനിതാ ക്ഷേമം 52
- സഹകരണം 55
- പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 57
- വിഭവ സമാഹരണം 61
- ടൂറിസം 64


ഭരണസമിതിയംഗങ്ങൾ



കെ.രാജേഷ് കണ്ണാശ്ശേരിൽ
പ്രസിഡന്റ്




പ്രൊഫ.സി.സി.ജേക്കബ്
ചുവന്നപ്ലാക്കൽ
വൈസ് പ്രസിഡൻറ്



ഷേർളി അഗസ്റ്റിൻ കള്ളികാട്ട്
സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർപേഴ്സൺ




ഷേർളി ബേബി വളവനാട്ട്
മെമ്പർ




ഔസേപ്പച്ചൻ ചാരക്കുന്നത്ത്
മെമ്പർ



കുട്ടിയമ്മ മൈക്കിൾ പൂവത്തിങ്കൽ
മെമ്പർ




എസ്തപ്പാൻ പ്ലാക്കൂട്ടത്തിൽ
മെമ്പർ



പി.എം.പുഷ്പരാജൻ പൈതയ്ക്കൽ
മെമ്പർ


മുൻ സാരഥികൾ



പി.എം.ഫ്രാൻസീസ്
പൂവത്തിങ്കൽ
പ്രഥമ പഞ്ചായത്ത് പ്രസിഡന്റ്



പ്രൊഫ.കെ.ജെ.കുര്യൻ
പൂവത്തിങ്കൽ




കെ.കെ.നാരായണൻ കുന്നേൽ

ബ്ലോക്ക് മെമ്പർമാർ



കെ.പി.ഗോപാലൻ
കട്ടിലുംപാറയിൽ



എ.ഒ.ചാക്കോ ഏറമ്പടത്തിൽ

1

ആമുഖം

മുട്ടം പഞ്ചായത്ത് 1953 ഓഗസ്റ്റ് 15-ാം തീയതി നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി.എം. ഫ്രാൻസിസ് (അച്ചായൻ) പൂവത്തുങ്കൽ ആയിരുന്നു. നീണ്ട 26 വർഷം തുടർച്ചയായി രണ്ടു ഘട്ടങ്ങളിലൂടെ അദ്ദേഹം പ്രസിഡൻറായിരുന്നു. തുടർന്ന് പ്രൊഫ. കെ.ജെ. കുര്യൻ പൂവത്തുങ്കൽ, ശ്രീ. കെ.കെ. നാരായണൻ കുന്നേൽ എന്നിവർ പ്രസിഡൻറുമാരായിരുന്നു.

ഇപ്പോൾ നിലവിലുള്ളത് 1994-ലെ 73-ാം ഭരണഘടന ഭേദഗതിയ്ക്കനുസൃതമായി വന്ന, ശ്രീ. രാജേഷ് കെ.യുടെ നേതൃത്വത്തിലുള്ള അഞ്ചാമത് ഭരണസമിതിയാണ്. 1995 സെപ്തംബർ 30- ാം തീയതി അധികാരമേറ്റ ഇന്നത്തെ ഭരണസമിതി വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള ഭരണസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തു ദിനാഘോഷം, ഓണാഘോഷം, കേരളോൽസവം തുടങ്ങിയവ ജനപങ്കാളിത്തത്തോടെ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.


73-ാം ഭരണഘടന ഭേദഗതിയോടെ നിലവിൽ വന്ന പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിൽ 243-ാം വകുപ്പിനനുസൃതമായി ഉരുത്തിരിഞ്ഞ ഗ്രാമസഭകളെന്ന ജനകീയ ഭരണസംവിധാനം അഴിമതി രഹിത പ്രവർത്തനത്തിന് പ്രതിജ്ഞാബദ്ധമാണ്. വെള്ളവും വെളിച്ചവും, വഴികളും, വീടുകളും കൊണ്ട് വികസനരംഗം പൂർണ്ണമാകുമെന്ന ചിന്താഗതി തിരുത്തി മനസ്സിലാക്കി കൊടുക്കുന്നതിന് വിശേഷാൽ ഗ്രാമസഭകൾ മൂലം സാധിച്ചിട്ടുണ്ട്.

ഭരണരംഗത്ത് എല്ലാ ജനങ്ങൾക്കും അഭിപ്രായം പറയുവാനും അവ നടപ്പിലാക്കുന്നതിൽ പങ്കാളിത്തം വഹിക്കുന്നതിനും ഉതകുന്ന പഞ്ചായത്ത് രാജ് സംവിധാനം തികച്ചും പ്രത്യേകതയുൾക്കൊള്ളുന്നു. ആസൂത്രണം എന്നത് സാധാരണക്കാർക്ക് അപ്രാപ്യമെന്നുള്ള രീതിയിൽ, കേന്ദ്ര - സംസ്ഥാന ഭരണതലങ്ങളിൽ നിന്നുള്ള തീരുമാനങ്ങളും, നിർദ്ദേശങ്ങളും നടപ്പിലാക്കുന്ന ഏജൻസിയായി മാത്രം പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് മാറ്റത്തിന് വിധേയമായിരിക്കുന്നു.

ഒൻപതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന് ജനങ്ങൾക്ക് അധികാരവും, നേതൃത്വവും നൽകിയതിലൂടെ ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പായി. തൊടുപുഴയിൽ നടന്ന ജില്ലാതല ജനകീയാസൂത്രണ ശിൽപശാലയിൽ ഈ പഞ്ചായത്തിൽ നിന്നും 16 പേരും സെപ്തംബർ 23-ന് മുട്ടം സർവ്വീസ് സഹകരണ ബാങ്ക് ആഡിറ്റോറിയത്തിൽ ചേർന്ന പഞ്ചായത്തുതല ശിൽപശാലയിൽ 95 പേരും പരിശീലനം നേടി.


ഈ ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിലും വിശേഷാൽ ഗ്രാമസഭ വിളിച്ചുകൂട്ടി. ജനാഭിലാഷങ്ങളും, ആവശ്യങ്ങളും ശേഖരിച്ചു. പഞ്ചായത്തുതല സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് സെപ്തംബർ 27-ന് നടത്തിയ അർദ്ധദിന പരിശീലനത്തിൽ 35 പേർക്ക് പരിശീലനം നൽകിയതിനെ തുടർന്ന് ഒക്ടോബർ അവസാനത്തോടെ 4 ദിവസങ്ങളിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടത്തിയ രണ്ടാംഘട്ട പരിശീലന കളരിയിൽ 16 പേർ പങ്കെടുത്തു. പഞ്ചായത്തു തലത്തിൽ നവംബർ 10-ാം തീയതി രണ്ടാംഘട്ട പരിശീലനം നൽകി. അതിനു ശേഷം ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണവും പഞ്ചായത്തുതല പഠന പര്യടനവും നടത്തി. പഠന പര്യടനത്തിന് ശ്രീ. ജയിംസ് സെബാസ്റ്റ്യൻ പാമ്പാറ നേതൃത്വം നൽകി. തുടർന്ന് വികസന സെമിനാറിൽ ചർച്ച ചെയ്യുവാനുള്ള പഞ്ചായത്ത് തല സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുള്ള ശ്രമമായിരുന്നു.

പഞ്ചായത്ത് വികസന രേഖ തയ്യാറാക്കിയത് പൂർണ്ണമായിട്ടുണ്ട് എന്ന് അവകാശപ്പെടുന്നില്ല. കാരണം, ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ 1996-ാം വർഷത്തേത് ആയിരുന്നില്ല. രേഖ തയ്യാറാക്കാൻ 1991-ലെ സെൻസസും, മറ്റ് അപൂർണ്ണ രേഖകളും, സർവ്വേകളുമാണ് ആധാരമാക്കിയിട്ടുള്ളത്. പൂർണ്ണമായ വികസന റിപ്പോർട്ട് തയ്യാറാക്കണമെങ്കിൽ പ്രൈമറി ഡേറ്റാ ശേഖരണം അനിവാര്യമാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ പഞ്ചായത്തുതല വികസന രേഖ തയ്യാറാക്കുന്നതിൽ വളരെയധികം പേർ സഹകരിക്കുകയും, കഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അവരെയെല്ലാം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങളിലും മുഴുവൻ പങ്കാളികളാകുവാൻ എല്ലാവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്തുകൊണ്ട് മുട്ടം ഗ്രാമ പഞ്ചായത്തിന്റെ ഈ വികസന രേഖ നിങ്ങളുടെ സമക്ഷം അംഗീകാരത്തിനായി സമർപ്പിക്കുന്നു.



2
മുട്ടം ഗ്രാമപഞ്ചായത്ത് പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്		– മുട്ടം ഗ്രാമപഞ്ചായത്ത്
2. ബ്ലോക്ക് പഞ്ചായത്ത്		– തൊടുപുഴ
3. ജില്ലാ പഞ്ചായത്ത്		– ഇടുക്കി
4. താലൂക്ക്		– തൊടുപുഴ
5. അസംബ്ളി മണ്ഡലം		– തൊടുപുഴ
6. വിസ്തീർണ്ണം		– 25.44 ചതുരശ്ര കി.മീറ്റർ
7. അതിരുകൾ	തെക്ക്	– കടനാട്, മേലുകാവ് പഞ്ചായത്തുകൾ
	വടക്ക്	– കാരിക്കോട്, ആലക്കോട് വില്ലേജുകൾ
	കിഴക്ക്	– കുടയത്തൂർ പഞ്ചായത്ത്
	പടിഞ്ഞാറ്	– കരിങ്കുന്നം പഞ്ചായത്ത്
8. ജനസംഖ്യ		– 10228 (1991 ലെ സെൻസസ്)
	പുരുഷൻമാർ	– 5083
	സ്ത്രീകൾ	– 5145
	ജനസാന്ദ്രത	– 402 (Sq. Km.)
9. വാർഡുകൾ		– എട്ട്
10. ജില്ലാ പഞ്ചായത്ത് മെമ്പർ		– ശ്രീമതി ഷീലാ സ്റ്റീഫൻ
11. ബ്ലോക്ക് സമിതിയംഗങ്ങൾ		– കെ.പി.ഗോപാലൻ കട്ടിലുംപാറ (പഴയമറ്റം ഡിവിഷൻ) – എ.ഒ.ചാക്കോ ഏറമ്പടത്ത് (മുട്ടം ഡിവിഷൻ)
12. പ്രസിഡൻറിന്റെ പേര്		– രാജേഷ് .കെ. കണ്ണാശ്ശേരിൽ
13. വൈസ് പ്രസിഡൻറിന്റെ പേര്		– പ്രൊഫ.സി.സി.ജേക്കബ് ചുവന്നപ്ലാക്കൽ
14. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ		– ഷേർലി അഗസ്റ്റ്യൻ കള്ളിക്കാട്ട്
15. ഭരണസമിതിയംഗങ്ങൾ		– പി.എം.പുഷ്പരാജൻ പൈതയ്ക്കൽ – ഔസേപ്പച്ചൻ ചാരക്കുന്നത്ത് – എസ്തപ്പാൻ പ്ലാക്കൂട്ടം – ഷേർലി ബേബി വളവനാട്ട് – കുട്ടിയമ്മ മൈക്കിൾ പൂവത്തുങ്കൽ



3

സാമൂഹിക സാംസ്കാരിക ചരിത്രം

മുട്ടം പഞ്ചായത്തിന്റെ ചരിത്രം

തൊടുപുഴ താലൂക്കിന്റെ തെക്കു പടിഞ്ഞാറെ കോണിൽ സ്ഥിതി ചെയ്യുന്നതും വിസ്തൃതി കുറഞ്ഞതുമായ പഞ്ചായത്താണ് മുട്ടം. വിസ്തീർണ്ണം 25.44 ച. കിലോ മീറ്ററാണ്. 1953-ൽ പഞ്ചായത്തുകൾ നിലവിൽ വന്നപ്പോൾ നിലവിലുള്ള ഇടവെട്ടി പഞ്ചായത്തിന്റെ രണ്ടു വാർഡുകളും കരിങ്കുന്നം പഞ്ചായത്തിന്റെ ഒരു വാർഡും കൂടി ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ഏതാണ്ട് നൂറ്റി ഇരുപത് വർഷങ്ങൾക്കപ്പുറം കാട്ടാന, കടുവ, പുലി തുടങ്ങിയ എല്ലാ വന്യമൃഗങ്ങളുടേയും വാസസ്ഥലമായിരുന്ന ഈ വനപ്രദേശത്ത് ചുരുക്കംചില കുടുംബക്കാർ കുടിയേറി കാടിനോടും, മണ്ണിനോടും വന്യമൃഗങ്ങളോടും മലമ്പനിയോടും പോരാടി കാടും വനവും ഇന്നത്തെ രീതിയിലുള്ള നാടും നഗരവുമാക്കി മാറ്റിയതിന്റെ ചരിത്ര പശ്ചാത്തലം എന്തായിരുന്നു എന്ന് പരിശോധിക്കാം.

മുട്ടം പഞ്ചായത്ത് ഉൾപ്പെട്ട പ്രദേശങ്ങളിൽ പരപ്പാൻ തോടിനു വടക്കു മുതൽ കാളിയാർ വരെ വടക്കുംകൂർ രാജാവിന്റെയും പരപ്പാൻ തോടു മുതൽ അന്തീനാട്ടു വരെ കടനാട്ടിൽ തമ്പുരാന്റെയും അധീനതയിലായിരുന്നു. വടക്കുംമന തമ്പുരാൻ, കിടങ്ങൂർ ദേവസ്വം, കരിങ്ങനം പള്ളി സ്വരൂപം, കിഴക്കു ഭാഗത്ത് നമ്പൂതിരി, കാടമറുക് നമ്പൂതിരി എന്നിവർക്ക് വടക്കുംകൂർ രാജാവ് കരം ഒഴിവാക്കി ഭൂമി നൽകുകയുണ്ടായി. എന്നാൽ കാടമറുക് നമ്പൂതിരിയുടെ സ്ഥലം ഒഴികെ മറ്റുള്ളവരുടെ സ്ഥലങ്ങൾ കാലക്രമേണ രാജാവ് തിരികെ എടുക്കുകയും അത് ചില ഇടപ്രഭുക്കന്മാരെ ഏൽപ്പിക്കുകയും ചെയ്തു. അവരിൽ ചിലരാണ് തടിക്കാട്ടുകുടി കൈമൾ, ഓലിയത്തിൽ കൈമൾ, കൊരട്ടി നായർ തുടങ്ങിയവർ. അറക്കുളം ശാസ്താ ക്ഷേത്രത്തിനു സമീപം താമസിച്ചിരുന്ന ഓലിയത്തിൽ കൈമൾ ശങ്കരപ്പള്ളിയിൽ വന്ന് താമസിക്കുകയും ചങ്ങനാട്ടുകാവ് (ചക്കളത്തുകാവ്) ഭഗവതിക്ഷേത്രം പണിയിക്കുകയും ചെയ്തു.

മുട്ടത്തുള്ള കാടമറുക് നമ്പൂതിരി ഏതാണ്ട് 420 വർഷം മുമ്പ് പുത്തൻകുരിശിൽ നിന്നും വന്നു എന്നാണ് പറയുന്നത്. മുട്ടം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം ഇവർ പണിയിച്ചതാണ്. വടക്കുംകൂർ രാജാവുമായുള്ള അടുപ്പം മൂലം ഈ കുടുംബത്തിന് പല അധികാരങ്ങളും അവകാശങ്ങളും കൽപ്പിച്ച് നൽകിയിരുന്നു. മുട്ടത്തെ ഏറ്റവും പുരാതനമായ കെട്ടിടമായിരുന്നു നമ്പൂതിരിയുടെ നാലുകെട്ടും നടുമുറ്റവുമുള്ള ഇല്ലം. നമ്പൂതിരിയുടെ കൈവശഭൂമിയുടെ അതിർത്തി വടക്ക് മലങ്കര തോട്ടവും (തൊടുപുഴ നദി) തെക്ക് കുടക്കല്ലും തോണിക്കല്ലും, കിഴക്ക് കൊല്ലംകുന്നും ശങ്കരപ്പിള്ളിയും, പടിഞ്ഞാറ് ഇല്ലിചാരിയും ആയിരുന്നു.

ഈ സ്ഥലത്തിൽ ഭൂരിഭാഗവും നമ്പൂതിരി വെറും പാട്ടം, പാട്ടം, കാണം, മിച്ചവാരം എന്നീ വ്യവസ്ഥയിൽ കുടിയാൻമാർക്ക് ദേഹണ്ഡത്തിന് കൊടുത്തു.

മുട്ടം പ്രദേശത്തെ ആദ്യകുടിയേറ്റക്കാരിൽ ചിലരാണ് കൂനമ്മാക്കൽ, മണ്ണാറമറ്റം, മഠത്തിൽപറമ്പിൽ, മിറ്റത്താനി, മണ്ണാറമറ്റം പെരുമന (മാത്തപ്പാറ), കൊരട്ടി, ഏറമ്പടത്തിൽ, വരിക്കമാക്കൽ, തൊഴുത്തുംവയലിൽ, ചന്ദ്രൻകുന്നേൽ, കാവളക്കാട്ട്, കിഴക്കേക്കര (കുറ്റിക്കാട്ടിൽ), പാമ്പാറ, ചിറയ്ക്കൽ തുടങ്ങിയവർ.

1936-ൽ മലങ്കര തോട്ടം ഉടമയുടെ വകയായി ഒരു പ്രൈവറ്റ് പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 10 വർഷം പ്രവർത്തിച്ച ശേഷം ഈ സ്കൂൾ നാമാവശേഷമായി. 1939-ൽ കാടമറുക് മനയ്ക്കലെ ഗോവിന്ദൻ നമ്പൂതിരിയുടെ മാനേജ്മെന്റിൽ മുട്ടത്ത് ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. ഈ സ്കൂളിന്റെ ഹെഡ്മാസ്റ്റർ കോട്ടയ്ക്കകം കെ.പി. ശാസ്ത്രി ആയിരുന്നു. ഈ സ്കൂളും 10 വർഷ

ത്തിനു ശേഷം പ്രവർത്തനരഹിതമായി. 1952-ൽ ഈ സ്കൂൾ ഗവൺമെൻറിലേക്ക് സറണ്ടർ ചെയ്തു. 1962-ൽ L.P. സ്കൂൾ U.P. സ്കൂളായി ഉയർത്തുകയും 1980-ൽ ഹൈസ്കൂളായി പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

1910-ൽ മലങ്കര എസ്റ്റേറ്റ് വക സ്ഥലം കോട്ടയത്തു നിന്നും വന്ന മാർത്തോമ്മ സഭക്കാർ കാടമറുക് നമ്പൂതിരിയോട് വാങ്ങിച്ചു. ജോൺ എന്നയാളാണ് വനംവെട്ടി ഇവിടെ റബ്ബർ കൃഷി ചെയ്തത്. എസ്റ്റേറ്റിൻെറ ആദ്യത്തെ സൂപ്രണ്ട് ദാവിദ് എന്ന ആളായിരുന്നു. അദ്ദേഹത്തിൻെറ പിൻഗാമി ജോൺ നായാട്ടിൽ വല്യ കമ്പമുള്ള ആളായിരുന്നു. അദ്ദേഹത്തിൻെറ മുഖ്യ വഴികാട്ടി കൊലുമ്പൻ എന്ന ഊരാളിയായിരുന്നു. ഇടുക്കിയിൽ കുറവൻ, കുറത്തി മലകളും അവയുടെ താഴ്വരകളിൽ കൂടി ഒഴുകുന്ന പെരിയാറും കണ്ട അദ്ദേഹം മലകളെ തമ്മിൽ അണകെട്ടിയോജിപ്പിച്ചാൽ വെള്ളം തടഞ്ഞു നിർത്തി വൈദ്യുതി ഉണ്ടാക്കാമെന്ന് മനസ്സിലാക്കി. അദ്ദേഹത്തിൻെറ ഡയറിക്കുറിപ്പുകളാണ് ഇന്നത്തെ ഇടുക്കി പദ്ധതിക്കു കാരണം.

മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാപ്പിള, മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത, മാനേജർ പി. ജോൺ എന്നിവർ ചേർന്നാണ് ഈ എസ്റ്റേറ്റിന് മലങ്കര എന്നു പേരിട്ടത്.

എസ്റ്റേറ്റുകാർ 1913-ൽ തൊടുപുഴ നിന്നും മലങ്കര വരെയും 1924-ൽ മലങ്കര മുതൽ മുട്ടം വരെയും 1925-ൽ മുട്ടം മുതൽ കാഞ്ഞാർ വരെയും റോഡു വെട്ടിത്തുറന്നു. 1927-ൽ മുട്ടം വഴി ബസ്സുകൾ ഓടുവാൻ തുടങ്ങി. തൊഴുത്തുംവയലിൽകാരുടേതായിരുന്നു ആദ്യത്തെ ബസ് എന്നു പറയപ്പെടുന്നു.

കടനാട്ടിൽ തമ്പുരാൻെറ മന്ത്രിയായിരുന്ന ചാലപ്പാട്ട് കൈമൾ തുടങ്ങനാട്ടിൽ കോട്ടയ്ക്കകം എന്ന സ്ഥലത്ത് കൊട്ടാരം പണിത് താമസിച്ചിരുന്നു. ഈ പ്രദേശം കോട്ടയ്ക്കകം എന്നറിയപ്പെടുന്നു.

1882-ൽ കടനാട്ടിൽ നിന്നും പൂവത്തുങ്കൽ തൊമ്മനും കാരിശേരിൽ കുര്യനും പന്നിക്കുന്നുവഴി കോട്ടയ്ക്കകത്തു വന്ന് ചാലപ്പാട്ട് കൈമളെ കണ്ട് പന്നികുന്നും പുള്ളോലിമലയും വെട്ടി കൃഷി ചെയ്യുവാൻ കിട്ടിയാൽ കൊള്ളാമെന്ന് അറിയിച്ചു. ഈ പ്രദേശം കാരിമുക്ക് ഇല്ലത്ത് നമ്പൂതിരിയുടെ വകയാണെന്ന് കൈമൾ പറഞ്ഞതനുസരിച്ച് വടവുകോട്ട് താമസിച്ചിരുന്ന നമ്പൂതിരിയെ കണ്ട് കരിമ്പന ഓലയിൽ ആധാരമെഴുതി തിരുമേനിയിൽ നിന്നും ഈ പ്രദേശങ്ങൾ വാങ്ങിച്ചു. പൂവത്തുങ്കൽ തൊമ്മൻ പന്നികുന്നും കാരിശ്ശേരിൽ കുര്യൻ പുള്ളോലിമലയും ഭാഗിച്ചെടുത്തു. 1080-ൽ പൂവത്തുങ്കൽ തൊമ്മൻെറ മകൻ മത്തായി പിതാവിനു പകരം കോട്ടയ്ക്കകം പാടത്തിനു ചേർന്ന ഒരു വലിയ "മരുതി' മരത്തിൽ ഒരു ഏറുമാടം ഉണ്ടാക്കി താമസം തുടങ്ങി.

പന്നികുന്നിൽ "നനയാംപടി" കല്ലിനു കീഴിലും പൂവത്തുങ്കൽ മത്തായി താമസിച്ചിട്ടുണ്ട്. ഈ കല്ലിനടിയിൽ മഴ നനയാതെ പത്തിരുപതു പേർക്ക് ഇരിക്കുവാനും കിടക്കുവാനും സൗകര്യമുണ്ടായിരുന്നതിനാലാണ് ഈ കല്ലിന് നനയാംപടി കല്ല് എന്നു പേരു കിട്ടിയത്.

മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ സർവ്വേക്കാരിൽ നിന്നും പന്നികുന്നു മുതൽ പഴയമറ്റം വരെ പൂവത്തിങ്കൽ മത്തായി പതിപ്പിച്ചെടുത്തു. അറയ്ക്കൽ പിള്ള പെരുങ്കുന്നും, കൊട്ടാരത്തിൽ നായൻമാർ കോച്ചേരിയും, കാവുകാട്ട് നായൻമാർ പുറവിളയും, തൈപ്പറമ്പ് മാത്തപ്പാറ കൈമളും പരപ്പാംതോടിനു കിഴക്കുവശം കാക്കൊമ്പ് ഉൾപ്പെടെ പച്ചിലാംകുന്ന് വരെയുള്ള സ്ഥലം പൂവത്തുങ്കൽ മത്തായിയും കൊല്ലംകുന്ന് മുതൽ മലങ്കര വരെ തൊടുപുഴ ആറിൻെറ പടിഞ്ഞാറ് ഭാഗം മുട്ടം ഉൾപ്പെടെ കാടമറുക് നമ്പൂതിരിയും പതിപ്പിച്ചെടുത്തു.

കാക്കൊമ്പിൽ ഇഞ്ചനാൽ മത്തായി ആദ്യമായി കുടിയേറി. അതിനു ശേഷം ഈ പ്രദേശത്ത് കുടിയേറിയവരാണ് തറയിൽ, കല്ലിടുക്കിൽ, മുറിയിൽ, പുഴക്കര തുടങ്ങിയ കുടുംബക്കാർ.

കടനാട്, രാമപുരം, മരങ്ങാട്ട്, പിഴക്, കലൂർ, കുടക്കച്ചിറ, പാലാ, കുറവിലിങ്ങാട് എന്നീ പ്രദേശത്തു നിന്നും പൂവുത്തുങ്കൽ മത്തായി ആളുകളെ കൊണ്ടുവന്നു. അങ്ങനെ ദേഹണ്ഡത്തിനു വന്നവരാണ് എരപ്പൂഴിക്കര, മറ്റത്തിലാനി, പനച്ചിനാനി, പീടിയേക്കൽപാറ, പുറവക്കാട്ട്, ഒരപ്പാനി, തെരുവംകുന്നേൽ, കടുകൻമാക്കൽ (കൊട്ടാരത്തറ), കണ്ണംകുളം, വിച്ചാട്ട്, കാടൻകാവിൽ, കാവളക്കാട്ട്, വെള്ളിമൂഴ, മുഞ്ഞനാട്ട് തുടങ്ങിയ കുടുംബങ്ങൾ.

1885-ൽ കുറുമണ്ണ് പള്ളിയുടെ വികാരിയായിരുന്ന ബഹു: മണക്കാട് ജയിംസ് അച്ചൻ കടനാട്ടിൽ ചെന്ന് പൂവത്തിങ്കൽ മത്തായിയെ കണ്ട് തുടങ്ങനാട്ടിൽ കുറെ സ്ഥലം വാങ്ങുവാൻ ആലോചിച്ചു. ചാലംകോട്ട് നമ്പൂതിരി വക തുടങ്ങനാട്ട് പള്ളിയും പരിസരപ്രദേശവും ഉൾപ്പെട്ട 30 ഏക്കർ സ്ഥലം അദ്ദേഹം വാങ്ങിക്കുകയും മരപ്പാറ എന്ന സ്ഥലത്ത് ഒരു ഇല്ലിത്തുരുവിൽ ഏറുമാടം ഉണ്ടാക്കി താമസം തുടങ്ങുകയും ചെയ്തു.

പാലായിൽ നിന്നും പിന്നീട് കുടിയേറിയ കുടുംബങ്ങളാണ് കിഴക്കേക്കര, കല്ലറക്കൽ, വരിക്കമാക്കൽ എന്നീ കുടുംബങ്ങൾ. ചാലപ്പാട്ട് കൈമളുടെ 150 ഏക്കർ സ്ഥലം ഇവർ വിലക്കു വാങ്ങി. ഇവർക്കു ശേഷം കുടിയേറിയവരാണ് കരിംതുരുത്തേൽ, പെരുമ്പുഴ പകുതിയിൽ, കുമ്പളാംങ്കൽ, തറയിൽ, ആരനോലിക്കൽ, കുമ്മിണിയിൽ, തെക്കെപ്പറമ്പിൽ തുടങ്ങിയവർ. ഈ സ്ഥലത്തിന് മുതിരപ്പാറ എന്നു പേരു കിട്ടുവാൻ കാരണം ഇവിടെയുള്ള പാറയിൽ കുടിയേറ്റക്കാർ ധാരാളം "മുതിര" ഉണങ്ങിയിരുന്നതിനാൽ ആണെന്ന് പറയുന്നു.

തുടങ്ങനാട്ടിൽ മണക്കാട്ടച്ചനും പൂവത്തുങ്കൽ തൊമ്മനും മറ്റു കുടിയേറ്റക്കാരും കാടുവെട്ടി കൃഷിപ്പണികൾ തുടങ്ങി. കാട്ടാനകളുടെയും മറ്റു വന്യമൃഗങ്ങളുടെയും ഉപദ്രവങ്ങളിൽ നിന്നും കൃഷി നശീകരണത്തിൽ നിന്നും രക്ഷപെടുവാൻ കതിനാവെടി, പടക്കം, വാണം തുടങ്ങിയ കരിമരുന്നുകൊണ്ടുള്ള പ്രതിരോധമാർഗ്ഗങ്ങളാണ് അന്നുണ്ടായിരുന്നത്.

വിശ്രമമില്ലാതെ ഉൽസാഹപൂർവ്വം പണി ചെയ്ത് കർഷകർ നെല്ലും കപ്പയും മറ്റു കൂറുംപൂപ്പ് കൃഷികളും നടത്തിയിരുന്നു. കുടിയേറ്റക്കാരെ ഏറ്റവും ഭയപ്പെടുത്തിയത് മലമ്പനി എന്ന മാരകരോഗമാണ്. തുടങ്ങനാട് മലമ്പനിയുടെ കേന്ദ്രമായിരുന്നു. അന്നു മരുന്നു വാങ്ങാൻ തൊടുപുഴയിലുള്ള ഗവ. ഡിസ്പെൻസറി മാത്രമാണ് ഉണ്ടായിരുന്നത്. കാട്ടുമൃഗങ്ങളുടേയും കൊള്ളക്കാരുടേയും ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ അഞ്ചും ആറും പേർ ഒന്നിച്ചു മാത്രമേ യാത്ര ചെയ്തിരുന്നുള്ളൂ. ഈ കാരണത്താൽ വീട്ടിലും അയൽപക്കത്തുമുള്ള നാലഞ്ചുപേരുടെ പേരിൽ രണ്ടും മൂന്നും കുപ്പി നിറയെ മരുന്നും കൊയിനാ ഗുളികയും വാങ്ങിക്കൊണ്ട് വന്ന് കഴിക്കുകയാണ് ചെയ്തിരുന്നത്.

പന്നിക്കുന്നിൽ നനയാംപടി കല്ലിനടിയിൽ ചുവന്നപ്ലാക്കൽ മൂപ്പൻ എന്ന അരയൻ താമസിച്ചിരുന്നു. നായാട്ടിൽ നിന്നു കിട്ടുന്ന മാംസവും കിഴങ്ങുകളും തേനും ആയിരുന്നു ഭക്ഷണം. ഉരുക്കു കമ്പി കല്ലിൽ ഉരച്ച് പഞ്ഞിയിൽ തീ വീഴ്ത്തുകയും വീണ്ടും പുല്ലിൽ കത്തിച്ചുമാണ് തീകത്തിച്ചിരുന്നത്. മരോട്ടിക്കുരു, ഓടത്തിൻകായ ഇവ ഉണക്കിച്ചതച്ച് പിഴിഞ്ഞെടുക്കുന്ന എണ്ണയിൽ തിരിയിട്ടാണ് വെളിച്ചം കണ്ടിരുന്നത്.

കടനാട്ടിൽ തമ്പുരാന്റെ പട്ടാളക്കാരായിരുന്ന മലമ്പ്രദേശത്തുള്ള ആദിവാസികളെ അടിയാൻമാർ എന്നറിയപ്പെട്ടു. ഇവർ താമസിച്ചിരുന്ന സ്ഥലത്തിന് "അടിയന്താനം" എന്നു പേരിട്ടു. മുട്ടം തയ്യിൽക്കാവ് ഭഗവതി ക്ഷേത്രം ചാലപ്പാട്ട് കൈമളുടെ ഉടമസ്ഥതയിലായിരുന്നു. കാടമറുക് മനയ്ക്കലെ കാരണവരായ പാച്ചു നമ്പൂതിരിയുടെ കാലത്ത് ഈ അമ്പലം മനയുടെ വകയായി. വടക്കുംകൂർ രാജാക്കൻമാർക്ക് എഴുന്നെള്ളി താമസിക്കുവാനുള്ള "തയ്യിലിട" (ചെറിയ കൊട്ടാരം) ഈ ക്ഷേത്രത്തിന്റെ തൊട്ടടുത്തുണ്ടായിരുന്നു.. ക്ഷേത്രത്തിനടുത്ത് തയ്യിലിടം ഉണ്ടായിരുന്നതു കൊണ്ടാകാം ഈ ക്ഷേത്രത്തിന് തയ്യിൽക്കാവ് എന്ന് പേരുണ്ടായത്.

ചാലപ്പാട്ട് കൈമൾ മന്ത്രിയായിരുന്ന കാലത്ത് നായർ കുടുംബത്തിൽ ഒരാൺകുട്ടി ജനിച്ചു. പത്തടി ഉയരത്തിൽ വളർന്ന കുട്ടിയ "കുഞ്ഞി" എന്നാണ് വിളിച്ചിരുന്നത്. ഇയാൾ കാലക്രമേണ സ്ത്രീകളോട് ശല്യം തുടങ്ങി. ശല്യം സഹിക്കവയ്യാതായപ്പോൾ മന്ത്രി ഇയാളെ വെടിവച്ച് കൊല്ലുവാൻ തീരുമാനിച്ചു. പക്ഷേ വെടിവച്ചപ്പോൾ ഇയാളുടെ ദേഹത്ത് "കരു" കയറുകയില്ല. ചെമ്പുതകിടു ജപിച്ച് ഇയാളുടെ തുടയ്ക്കുള്ളിൽ സ്ഥാപിച്ചിരുന്നതാണ് ഇയാൾക്ക് വെടി ഏൽക്കാതിരിക്കാൻ കാരണം. ക്ഷുദ്രപ്രയോഗം ചെയ്യുന്ന ഒരു അരയനെ വരുത്തി വിവരങ്ങൾ പറഞ്ഞ് കുഞ്ഞി രാത്രിയിൽ സഞ്ചരിക്കുന്ന വഴിയിൽ മൂന്നു കല്ലുകൾ വച്ച് അതിൽ കയറി നിന്ന് സ്വർണ്ണം കൊണ്ടുള്ള കരു തോക്കിലിട്ട് വെടിവച്ചു. വെടികൊണ്ട കുഞ്ഞി ഓടി എരപ്പാൻ കുഴിയുടെ കരയിൽ ചെന്നിരുന്നു. അപ്പോൾ അതുവഴി വന്ന നമ്പീരാത്ത് കാരണവരോട് കുഞ്ഞി അയാളുടെ തുടയിൽ നിക്ഷേപിച്ചിരുന്ന തകിട് കീറി എടുക്കുവാൻ പറഞ്ഞു. തകിട് എടുക്കാതെ അയാൾ മരിക്കുകയില്ലായിരുന്നു. കാരണവർ തുട കീറി തകിട് പുറത്തെടുത്തു. അലറിക്കൊണ്ട് കുഞ്ഞി എരപ്പാംകുഴിയിലെ കയത്തിൽ ആത്മഹത്യ ചെയ്തു. അതിനു ശേഷം ഈ കയത്തിൽ പലരും മുങ്ങിമരിച്ചിട്ടുണ്ട്. എരപ്പാംകുഴി കുഞ്ഞി അവരെ കയത്തിൽ താഴ്ത്തി കൊന്നതാണെന്നും പറഞ്ഞു പോരുന്നു.

നായർ വീടുകളിൽ വീണ്ടും ശല്യം തുടങ്ങി. രാത്രിയിൽ സ്ത്രീകൾക്ക് പുറത്തിറങ്ങാൻ വയ്യ. ഒരു ദിവസം രാത്രിയിൽ ഒരു സ്ത്രീ ഭർത്താവുമായി മൂത്രമൊഴിക്കാൻ മുറ്റത്തിറങ്ങി. പക്ഷേ അവരെ പിന്നീട് കണ്ടില്ല. ഭർത്താവ് പരിസരത്തെല്ലാം അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല. മന്ത്രിയെ വിവരം അറിയിച്ചു. മന്ത്രി പട്ടാളക്കാരായ അരയൻമാരെ വരുത്തി തെരച്ചിൽ നടത്തി. കണ്ടുകിട്ടിയില്ല. അവസാനം കന്യാമലയിലുള്ള ഒരു അള്ളിനകത്ത് കാഞ്ഞിരപ്പഴം അമ്മാനമാടിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയെ കണ്ടു. അന്വേഷിച്ചു ചെന്നവർ സ്ത്രീയെ വിളിച്ചിട്ട് യാതൊന്നും സംസാരിക്കുന്നില്ല. കൂട്ടിക്കൊണ്ടു പോകാൻ സ്ത്രീയുടെ കൈയിൽ പിടിച്ചപ്പോൾ അവർ താഴെ വീണു മരിക്കുകയുണ്ടായി. ഇങ്ങനെയുള്ള സംഭവങ്ങൾ ചാലപ്പാട്ട് കൈമളെയും തുടങ്ങനാട്ടിൽ താമസിച്ചിരുന്ന മറ്റ് നായർ കുടുംബങ്ങളെയും ഭയപ്പെടുത്തുകയും അവർ തുടങ്ങനാട്ടിൽ നിന്ന് മുട്ടത്തേക്ക് താമസം മാറുകയും ചെയ്തിരുന്നു. കോട്ടയ്ക്കകം ചാലപ്പാട്ട് കൈമളിനോട് പൂവത്തുങ്കൽ മത്തായി വിലയ്ക്കു വാങ്ങി. മത്തായിയുടെ മകൻ ജോസഫ് അവിടെ താമസം തുടങ്ങി.

1900-ാം ആണ്ടിൽ തുടങ്ങനാട്ടിൽ ഒരു ചെറിയ ദേവാലയം പണിതു. ഇക്കൊല്ലം തന്നെ കോട്ടയ്ക്കകത്ത് ഒരു പുതിയ വീട് 29 കോൽ ചുറ്റളവിൽ പണി തീർത്തു. ആദ്യത്തെ ഓടിട്ട വീട്. കുടിയേറ്റക്കാർ എല്ലാവരും കൂടി പാലായിൽ തലച്ചുമടായിട്ടാണ് ഓട് കൊണ്ടുവന്നത്.

ഈ കാലഘട്ടത്തിൽ കൃഷിപ്പണിക്ക് ആ പ്രദേശത്തുള്ളവർ ഒരുമിച്ച് (മാറ്റാൽപണി) സ്ത്രീകളടക്കം പോയിരുന്നു. വിത്തു കിളയ്ക്കുമ്പോഴും പാടത്തു പണിയുമ്പോഴും തുടികൊട്ടും പാട്ടും ഉണ്ടായിരുന്നു. വൈകിട്ട് പണി കഴിഞ്ഞതിനു ശേഷം സ്ത്രീകളുടെ "മുടിയാട്ടം" ഉണ്ടായിരുന്നു. മുടിയാട്ടം നടത്തിയിരുന്ന സ്ത്രീകൾക്ക് പ്രതിഫലമായി ഒരു ഇടങ്ങഴി നെല്ലു കൊടുത്തിരുന്നു.

പിന്നീട് കൂലിക്കാർ കൂടി പണി ചെയ്യാൻ തുടങ്ങി. പുരുഷൻമാർക്ക് രണ്ടിടങ്ങഴി നെല്ലും ഒരിടങ്ങഴി നെല്ലുമായിരുന്നു കൂലി. ഉൽപ്പന്നങ്ങൾ തലച്ചുമടായി പാലായിൽ കൊണ്ടുപോയി വിറ്റിരുന്നു. തൊടുപുഴയിൽ അന്ന് കച്ചവടമില്ലായിരുന്നു.

1916 – 17 കാലഘട്ടത്തിൽ കാരിക്കോട് നിന്നും മുട്ടം വഴി ഈരാറ്റുപേട്ട വരെ രാജാവ് മൂന്നടിപ്പാത വെട്ടിച്ചു. മുട്ടത്തു നിന്നും കരിങ്കുന്നം വരെ നടപ്പുപാത ഉണ്ടാക്കി.. തുടങ്ങനാട്ട് നിന്നും പന്നികുന്ന് കയറി കല്ലടപ്പുത – കടനാട് നടപ്പുപാത പണിയിച്ചു. ഈ വഴികളിലെല്ലാം ചുമടുതാങ്ങികൾ സ്ഥാപിച്ചു. കൊപ്ര പാലാ വരെ ചുമന്ന് അവിടെ നിന്നും വള്ളത്തിൽ ആലപ്പുഴയിൽ എത്തിച്ചാണ്

വിറ്റിരുന്നത്.

1900-ാം ആണ്ടു കാലത്ത് കുടി ആശാൻമാർ നില ത്തെഴുത്ത് പഠിപ്പിച്ചിരുന്നു. കരിമ്പന ഓലയിൽ നാരായം കൊണ്ട് അക്ഷരം എഴുതിക്കൊടുത്തും അരിച്ചെടുത്ത പുഴി മണലിൽ ചൂണ്ടുവിരൽ കൊണ്ടും എഴുതി ആശാൻകളരി യിൽ ചെന്നാണ് പഠിച്ചിരുന്നത്.

1926-ൽ തുടങ്ങനാട്ടിൽ പ്രൈമറി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആലപ്പുഴയിൽ നിന്നും സി. ഗോപാലകൈമൾ സാറിനെയും അമ്പലപ്പുഴയിൽ നിന്നും കെ.എൻ. ഗോപാലപിള്ള സാറിനെയും കൊണ്ടുവന്ന് ക്ലാസുകൾ തുടങ്ങി.

1929-ൽ മേലുകാവിൽ C.S.I പള്ളിവക മലയാളം മിഡിൽ സ്കൂൾ (7- ാം ക്ലാസ്) തുടങ്ങി. തുടങ്ങനാട്ടു നിന്നും ചില കുട്ടികൾ ഈ സ്കൂളിൽ പഠിക്കാൻ പോയി. കത്തോലിക്കാ കുട്ടികൾക്ക് പഠിക്കാൻ ഫീസ് കൊടുക്ക ണമായിരുന്നു. 7-ാം ക്ലാസ് പാസ്സായാൽ അന്ന് പ്രൈമറി സ്കൂളിൽ പഠിപ്പിക്കുവാനുള്ള യോഗ്യതയായി അംഗീക രിച്ചിരുന്നു. സ്കൂളിൽ പോകുന്ന ആൺകുട്ടികൾ ഒറ്റ മുണ്ടും പെൺകുട്ടികൾ മുണ്ടും ചട്ടയും ഹിന്ദു പെൺകു ട്ടികൾ മുണ്ടും റൗക്കയും ഉപയോഗിച്ചിരുന്നു.

കുടപ്പന ഓല, വാഴയില, ഓലക്കുട ഇവയാണ് മഴ നനയാതെ ചൂടാൻ കുട്ടികൾ ഉപയോഗിച്ചിരുന്നത്. തൊടു പുഴയിൽ ഗവ. മിഡിൽ സ്കൂളും ഹൈസ്കൂളും ഉണ്ടായ പ്പോൾ നടന്നാണ് എല്ലാവരും സ്കൂളിൽ പോയിരുന്നത്.

1930 മുതൽ തുടങ്ങനാട് പള്ളിയിലെ വികാരിയാ യിരുന്ന ഫാ. കുര്യൻ കാരിശ്ശേരിൽ 1931-ൽ തുടങ്ങനാ ട്ടിൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. ഇതിന്റെ പ്രഥമ അദ്ധ്യാപകൻ മൺമറഞ്ഞ ശ്രീ. സി.ഒ. ജോസഫ് (ചൂരപ്പൊയ്കയിൽ) ആയിരുന്നു. മുഞ്ഞനാട്ട് വർഗീ സിന്റെ വീടാണ് ആദ്യ സ്കൂൾ. കാരിശ്ശേരിൽ അച്ചന്റെ കാലത്താണ് മുട്ടം - കരിങ്കുന്നം റോഡും വിച്ചാട്ടുകവല നീലൂർ റോഡും പൊതുജനങ്ങളുടെ സഹകരണത്തോടെ വെട്ടിത്തുറന്നത്. 1949-ൽ തുടങ്ങനാട് മിഡിൽ സ്കൂൾ ഹൈസ്കൂളാക്കി. ആദ്യ ഹെഡ്മാസ്റ്റർ ഫാ. ജോർജ് കുഴി വേലിത്തടം ആയിരുന്നു. ഹൈസ്കൂളുകൾ ഇല്ലാതിരുന്ന തിനാൽ മൂലമറ്റം മുതൽ കരിങ്കുന്നം വരെയും ഇരുമാപ്ര മറ്റം മുതൽ മലങ്കര വരെയുമുള്ള കുട്ടികൾ ഈ സ്കൂളി ലാണ് പഠിച്ചുകൊണ്ടിരുന്നത്. 1952-ൽ പ്രഥമ ബാച്ച് S.S.L.C. പരീക്ഷ എഴുതുകയുണ്ടായി.

തുടങ്ങനാട്ട് മുതൽ കിഴക്കോട്ടുള്ള കുടിയേറ്റ ത്തിന്റെ തുടക്കം തുടങ്ങനാട്ടിൽ ആരംഭിച്ചതിനാലാണ് ഈ പ്രദേശത്തിന് തുടങ്ങനാട് എന്ന് പേരു കിട്ടിയത്.

മുട്ടം പഞ്ചായത്തിന്റെ തെക്കു ഭാഗമാണ് എള്ളും പുറം. ധാരാളം എള്ളു കൃഷി ചെയ്തിരുന്നതിനാൽ എള്ളുംപുറം എന്നു പേരു കിട്ടി എന്നും തൊടുപുഴ താലൂ ക്കിന്റെ അതിർത്തിയിൽ അള്ളുകൾ (ഗുഹ) ഉണ്ടായിരു ന്നതിനാൽ അള്ളിൻപുറം എന്ന പേര് ശ്രദ്ധ കൂടാതെ ഉച്ച രിച്ച് അവസാനം എള്ളുംപുറമായി എന്നും പറഞ്ഞുവ രുന്നു.

തൊടുപുഴ കാരിക്കോട് ഭരിച്ചുകൊണ്ടിരുന്ന കീഴ്മല നാട് രാജാവിന്റെ അധീനതയിൽ ആയിരുന്നു ഈ പ്രദേശം. 1750-ൽ തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡ വർമ്മ ഈ പ്രദേശവും കൂടി തിരുവിതാം കൂറിനോട് ചേർത്തു. എള്ളുംപുറം, മേലുകാവ്, മലമ്പ്രദേ ശങ്ങളിൽ താമസിച്ചിരുന്നത് മല അരയൻമാർ ആയിരുന്നു. 1790- ൽ ടിപ്പു സുൽത്താൻ തിരുവിതാംകൂർ ആക്രമിച്ച പ്പോൾ യുദ്ധത്തെ ഭയന്ന് ഉടുമ്പന്നൂരിനടുത്തുള്ള വേളൂ രിലും പരിസരപ്രദേശങ്ങളിലും നിന്ന് മേലുകാവ്, ഇരുമാപ്ര തുടങ്ങിയ സ്ഥലങ്ങളിലെത്തി.


കാട്ടുമൃഗങ്ങളിൽ നിന്നു രക്ഷപ്പെടുവാൻ ഇവർ ഉയരം കൂടിയ മരങ്ങളിലും പാറപ്പുറത്തും വീടുകളും ഏറു മാടങ്ങളും വച്ച് താമസം തുടങ്ങി. ഇല്ലിയും കാട്ടുകമ്പു കളും ഈറ്റയിലയുംകൊണ്ട് ഈ വീടുകൾ നിർമ്മിച്ചു. എല്ലാ വീടുകളിലും അടുപ്പിനു മുകളിൽ നാലടി ഉയര ത്തിൽ "ചേര്" ഉണ്ടാക്കിയിരുന്നു. തീപ്പെട്ടി, മണ്ണെണ്ണ എന്നി വയെപ്പറ്റി കേട്ടുകേൾവി പോലുമില്ലാത്ത അക്കാലത്ത് വീടു കളിൽ അണപ്പും (Sharpening), കല്ലും (Wheting Stone) ഉണ്ടായിരുന്നു. അണപ്പിൽ വെള്ളാരംകല്ലു കൊണ്ടു മുട്ടി തീപ്പൊരി പഞ്ഞിയിൽ വീഴ്ത്തി തീ കത്തിച്ചിരുന്നു.

കൊല്ലവർഷം 1041 -ാമാണ്ട് പതിവു ഭൂമി അല്ലാത്ത തെല്ലാം തരിശ് ഭൂമിയായി പ്രഖ്യാപിച്ചിരുന്നു. തരിശു ഭൂമി യിൽ താമസിക്കുന്നവർ സർക്കാരിന് അടിമവേല ചെയ്യേ ണ്ടിയിരുന്നു. കറിക്ക് മഞ്ഞൾ അരക്കുവാൻ പോലും അനു വാദമില്ലായിരുന്നു. ഒരു വീടിന് ഒരു മാസത്തേക്ക് നാഴി ഉപ്പു മാത്രമേ ലഭിച്ചിരുന്നുള്ളു. മുട്ടം ഹൈസ്കൂളിനു സമീ പമുള്ള വലിയൊരു മരുതിനു മുകളിൽ ഏറുമാടമുണ്ടാക്കി അതിൽ വച്ച് ഉപ്പ് വിറ്റിരുന്നു. ഇവിടെയുള്ളവർ അവിടെ ചെന്ന് ഉപ്പ് വാങ്ങിയിരുന്നു.

ആദിവാസികളുടെ ഇടയിൽ മരുമക്കത്തായം, മുറ പ്പെണ്ണ്, വിവാഹമോചനം, പുനർ വിവാഹം, മദ്യപാനം, മന്ത്രവാദം, വിഗ്രഹാരാധന തുടങ്ങിയ ആചാരങ്ങൾ നില നിന്നിരുന്നു. 1980-87 കാലഘട്ടത്തിൽ മേലുകാവിൽ നിന്നും സുവിശേഷകർ എള്ളുംപുറത്ത് വരുകയും 15 വീട്ടുകാർ ക്രിസ്തുമതത്തിലേക്ക് സ്നാനപ്പെടുകയും ചെയ്തു. 1889 -ൽ മാട്ടേപ്ലാക്കൽ ദേവസ്യായുടെ പുരയിടത്തിൽ ഒരു ഷെഡുണ്ടാക്കി വി. മത്തിയാസിന്റെ നേതൃത്വത്തിൽ പള്ളി സ്ഥാപിച്ചു.

1895 -ൽ ഒന്നും രണ്ടും ക്ലാസ്സുകളോടുകൂടി ഒരു പ്രൈമറി സ്കൂൾ തുടങ്ങി.

പട്ടികജാതിയിൽപ്പെട്ട 18 കുടുംബക്കാർ കാട്ടാംപാ ക്കിൽനിന്നും കന്യാമലയിൽ വന്നു താമസം തുടങ്ങി. അവർക്കുവേണ്ടി 1928 -ൽ കന്യാമലയിൽ ഒരു പള്ളി പണിതു. 1947 -ൽ 15 കുടുംബക്കാരെ ഉൾപ്പെടുത്തി കുഴി യനാൽ C.S.I. പള്ളി പണിയുകയുണ്ടായി. 1984 -ൽ കാക്കൊമ്പ് സെന്റ് മേരീസ് പള്ളിയും 1988 -ൽ ഇല്ലിചാരി സെന്റ് ജോസഫ്സ് പള്ളിയും സ്ഥാപിച്ചു. □



4

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവങ്ങൾ

ഇടുക്കി ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽ മദ്ധ്യഭാഗത്തായി തൊടുപുഴ താലൂക്കിലാണ് മുട്ടം ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം. N അക്ഷാംശം 10 2"–5" നും E രേഖാംശം 76 6"–8" നും മദ്ധ്യേയാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കിഴക്ക് കുടയത്തൂർ പഞ്ചായത്തിനും, പടിഞ്ഞാറ് കരിങ്കുന്നം പഞ്ചായത്തിനും കോട്ടയം ജില്ല യിൽ കടനാട് പഞ്ചായത്തിനും വടക്ക് മൂവാറ്റുപുഴയാ റിനും, തെക്ക് കോട്ടയം ജില്ലയ്ക്കുമിടയിൽ 2544.26 ഹെക്ട റിൽ ഈ പഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. തൊടുപുഴ പുളിയൻമല സ്റ്റേറ്റ് ഹൈവേ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ജില്ലാ ആസ്ഥാനമായ പൈനാവിലേക്ക് 45 കിലോമീറ്ററും എറണാകുളത്തേക്ക് 70 കി.മീറ്ററും സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തേക്ക് 220 കി.മീ യും റോഡുമാർഗ്ഗം ദൂരമുണ്ട്.

ഭൂപ്രകൃതി

ഉയർന്ന മലമ്പ്രദേശങ്ങളും പാറക്കെട്ടുകളും ചെരിഞ്ഞ കൃഷിയിടങ്ങളും താഴ്വരകളും ഉൾപ്പെടുന്ന താണ് മുട്ടം ഗ്രാമപഞ്ചായത്ത് പ്രദേശം. ഭൂപ്രകൃതിയനു സരിച്ച് മുട്ടം ഗ്രാമപഞ്ചായത്തിനെ അഞ്ച് മേഖലകളായി തിരിക്കാം.

1. ഉയർന്ന മലമ്പ്രദേശം
2. കുത്തനേ ചെരിഞ്ഞ പ്രദേശം
3. ചെരിവ് പ്രദേശം
4. താഴ്വര
5. സമതലം

ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ വേങ്ങ ചാഞ്ഞപാറ, കൊല്ലംകുന്ന് പെരുംകുന്ന് എന്നീപ്രദേശ ങ്ങൾ സമുദ്രനിരപ്പിൽനിന്നും ഏതാണ്ട് 700 അടി ഉയര ത്തിലാണ് . മഠത്തിപ്പാറ, വേങ്ങചാഞ്ഞപാറ, വടക്കുംമേട്, കന്യാമല, കരിക്കനാംപാറ, കണ്ണാടിപ്പാറ തുടങ്ങിയ പ്രദേ ശങ്ങളും പഞ്ചായത്തിലെ ഉയർന്ന മലമ്പ്രദേശങ്ങളുമാണ്. ഈ മലകളിൽനിന്നും എല്ലാ വശങ്ങളിലേക്കും കുത്ത നേയും അല്ലാതെയും ചെരിഞ്ഞ പ്രദേശങ്ങളുമുണ്ട്. അതി നെതുടർന്ന് താഴ്വര പ്രദേശങ്ങളും കാണുന്നു. വ്യത്യസ്ഥ മലകൾക്കിടയിലുള്ള പ്രദേശം സമതലപ്രദേശമായി കണ ക്കാക്കാം. ആകെ ഭൂവിസ്തൃതിയുടെ ഏതാണ്ട് 12 % മാത്രമേ ഇങ്ങനെ സമതലപ്രദേശമായി കണക്കാക്കിയി ട്ടുള്ളു. മുട്ടം ഗ്രാമപഞ്ചായത്ത് ഏതാണ്ട് പൂർണ്ണമായും സമുദ്രനിരപ്പിൽനിന്നും 75 മിറ്ററിലധികം ഉയരമുള്ള ഹൈലാൻറ് വിഭാഗത്തിൽ ആണ് സ്ഥിതിചെയ്യുന്നത്. ചെങ്കല്ലുകലർന്ന (ലാറ്ററൈറ്റ്) മണ്ണാണ് കൂടുതൽ പ്രദേ ശത്തും ഉള്ളത്. മലമ്പ്രപ്രദേശങ്ങളിൽ ആഴംകുറഞ്ഞ എക്കൽ മണ്ണും പാറക്കൂട്ടങ്ങൾക്കിടയിൽ ഫലപൂഷ്ടി യുള്ള കറുത്ത മണ്ണും കാണപ്പെടുന്നു. സമതലപ്രദേശത്ത് ചെളികലർന്ന എക്കൽമണ്ണും ഉണ്ട്.

ജൂൺ മുതൽ ആഗസ്റ്റ് വരെ നീളുന്ന കാലവർഷവും സെപ്തംമ്പർ മുതൽ നവംമ്പർ വരെയുള്ള തുലാവർഷവും കൂടി സാധാരണ വർഷത്തിൽ 3265 മില്ലി മീറ്റർ മഴ നല്കു ന്നുണ്ട് 2/3 മഴയും കാലവർഷം വഴിയാണ് ലഭിക്കുന്നത്. 21 നും 24 നും മദ്ധ്യേ കുറഞ്ഞ താപനിലയും 30 ക്കും 34 ക്കും മദ്ധ്യേ കൂടിയ താപനിലയും ഇവിടെ അനുഭവപ്പെ ടുന്നു.

ജനപ്രകൃതി

1991 –ലെ ജനസംഖ്യാ കണക്കുപ്രകാരം മുട്ടം ഗ്രാമ പഞ്ചായത്തിൽ 10228 ആളുകൾ ഉണ്ട്. അവരിൽ 5083 പേർ പുരുഷന്മാരും 5145 പേർ സ്ത്രീകളുമാണ്. ആകെ താമസസൗകര്യമുള്ള വീടുകൾ 2046 ആണ്. ജനസാന്ദ്രത ച.കി.മീറ്ററിന് 402 ആയിരുന്നു. ആറുവയസ്സിനു താഴെപ്രായമുള്ള കുട്ടികളുടെ എണ്ണം 1185 ആണ്– 569 ആൺകുട്ടികളും 616 പെൺകുട്ടികളും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 915 ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരിൽ 453 പുരുഷന്മാരും 462 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 8620 പേർ സാക്ഷരരാണ്. 4348 പുരുഷന്മാരും 4272 സ്ത്രീകളും സാക്ഷരരായി 1991–ൽ കണക്കാക്കപ്പെട്ടിട്ടുണ്ട്.

ജലവിഭവങ്ങൾ

പ്രതിവർഷം ശരാശരി 2100 മില്ലി മീറ്റർ മഴ കാലവർഷം വഴിയും 1100 മില്ലി മീറ്റർ മഴ തുലാവർഷവും മറ്റ് ഇടമഴകൾ വഴിയും മുട്ടം പ്രദേശത്ത് പെയ്യുന്നുണ്ട്. ജൂൺ–ജൂലൈ മാസങ്ങളിലാണ് ഏറ്റവുമധികം മഴ ലഭിക്കുന്നത്. മാർച്ച്– ഏപ്രിൽ മാസങ്ങളിൽ കടുത്ത വേനൽക്കാലം അനുഭവപ്പെടുന്നു.


പഞ്ചായത്തിൽ വടക്കുകിഴക്കായി വർഷം മുഴുവൻ സമൃദ്ധമായി ഒഴുകുന്ന മൂവാറ്റുപുഴയാറും, വർഷകാലത്ത് മാത്രം ജലം ഉള്ള കുഴിയനാൽതോട്, കരിമ്പാനിതോട്, പരപ്പാൻതോട്, പഴയമറ്റംതോട്, കന്യാമലതോട്, കരിമ്പക്കല്ല്തോട് തുടങ്ങിയവയുമാണ് പ്രധാന ജലസ്രോതസുകൾ.

ജനുവരി – മെയ് മാസങ്ങളിലൊഴികെ കുടിവെള്ളത്തിനായി കിണറുകളേയാണ് ആളുകൾ ആശ്രയിക്കുന്നത്. 5 മാസത്തോളം വറ്റിക്കിടക്കുന്ന ഭൂരിപക്ഷം കിണറുകളുള്ള ഈ പഞ്ചായത്തിനെ, പൊതുവായി ജലദൗർലഭ്യമുള്ള ഒരു പഞ്ചായത്തായി കണക്കാക്കാം. നിർദ്ദിഷ്ട മൂവാറ്റുപുഴ പദ്ധതി അണക്കെട്ടുമായി ബന്ധപ്പെടുത്തി വിപുലമായ ഒരു ജലസേചനപദ്ധതി നടപ്പാക്കുകയാണ് പ്രശ്നത്തിനുള്ള ഏക പരിഹാരം.




4.1

പഠനപര്യടനം




പര്യടനത്തിനിടയിൽ

പഠന പര്യടനം - 1-ാം ഘട്ടം




	Stage 1	Stage 2	Stage 3	Stage 4	Stage 5	Stage 6
സ്ഥാനം	പൂതക്കുഴിതോടു മതൽ അറയാനിപ്പാറ വരെ	അറയാനിപ്പാറമുതൽ ഒറ്റത്തെങ്ങുങ്കൽ കോളനി വരെ	പടവിൽ ഭാഗം മുതൽ ഗവ: ഹൈസ്ക്കൂൾ, ക്ഷേത്രം, പരപ്പാൻതോട് ചന്ദ്രൻകുന്നേൽ, തെങ്ങുംപള്ളി ഭാഗം വരെ	കോളശ്ശേരികുന്ന്	കോളശ്ശേരി ഇറക്കം മുതൽ ഇടപ്പള്ളി സ്കൂൾ വരെ.	പഞ്ചായത്ത് സ്ക്കൂൾ മുതൽ പഴമറ്റം ജംഗ്ക്ഷൻ വരെ
ഭൂപ്രകൃതി	തെക്കുപടിഞ്ഞാറ് ദിശയിൽ കയറ്റം	വടക്കുപടിഞ്ഞാറേക്കു ചെരിവ് കുത്തനേയുള്ള ഇറക്കം	താഴ്ന്ന നിരപ്പായ പ്രദേശം	പടിഞ്ഞാറേയ്ക്ക് ഇറക്കം, താഴ് വര	പടിഞ്ഞാറേയ്ക്ക് ഇറക്കം, താഴ് വര	താഴ്ന്ന നിരപ്പായ പ്രദേശം മട്ടികല്ല് ഉള്ള ചിലപ്രദേശം
മണ്ണ്	ചെമ്മണ്ണ് കലർന്ന മണ്ണ് ചെമ്മണ്ണ് ഫലപുഷ്ടിയുള്ള കറുത്ത മണ്ണ് വലിയ ഉരുളൻ കല്ലുകൾ	ഉരുളൻ കല്ലുകൾ നിറഞ്ഞ ഫഫപുഷ്ടിയുള്ള മണ്ണ്പാളി (അടിയിൽ കട്ടികൂടിയ പാറ)	1. ചെങ്കല്ല് കലർന്നമണ്ണ് 2. വെട്ടുകല്ല് ഉള്ള മണ്ണ് 3. എക്കൽ കലർന്ന ഫലപുഷ്ടിയുള്ള മണ്ണ് 4. മണൽ(വെള്ളാരം കല്ല്) എല്ലാം ഫലപുഷ്ടിയുള്ള സ്ഥലങ്ങൾ	മണ്ണിന് ആഴം കുറവ് പാറകെട്ടുകളും വലിയ ഉരുളൻ കല്ലുകളുമുണ്ട്. സാമാന്യം വളക്കുറവ്	1. വെള്ളാരംകല്ലുകൾ ഉള്ള ചുമപ്പ് മണ്ണ്. 2. ചെളിമണ്ണ് വളക്കുറവ്	കറുപ്പുനിറം കലർന്ന മണ്ണ് ഫലപുഷ്ടിയുള്ള പ്രദേശം നെൽപാടം ഉള്ളഭാഗം ചെളിമണ്ണ്
ജലലഭ്യത	താഴ്ന്ന പ്രദേശത്ത് 8 മാസവും ഉയർന്നപ്രദേശത്ത് 4 മാസവും മാത്രം ജലം ലഭിക്കുന്ന കിണറുകൾ	8 മാസം വരെമാത്രം കിണറുകളിൽ നിന്നും വെള്ളം ലഭിക്കുന്നു.	ധാരാളം ജലലഭ്യത (11 മാസവും)	കിണറുകളിൽ പത്ത് മാസവും ജലം	സാമാന്യം നല്ല ജല ലഭ്യത	ധാരാളം വെള്ളം (12 മാസവും)
വിള	ഏതു കൃഷിക്കും യോജിച്ചത് റബ്ബർ, വാഴ, കുരുമുളക്, കൊക്കൊ, കപ്പ, തെങ്ങ്	80% റബ്ബർ കൃഷി (ശാസ്ത്രീയമായ തോട്ടങ്ങൾ അല്ല)	റബ്ബർകൃഷി വ്യാപകം ശാസ്ത്രീയമായ കൃഷിവ്യാപകം കുടാതെ വാഴ, കുരുമുളക്, കൊക്കൊ, കപ്പ, ഇഞ്ചി ഇതര ഫലവൃക്ഷങ്ങൾ	റബ്ബർ തോട്ടങ്ങൾ കപ്പ, കശുമാവ് തെങ്ങ്	റബ്ബർ കൃഷിപ്രധാനം ഇതരകൃഷികളും നെൽകൃഷിപ്പാടങ്ങൾ	റബ്ബർ, വാഴ, കുരുമുളക്, കൊക്കൊ, കപ്പ, കമുക്, ജാതി മുതലായവ
പരിസ്ഥതി	ശരിയായ കയ്യാലയില്ല മണ്ണ് ഒലിച്ചു പോകുന്നു	Gully Erosion-വ്യാപകം	മുമ്പ് ഇരിപ്പുനിലമായിരുന്ന ധാരളം സ്ഥലങ്ങൾ റബ്ബർകൃഷി ചെയ്യുന്നു.	ജനസാന്ദ്രത വളരെ കുറവ്	മണ്ണൊലിപ്പ്	സ്വാഭവികവനം (ഇല്ലിചാരി)

പഠന പര്യടനം - 2-ാം ഘട്ടം



സ്ഥാനം	കുഴിനാൽ തോട് മുതൽ പള്ളിക്കവല ഭാഗം വരെ	പള്ളിക്കവല മുതൽ അരിങ്കല്ല് ഭാഗം വരെ	അരിങ്കല്ല് ഭാഗം (നടകെട്ടുപാറ) മുതൽ മുതിരപ്പാറ ഭാഗം വരെ	മുതിരപ്പാറ ഭാഗം മുതൽ പാറേപീടികയുടെ താഴ്വാരം വരെ	പാറേപീടിക കയറ്റം + കോച്ചേരിറോട്	കോച്ചേരി റോഡിൽ നിന്നും കട്ടിലുംപാറ ഭാഗം വരെ	മുണ്ടക്കൽ ഭാഗം മുതൽ പാണ്ടൻ കല്ല് ഭാഗം വരെ.
ഭൂപ്രകൃതി	തെക്കുപടിഞ്ഞാറ് ദിശയിൽ കയറ്റം	പടിഞ്ഞാറേക്ക് കുത്തനെ കയറ്റം	തെക്കുപടിഞ്ഞാറ് ദിശയിൽ ഇറക്കം 1. കുത്തനെതൂക്കായ പാറ	താഴ്ന്ന നിരപ്പായ പ്രദേശം	കുത്തനെകയറ്റം	വടക്ക്പടിഞ്ഞാറ് ദിശയിൽ നല്ല ഇറക്കം	(1) സമതലപ്രദേശം, താഴ് വര (2) ചെറിയ കയറ്റം
മണ്ണ്	മണൽ ചേർന്ന മണ്ണ് സാമാന്യം ഫലപൂഷ്ടിയുണ്ട്	ഉരുളൻ കല്ലുകൾ വെട്ടുകല്ല് കലർന്നത് പാറക്കെട്ടുകൾ ഫലപൂഷ്ടിഉള്ളത്	ഉരുളൻ കല്ലിനിടയിൽ നല്ല എക്കൽ മണ്ണ്	ചെളികലർന്ന എക്കൽ മണ്ണ്	ചെമ്മണ്ണ് മട്ടിക്കല്ല് പാറക്കൂട്ടങ്ങൾ	വെട്ടുകല്ല് മണൽ കലർന്ന മണ്ണ്	എക്കൽ കലർന്ന ചുമന്ന മണ്ണ്.
ജലലഭ്യത	സ്വന്തം ആവശ്യത്തിന് 10 മാസത്തോളം വെള്ളം കിട്ടുന്നത്	വീട്ട് ആവശ്യത്തിന് 8മാസം സുലഭം. 4മാസം ദുർലഭം	8 മുതൽ 10 മാസം വെള്ളം സുലഭം	സുലഭമായി ജലം ലഭിക്കുന്നു	കടുത്ത ജല ദൗർലഭ്യം	8-9 മാസം ജലം ലഭിക്കുന്നു.	സുലഭമായി ജലം ലഭിക്കുന്നു.
വിള	പ്രധാന കൃഷി റബ്ബർ തെങ്ങ് ,കപ്പ, കാപ്പി, കുരുമുളക്	റബ്ബർ, തെങ്ങ്, കാപ്പി, കൈക്കോ, കപ്പ	പഴയഇനം കൃഷി. കാപ്പി, റബ്ബർ, പന, വാഴ, തേക്ക്, പ്ലാവ്, പുളി, എല്ലാം ഇടകലർന്നത്.	നെൽകൃഷി ഉണ്ട്. റബ്ബർ പ്രധാന വിള കപ്പ, കുരുമുളക്, തെങ്ങ്, പ്ലാവ്,. റബ്ബർശാസ്ത്രീയമായി കൃഷി.	റബ്ബർ,കാപ്പി, തേക്ക്,തെങ്ങ്, കൊക്കോ.	റബ്ബർപ്രധാനം (ശാസ്ത്രീയം) തെങ്ങ്,വാഴ,	ശാസ്ത്രീയമായി റബ്ബർ കൃഷി. തെങ്ങ്, കപ്പ,
പരിസ്ഥതി		കയ്യാലകൾ ശാസ്ത്രീയമയിട്ടല്ല.			മണ്ണൊലിപ്പ്.		



5

സാമൂഹിക സാമ്പത്തിക മേഖലകൾ

5.1

കൃഷിയും ജലസേചനവും

തൊടുപുഴയാറിനോടു ചേർന്ന് മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന മുട്ടം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കേരളസംസ്ഥാനത്തെ 13 കാർഷികമേഖലകളായി തിരിച്ചിട്ടുള്ളതിൽ ഹൈലാന്റ് എന്ന മേഖലയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നു. ഉയർന്ന മലമ്പ്രദേശങ്ങളും പാറക്കെട്ടുകളും ചെരിഞ്ഞ കൃഷിയിടങ്ങളും, താഴ്വരകളും, അങ്ങിങ്ങായി ഒറ്റപ്പെട്ടു കിടക്കുന്ന ചതുപ്പു നിലങ്ങളും ഉൾക്കൊള്ളുന്നതാണ് ഇവിടുത്തെ ഭൂപ്രദേശം. ഇവിടെ ഒരു വർഷത്തിൽ ലഭിക്കുന്ന ശരാശരി മഴയുടെ അളവ് 3265 മില്ലി മീറ്റർ ആണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ശക്തമായ ചൂട് അനുഭവപ്പെടുന്നു. ഉയർന്ന താപനില 33.5 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 21.5 ഡിഗ്രി സെൽഷ്യസുമാണ്. ഇവിടുത്തെ മുഖ്യമായ കൃഷി ഏതാണ്ട് 75% വരുന്ന റബ്ബർ ആണ്. നെല്ല്, കമുക്, പൈനാപ്പിൾ, കാപ്പി, ഇഞ്ചി, തെങ്ങ്, കൊക്കോ, മരച്ചീനി, വാഴ,ജാതി, മഞ്ഞൾ, കുരുമുളക്, തേക്ക് എന്നിവയും കൃഷി ചെയ്ത് ജനങ്ങൾ ഉപജീവന മാർഗ്ഗം തേടുന്നു. പാടങ്ങളിൽ ഇടവിളയായി പയർ കൃഷിയും ചെറിയ തോതിൽ എള്ള് കൃഷിയും പച്ചക്കറി കൃഷിയും ചെയ്തു വരുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ കൊല്ലം കുന്ന്, പെരുംകുന്ന് എന്നിവയാണ്. കൂടാതെ മടത്തിപ്പാറ, കന്യാമല, വടക്കുംമേട്, കരിക്കനാംപാറ, കണ്ണാടിപ്പാറ, വേങ്ങച്ചാഞ്ഞപാറ എന്നീ ഉയർന്നപ്രദേശങ്ങളും ഉൾപ്പെടുന്നു. ആകെ ഭൂമിയുടെ വിസ്തീർണ്ണം 2544.26 ഹെക്ടർ ആണ്. അതിൽ ഏകദേശം 1450 ഹെക്ടർ റബ്ബർ കൃഷിയും 35 ഹെക്ടർ നിലവും 198 ഹെക്ടർ തെങ്ങ് കൃഷിയും, 553 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയും 110 ഹെക്ടറോളം വരുന്ന MVIP വക ഭൂമിയുമാണ്. മുട്ടം ടൗൺ മുതൽ തുടങ്ങനാട് പഴയമറ്റം ഭാഗം വരെ പഞ്ചായത്തിന്റെ മദ്ധ്യഭാഗം ഏതാണ്ട് നിരപ്പായ സ്ഥലങ്ങളാണ്. ഭൂമി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഭൂമിസംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	35 ഹെക്ടർ
പുരയിടം	1920 "
കൃഷിയോഗ്യമല്ലാത്ത തരിശ്	553 "
MVIP ഭൂമി	110 "

വിളയും വിസ്തീർണ്ണവും

ഇനം	വിസ്തീർണ്ണം
നെല്ല് ഒന്നാംവിള	35 ഹെക്ടർ
നെല്ല് രണ്ടാം വിള	25 "
പച്ചക്കറികൾ	3 "
തെങ്ങ്	198 "
കുരുമുളക്	108 "
റബ്ബർ	1480 "

മൂലമറ്റം പവ്വർ ഹൗസിൽ നിന്നും വരുന്ന വെള്ളം ഒഴുകുന്ന ഒരിക്കലും വറ്റാത്ത തൊടുപുഴയാറ് ഈ പഞ്ചായത്തിന്റെ വടക്കു കിഴക്ക് അതിർത്തി വഴി ഒഴുകുന്നു.

ഒട്ടേറെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ ഉള്ള ഒന്നാണ് ഇവിടുത്തെ കാർഷികമേഖല. ഏതാണ്ട് 50% ആളുകളും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ഇവിടുത്തെ മണ്ണ് ഭൂരിഭാഗവും ഫലഭൂയിഷ്ടിയുള്ള ചെങ്കൽ കലർന്ന മണ്ണാണ്. 12 മാസവും ജലം ലഭിക്കുന്ന പ്രദേശങ്ങൾ ഇല്ല എന്നുതന്നെ പറയാം. മിക്കവാറും സ്ഥലങ്ങ

ളിൽ 9 അല്ലെങ്കിൽ10 മാസത്തേക്ക് മാത്രം ജലം ലഭിക്കുന്നു. ഇവിടുത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും നല്കുന്നത് റബ്ബർ കൃഷിക്കാണ്. ഒരു അനുദിന വരുമാനമാർഗ്ഗം എന്നതുകൊണ്ട് റബ്ബർ കൃഷിക്ക് കൂടുതൽ ആളുകളും തയ്യാറാകുന്നു. അതുകൊണ്ടു തന്നെ റബ്ബർ കൃഷിയിൽ ക്രമാതീതമായ വർദ്ധനവ് കണ്ടുവരുന്നു. രാസവളങ്ങൾ കൂടുതലായി ഉപയോഗിച്ചിരുന്ന കൃഷിക്കാർ ഇപ്പോൾ ജൈവവളങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവും, മണ്ണിന്റെ ഘടനയിൽ വരുത്തുന്ന മാറ്റവുമാണ് ജൈവവളങ്ങൾ കൂടുതലായി ഉപയോഗിക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കുന്നത്. ജലദൗർലഭ്യം,തൊഴിലാളികളുടെ അപര്യാപ്തത,ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കായ്ക, സുലഭമായ റബ്ബർ കൃഷി സബ്സിഡി എന്നീ കാരണങ്ങളാലാണ് റബ്ബർ കൃഷിയിലേക്ക് കർഷകർ ആകർഷിക്കപ്പെട്ടത്. ചള്ളാവയലിൽ പ്രവർത്തിക്കുന്ന മുട്ടം കൃഷിഭവന്റെ സഹായം ഭാഗീകമായി മാത്രമേ ജനങ്ങൾക്ക് ലഭിക്കുന്നുള്ളു. ഗവൺമെന്റ് അതാതുസമയങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ ജനങ്ങൾക്ക് യഥാസമയത്ത് കിട്ടാതെ പോകുന്നുണ്ട്. വർഷകാലങ്ങളിൽ പ്രകൃതിക്ഷോഭംമൂലം പാടശേഖരങ്ങളും, വരമ്പുകളും നശിച്ചു പോകുന്നു. നല്ലയിനം വിത്തുകളും, കൃഷിക്കാർക്ക് ലഭിക്കാനുള്ള സാദ്ധ്യതകളും ഇവിടെ കുറവാണ്.

അനാവശ്യമായി അതിരു കൃഷി ചെയ്യുന്ന പ്രവണത ഇവിടെ പരക്കെ കാണുന്നു. ഇത് കർഷകന് വളരെ ദോഷം ചെയ്യുന്നു. ഒരു കർഷകൻ റബ്ബർ റീപ്ലാന്റ് ചെയ്യുന്ന സമയം അയൽ കർഷകൻ അതിരുവഴി പ്ളാവ്, തേക്ക് എന്നിവയൊക്കെ യാതൊരു മാനദണ്ഡവും കൂടാതെ കൃഷി ചെയ്യുന്നതുമൂലം റബ്ബർ കർഷകന് അവന്റെ കൃഷി ശരിയായരീതിയിൽ സംരക്ഷിക്കുവാൻ സാധിക്കാതെ വരുന്നു. നല്ല ഒരു സഹകരണം ഇനിയും കർഷകർക്കിടയിൽ ഉണ്ടായിട്ടില്ല. ചെങ്കല്ല് ചേർന്ന മണ്ണാണ് കൂടുതലായി കാണപ്പെടുന്നത്. മലമ്പ്രദേശങ്ങളിൽ ആഴം കുറഞ്ഞ എക്കൽ മണ്ണ് കല്ലുകൾക്കിടയിലായി കാണപ്പെടുന്നു. അങ്ങിങ്ങായി ചെളി കലർന്നതും കറുത്തതുമായ മണ്ണും കാണപ്പെടുന്നു. ഈ മണ്ണിൽ ആവശ്യത്തിന് ജലസേചനം നടത്തിയാൽ ഏതു കൃഷിക്കും യോജിച്ചതാണ്. അൻപതു ശതമാനം ശാസ്ത്രീയമായ റബ്ബർ കൃഷിയും പത്തു ശതമാനം ഭാഗീകമായി ശാസ്ത്രീയമായ കൃഷിയുമാണ് കാണുന്നത്. ഉയർന്ന മലമ്പ്രദേശങ്ങളിൽ സാധാരണയായി തേക്ക്, കശുമാവ്, എന്നിവ കൃഷി ചെയ്യുന്നു. ജലലഭ്യത കുറവായതിനാൽ നെൽകൃഷി രണ്ടു പ്രാവശ്യം മാത്രമേ കൃഷി ചെയ്യുന്നുള്ളൂ.

ജലസേചനത്തിനായി വളരെ കുറച്ച് പമ്പ് സെറ്റുകളേ ഉപയോഗിക്കുന്നുള്ളൂ. വയലുകളിൽ ജലസേചനത്തിനായി തോടുകളിൽ മൺചിറകൾ കെട്ടി ചാലുകൾ തീർത്ത് വെള്ളം കൊണ്ടു പോവുകയാണ് ചെയ്യുന്നത്. കീടനിയന്ത്രണത്തിന് ചാഴിയെ നശിപ്പിക്കാൻ മാവിൻ കൊമ്പുകൾ പാടത്ത് കുത്തുകയും പുഴുവിനെ നശിപ്പിക്കാൻ വീശി പിടിക്കുകയും ചെയ്യുന്ന പതിവ് പണ്ടുണ്ടായിരുന്നു. എന്നാൽ കീടനാശിനികളെ മാത്രം ഇന്ന് ആശ്രയിക്കുന്നു. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ വയലുകൾ നികത്തി മറ്റു കൃഷികൾ (ജാതി, കൊക്കോ, ഗ്രാമ്പൂ തുടങ്ങിയവ) ചെയ്യാനും കർഷകർ തുടങ്ങിയിട്ടുണ്ട്. പാടങ്ങളിൽ കാളയും കലപ്പയും ഉപയോഗിച്ച് നിലം ഉഴുതിരുന്ന കർഷകർ ഇപ്പോൾ ട്രാക്ടർ, ടില്ലർ തുടങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കുന്നു. നെൽപ്പാടങ്ങൾ നികത്തിത്തുടങ്ങിയതോടെ ഭക്ഷ്യോൽപ്പാദന രംഗത്ത് മാന്ദ്യം സംഭവിച്ചു തുടങ്ങി. കൃഷിക്കു വേണ്ടി, ജലസേചനത്തിനായി നിർമ്മിച്ച തുടങ്ങനാട് ഭാഗത്തുള്ള കുളം നിലവിൽ ഉപയോഗശൂന്യമായിരിക്കുകയാണ്. കുളത്തിന്റെ പരിസരത്തുണ്ടായിരുന്ന പാടങ്ങൾ മുഴുവൻ റബ്ബർ തോട്ടങ്ങളായി മാറിയിരിക്കുന്നു. നിലവിലുള്ള തോടുകൾ സംരക്ഷിക്കുന്നതിനായി തൊഴിൽ ഭദ്രതാ പദ്ധതിയിലൂടെ കുറെ ഭാഗങ്ങൾ ഭിത്തികൾ നിർമ്മിച്ചിട്ടുണ്ട്. ഇനിയും ധാരാളം തോടുകളും കൈവഴികളും സംരക്ഷിക്കേണ്ടതുണ്ട്. പ്രകൃതി ക്ഷോഭകെടുതികൾ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സഹായം എത്തിക്കുകയും ചെയ്യുന്നുണ്ട്. ഏതാണ്ട് 250 ബയോഗ്യാസ് പ്ലാന്റുകൾ ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകളിൽ നിന്നും പുറത്തേക്കു വരുന്ന ചാണകത്തിന് ഗുണം കൂടുതലുണ്ട്. പാചകത്തിനാവശ്യമായ ഇന്ധനവും ബയോഗ്യാസ് പ്ലാന്റുകൾ വഴി ലഭിക്കുന്നു.

റബ്ബർ കൃഷി

ഇവിടുത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം റബ്ബർ കൃഷിയാണ്. ഏതാണ്ട് 1480 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. കൃഷിയിടങ്ങളിൽ നല്ലൊരു ഭാഗം റബ്ബർ കൃഷിയാണുള്ളത്. താഴ്വരകളിലുള്ള ചുരുക്കം നിലങ്ങളൊഴികെയും, മലയോരപ്രദേശങ്ങളിൽ പാറക്കെട്ടുകളൊഴികെയും ഉള്ള മിക്കവാറും സ്ഥലങ്ങളിൽ റബ്ബർ ശാസ്ത്രീയമായി കൃഷി ചെയ്തു വരുന്നു. റബ്ബർ തോട്ടങ്ങളിൽ മറ്റു വിളവുകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. റബ്ബർ കൃഷിക്കും വെല്ലു വിളികൾ നേരിടേണ്ടി വരുന്നു. റബ്ബറിനെ ബാധിക്കുന്ന പട്ടമരപ്പ്, ചീക്ക്, പൊടിക്കുമിൾ, പുള്ളിക്കുത്ത്, തായ്വേര് ദ്രവിക്കൽ എന്നീ രോഗങ്ങൾ റബ്ബർ കൃഷിക്ക് ഭീഷണിയാണ്. റബ്ബർ കൃഷിക്ക് വേണ്ടി വരുന്ന കൂലി ചിലവുകൾ അനു ദിനം വർദ്ധിക്കുകയും റബ്ബറിന്റെ വില കൂടുകയും കുറയുകയും (സ്ഥിരമായി നിൽക്കാത്ത) ചെയ്യുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. റബ്ബർ പാൽ ശേഖരിക്കാനായി രണ്ട് റബ്ബർ ഉൽപ്പാദക സഹകരണ സംഘങ്ങൾ കാക്കൊമ്പിലും, ഇടപ്പിള്ളിയിലുമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മണ്ണു പരിശോധന ഈ സംഘങ്ങളുടെ മേൽനോട്ടത്തിൽ ഉത്തരവാദിത്വത്തോടെ ചെയ്തു കൊടുക്കുകയും കർഷകർക്കാവശ്യമായ നിർദ്ദേശങ്ങളും വളങ്ങളും സംഘം വഴി വിതരണം ചെയ്യുകയും ചെയ്യുന്നത് കർഷകർക്ക് വളരെ പ്രയോജനം ചെയ്യുന്നുണ്ട് .

നെല്ല്

മുഖ്യമായും മഴയെ ആശ്രയിച്ചാണ് നെൽകൃഷി നടത്തുന്നത്. പഞ്ചായത്തിലെ 3, 4, 5, 6 എന്നീ വാർഡുകളിൽ ഒരുപ്പൂവും ഇരുപ്പൂവുമായി 35 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. തുടങ്ങനാട് ഭാഗത്ത് 5, 6 വാർഡുകളിലാണ് ഏറ്റവും കൂടുതൽ നെൽകൃഷിയുള്ളത്. കർഷകർ തങ്ങളുടെ സ്വന്തം ആവശ്യത്തിന് മാത്രമുള്ള നെല്ലേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. തൊഴിലാളികളുടെ അപര്യാപ്തത, കൂലി വർദ്ധനവ്, ജലത്തിന്റെ ദൗർലഭ്യം, കീടരോഗബാധ മുതലായ കാരണങ്ങളാൽ നെൽകൃഷി നഷ്ടമായിരിക്കുന്നു. നെല്ലിനെ ബാധിക്കുന്ന വാട്ടരോഗം, പോള രോഗം, തണ്ടു തുരപ്പൻ പുഴു, ഓല ചുരുട്ടിപ്പുഴു, തുടങ്ങിയവയുടെ ഉപദ്രവം, ചാഴിശല്യം എന്നിവ നെൽകൃഷിക്കാർക്ക് ഭീഷണിയായിരിക്കുന്നു. മലവെള്ളപ്പാച്ചിലും വെള്ളപ്പൊക്കവും മൂലം പാടങ്ങളിലെ പകുതിയിലധികം നെൽകൃഷി വർഷം തോറും നശിക്കുന്നു.

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ചു കൊണ്ട് രൂപീകരിച്ച ഒരു പാടശേഖര സമിതി ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം ആശാവഹമല്ല. ജലത്തിന്റെ ദൗർലഭ്യം മൂലം രണ്ടു കൃഷികൾ ചെയ്തു കൊണ്ടിരുന്ന പാടങ്ങളിൽ പലതും ഇപ്പോൾ ഒരു കൃഷി മാത്രമാണ് ചെയ്യുന്നത്. ഏതാണ്ട് 35 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളയും 25 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയും ചെയ്യുന്നു. ഒരു ഹെക്ടറിൽ നിന്നും ഏതാണ്ട് 4500 കിലോ നെല്ല് ഉൽപ്പാദിപ്പിക്കുന്നു എന്നാണ് കൃഷി ഭവന്റെ കണക്ക്. നെൽകൃഷിക്ക് ഹെക്ടറിന് 250 രൂപ വീതം സബ്സിഡി നൽകി വരുന്നുണ്ട്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും സബ്സിഡി തുക ഉയർത്തുകയും, വിത്തും വളങ്ങളും കീടനാശിനികളും സബ്സിഡി നിരക്കിൽ നൽകുകയും ചെയ്താൽ മാത്രമേ നെൽകൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

തെങ്ങ്

തെങ്ങ് മാത്രമായി കൃഷിചെയ്യുന്ന സ്ഥലങ്ങൾ വളരെ കുറവാണ്. ഏകദേശം 198 ഹെക്ടർ സ്ഥലത്തു മാത്രമേ തെങ്ങ് കൃഷി ചെയ്യുന്നുള്ളൂ. റബ്ബർ കൃഷി വ്യാപകമായതോടെ തെങ്ങുകൾ കുറഞ്ഞുവരുന്നു. റബ്ബർതോട്ടങ്ങളിലുള്ള തെങ്ങുകൾക്ക് ഉൽപദനക്ഷമത വളരെ കുറവാണ്. മണ്ട ചീയൽ,ഓലകരിച്ചിൽ , കാറ്റു വീഴ്ച, എന്നീ രോഗങ്ങൾ തെങ്ങിനെ ബാധിക്കുന്നു. കൊമ്പൻ ചെല്ലി എന്ന വണ്ടിന്റേയും , ചെമ്പൻ ചെല്ലിയുടേയും ഉപദ്രവം തെങ്ങു കൃഷിക്ക് ഭീഷണിയാണ്.

കേരവികസനത്തിനുവേണ്ടി ഒരു കേരസംരക്ഷണ സമിതി പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമാണ്.കേരകർഷകർക്ക് വളരെയധികം ആനുകൂല്യങ്ങൾ കൃഷിഭവൻ വഴി സമിതി മുഖേന ലഭിക്കുന്നു. കഴിഞ്ഞ 3 വർഷം കൊണ്ട് 2610 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 35625 കിലോ വളം കേരകർഷകർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ചിട്ടുണ്ട്.

തെങ്ങ് കൃഷിക്ക് ജലസേചനത്തിനായി കിണർ കുഴിക്കുന്നതിനും, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും 2500 രൂപ വീതം സബ്സിഡി കൃഷിഭവൻ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിന് ഇപ്പോൾ ആവശ്യക്കാർ കുറഞ്ഞുകൊണ്ടിരിക്കുന്നു.തെങ്ങുകൾക്ക് വളമായി പച്ചിലവിത്തുകളും വിതരണം നടത്തുന്നു.ഏകദേശം 12500 തെങ്ങുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അതിൽ 2000 എണ്ണവും കായ്ഫലം കുറഞ്ഞവയാണ്. തെങ്ങുകയറ്റത്തിന് തൊഴിലാളികളെ ലഭിക്കുവാൻ ബുദ്ധിമുട്ടാണ്.

കുരുമുളക്

പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും തന്നെ തെങ്ങിൻ തോപ്പുകളിലും, അല്ലാതെയുമായി 108 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്തുവരുന്നു. മുരിക്ക്,ചെറുപയ്യാനി,തെങ്ങ്,തേക്ക് തുടങ്ങിയവ താങ്ങുകാലുകളായി ഉപയോഗിക്കുന്നു.പഞ്ചായത്തിലെ കുരുമുളക് കൃഷിക്കാരെ കോർത്തിണക്കി കൃഷിഭവന്റെ കീഴിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു കുരുമുളക് സംരക്ഷണ സമിതി ഇവിടെ നിലവിലുണ്ട്. സമിതി വഴി കൃഷിക്കാർക്ക് വേരു പിടിപ്പിച്ച കുരുമുളക് വള്ളികളും, വളങ്ങളും, തുരിശും,മറ്റു കീടനാശിനികളും ,പരമ്പും സൗജന്യനിരക്കിൽ വിതരണം ചെയ്തു വരുന്നതു കൂടാതെ മരുന്ന് തളിക്കുന്നതിനായി കൃഷിഭവൻ മുഖേന സമിതിക്ക് ലഭിച്ച സ്പ്രെയറുകളും വാടകയ്ക്ക് കൊടുക്കുകയും ചെയ്യുന്നുണ്ട്. ദ്രുതവാട്ടം,പൊള്ളു എന്നീ രോഗങ്ങളും, പൊള്ളുവണ്ടിന്റെ ആക്രമണവും കുരുമുളക് കൃഷിക്ക് കണ്ടുവരുന്നു.കുരുമുളക് കൃഷിക്ക് ഒന്നാം വർഷം സബ്സിഡി ഹെക്ടറിന് 3500 രൂപ വീതം 5 ഹെക്ടറിനും, രണ്ടാം വർഷം ഹെക്ടറിന് 1300 രൂപാ വീതം 10 ഹെക്ടറിനും ,25 സെന്റുള്ള ഒരു പ്രദർശന തോട്ടത്തിന് സബ്സിഡിയായി 225 രൂപയും നൽകി വരുന്നുണ്ട്.

ഇഞ്ചി, മഞ്ഞൾ, വാഴ, കൊക്കൊ

ഇഞ്ചി,മഞ്ഞൾ,വാഴ,കൊക്കൊ തുടങ്ങിയവ ചെറിയ തോതിൽ കൃഷിചെയ്തുവരുന്നു.ഇഞ്ചികൃഷിക്ക് പ്രദർശന തോട്ടത്തിന് സബ്സിഡിയായി 1200 രൂപാ വീതം രണ്ടു പ്ലോട്ടിനും ,ഇഞ്ചികൃഷിവികസനത്തിനായി ഹെക്ടറിന് 5000 രൂപയും മഞ്ഞൾകൃഷിക്ക് 25 സെന്റുള്ള പ്ലോട്ടിന് 825 രൂപയും നൽകി വരുന്നു. റബ്ബർ റീപ്ലാന്റ് ചെയ്യുന്ന തോട്ടങ്ങളിലാണ് സാധാരണയായി ഇഞ്ചി ,മഞ്ഞൾ,വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നത്. കൊക്കൊ കൃഷിക്ക് വിവിധയിനം സഹായങ്ങൾ കൃഷിഭവൻ മുഖേന ലഭിക്കുന്നു.കൊക്കൊ,വാഴ,റബ്ബർ,കശുമാവ് തുടങ്ങിയ കൃഷികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. സാധാരണയായി വാഴക്ക് കണ്ടുവരുന്ന ഒരു രോഗമാണ് നാക്കടപ്പ്.കൊക്കൊ കൃഷിയിൽ ഫംഗസ് രോഗം കൂടുതലായി കാണുന്നു.മരച്ചീനി,പൈനാപ്പിൾ,നെല്ല് എന്നിവക്ക് എലിശല്യം കൂടുതലായി നേരിടുന്നു.

വളം, കീടനാശിനി

രണ്ടു സർവ്വീസ് സഹകരണസംഘങ്ങൾ വഴിയും

റബ്ബർ ഉൽപാദക സഹകരണസംഘം വഴിയും കൃഷിക്കാർക്ക് വളവും കീടനാശിനിയും വിതരണം ചെയ്യുന്നു.മൊത്തം വളത്തിന്റെ 65 ശതമാനവും രാസവളങ്ങൾ തന്നെ ഉപയോഗിച്ചു വരുന്നു.മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗം നടത്തുന്നവർ വിരളമാണ്. പച്ചിലവളങ്ങൾ സുലഭമല്ല.ആവരണവിളകൾ കുറവാണ്. ജൈവവളക്കൂട്ടുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്.

നെല്ല്,വാഴ,റബ്ബർ,പച്ചക്കറികൾ,കുരുമുളക്,ഇഞ്ചി തുടങ്ങിയവക്ക് കീടനാശിനികൾ ഉപയോഗിക്കുന്നതിൽ യാതൊരു ശാസ്ത്രീയമായ കാഴ്ചപ്പാടും അവലംബിക്കാറില്ല.നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് വിമുഖതയുള്ളവരാണ് കൃഷിക്കാരിലേറിയ പങ്കും.കാത്തിരിക്കാതെ ഉടനെ ഉൽപാദനം കിട്ടുന്ന ഇനങ്ങൾ തേടുന്ന "കർഷകരും ഇവിടെ കുറവല്ല.

കാർഷികോപകരണങ്ങൾ

പാടശേഖര സമിതിക്കായി കൃഷിഭവൻ മുഖേന നൽകിയ പവർ ട്രില്ലറും, മെതിയന്ത്രവും, കേരസംരക്ഷണ സമിതിക്കായി നൽകിയ ഒരു തെങ്ങ് കയറ്റ യന്ത്രവും കുരുമുളക് സമിതിക്ക് കിട്ടിയ 6 സ്പ്രെയറുകളുമാണ് കാർഷികോപകരണങ്ങളായി ഇപ്പോഴുള്ളത്. പണ്ട് കൃഷിക്കുപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ ഇന്നില്ലാതായിരിക്കുന്നു.

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുവരുന്നു. കൃഷിയോടുള്ള ആഭിമുഖ്യ കുറവ്, വിദ്യാഭ്യാസനിലവാരത്തിൽ വന്ന മാറ്റങ്ങൾ, തടിപ്പണി, കല്ലുപണി,റോഡുപണി മുതലായവക്ക് ലഭിക്കുന്ന ഉയർന്ന കൂലിനിരക്ക് മുതലായവ ഇതിന് കാരണങ്ങളാണ്.കർഷക തൊഴിലാളികളുടെ ശരാശരി കൂലിനിരക്ക് പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്.എല്ലാത്തരം പണികൾക്കുമായി ഒരു ഏകീകൃത കൂലിനിരക്ക് ഇല്ല.തുല്യ ജോലിക്ക് തുല്യവേതനം എന്ന ആശയം ഇനിയും നാട്ടിൽ ഉയർന്നിട്ടില്ല.

കാർഷിക വായ്പ

ഈ പഞ്ചായത്തിൽ തുടങ്ങനാട്ടിലും,മുട്ടത്തും പ്രവർത്തിക്കുന്ന രണ്ടു സഹകരണ ബാങ്കുകളും,ഫെഡറൽ ബാങ്ക്,സ്റ്റേറ്റ് ബാങ്ക് എന്നീ കൊമേഴ്സ്യൽ ബാങ്കുകളും കാർഷിക വായ്പകൾ നല്കുന്നു.കൂടാതെ തൊടുപുഴ കാർഷികഗ്രാമ വികസന ബാങ്കും കൃഷിക്കാർക്ക് വായ്പകൾ നല്കി വരുന്നു.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷിനടത്തുന്ന ഇവിടെ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് പകുതി വരെ കാലവർഷവും,സെപ്റ്റംബർ മധ്യം മുതൽ ഒക്ടോബർ വരെ തുലാവർഷവും ലഭിക്കുന്നു.

ഇവിടുത്തെ പ്രധാനപ്പെട്ട തോടുകൾ കുഴിയനാൽ തോട്, പരപ്പാൻ തോട്, കരിമ്പാനി തോട് എന്നിവയാണ്. ഇവയെല്ലാം കൂടി ചേർന്ന് തൊടുപുഴയാറുമായി കൂടിച്ചേരുന്നു. ജലസേചനത്തിനായി മൂന്ന് ക്രോസ് ബാറുകളും ഒരു കുളവും പണി തീർത്തിട്ടുണ്ട്. എല്ലാം പ്രവർത്തനക്ഷമമല്ല. തുടങ്ങനാട്, കൊല്ലംകുന്ന് എന്നിവിടങ്ങളിൽ ജലസേചനത്തിനായി ജെ.ജെ.പി. സ്കീമിൽ രണ്ടു പദ്ധതികൾ തുടങ്ങിവച്ചെങ്കിലും ഇനിയും പൂർത്തിയായിട്ടില്ല. ഇത് എത്രയും വേഗം പൂർത്തിയാക്കിയാൽ ടി പ്രദേശങ്ങളിലെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാനാവും. ഹെക്ടറിനു 15,000/- രൂപാ സബ്സിഡി നിരക്കിൽ പത്തു കർഷകർക്കായി പതിനഞ്ചു ഹെക്ടർ സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം ഈ പഞ്ചായത്തിൽ നടപ്പിലാക്കി കഴിഞ്ഞു എങ്കിലും പ്രതീക്ഷക്കൊത്ത ഗുണം ലഭിച്ചിട്ടില്ല. ഇനിയും ഒരെണ്ണത്തിനുകൂടി അനുവാദം ലഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയുമായി ചേർന്നു കിടക്കുന്ന ഏഴാം വാർഡിലുൾപ്പെടുന്ന തോണിക്കല്ല് ഭാഗത്തും മൂന്നാം വാർഡിൽ അരുവിക്കുത്ത് ഭാഗത്തും ഡാം നിർമ്മിച്ചാൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനുള്ള സാദ്ധ്യതകൾ ഉണ്ട്.

നിർദ്ദേശങ്ങൾ

1. മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തുകയും ആവശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകരെ ബോധവാൻമാരാക്കുക.
2. മണ്ണ് സംരക്ഷണ പ്രവർത്തനവും മണ്ണൊലിപ്പ് നിവാരണ മാർഗ്ഗങ്ങളും ജലസേചന പദ്ധതികളും നടപ്പിലാക്കിയാൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും.
3. നിലവിലുള്ള കർഷകസമിതികളെ പുനർജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുക. പഞ്ചായത്തിലെ മുഴുവൻ പാടങ്ങളും പാടശേഖരസമിതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പാടശേഖരസമിതി പ്രവർത്തനം കാര്യക്ഷമമാക്കി ഗ്രൂപ്പ് ഫാമിംഗ് സംവിധാനം നടപ്പാക്കുക.
4. പഞ്ചായത്തിലെ 70% പ്രദേശങ്ങളും ചരിവുള്ളതാകയാൽ മലവെള്ളം കുത്തിയൊഴുകി മണ്ണും വളങ്ങളും നഷ്ടമാകുന്നതിനാൽ കയ്യാല പദ്ധതി വ്യാപകമാക്കുക.
5. ഉൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
6. പ്രാദേശികമായി വിത്തുകളും തൈകളും ഉൽപാദിപ്പിക്കുന്നതിന് സമിതികളെയോ വ്യക്തികളെയോ സന്നദ്ധമാക്കുക.
7. കർഷകർക്ക് പ്രയോജനപ്പെടാത്ത പദ്ധതികൾ അടിച്ചേൽപ്പിക്കുന്ന സർക്കാരിന്റെ പ്രവണത അവസാനിപ്പിച്ച് കർഷകർക്ക് ആവശ്യമുള്ള പദ്ധതികൾ മാത്രം നടപ്പാക്കുക.

8. കീടനാശിനികൾ ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ കർഷകരെ പരിശീലിപ്പിക്കുന്ന ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9. കർഷക തൊഴിലാളികൾ കുറവായതിനാൽ ആധുനിക യന്ത്രവൽക്കരണം നടപ്പിലാക്കുകയും കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക.

10. കൃഷി ഉദ്യോഗസ്ഥർ യഥാസമയങ്ങളിൽ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുകയും ആധുനിക കൃഷിരീതികൾ കർഷകർക്ക് പറഞ്ഞുകൊടുക്കുകയും നല്ല നിലവാരമുള്ള വിത്തും വളങ്ങളും കീടനാശിനികളും കൃത്യസമയത്ത് എത്തിച്ചുകൊടുക്കുകയും ചെയ്യുക.

11. വിള ഇൻഷുറൻസ് ഏർപ്പെടുത്തിയെങ്കിലും വിളനഷ്ടം വന്ന കർഷകർക്ക് ഇതുവരെയും പ്രയോജനം ലഭിച്ചിട്ടില്ലാത്തതിനാൽ എത്രയും വേഗം സഹായം ലഭ്യമാക്കുക.

12. കൃഷിക്കാരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനായി കർഷകപ്രതിഭകളെ കണ്ടെത്തി അവാർഡുകൾ നൽകുക. അങ്ങനെ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക.

13. പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്കൂളുകളിലും വിത്തും വളവും സൗജന്യനിരക്കിൽ നൽകുക. വീട്ടമ്മമാർക്ക് കാർഷിക ലോണുകളും കൃഷിവിദഗ്ധരുടെ മേൽനോട്ടത്തിൽ പരിശീലനവും നൽകുക.

14. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഇവിടെ തന്നെ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള പൊതു വിപണന കേന്ദ്രങ്ങൾ പഞ്ചായത്തു തലത്തിൽ കണ്ടെത്തുക. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള സ്ഥിരമായ സംവിധാനവും ഏർപ്പെടുത്തുക.

15. ഇവിടുത്തെ മണ്ണിന്റെ ഘടനയനുസരിച്ചുള്ള കൃഷിരീതികൾ അവലംബിക്കുകയും അതിനു യോജിച്ച തൈകളും വിത്തുകളും നൽകുകയും ചെയ്യുക.

16. വൻകിട കൃഷിക്കാരനു മാത്രം പ്രയോജനപ്പെടുന്ന നിലവിലുള്ള സ്കീമുകൾക്കു പകരം സാധാരണക്കാരായ കർഷകർക്കും കൂടി പ്രയോജനം ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

17. ഇവിടെ അംഗീകൃത നേഴ്സറികൾ ഇല്ലാത്തതിനാൽ പഞ്ചായത്തു തലത്തിൽ പുതിയ നേഴ്സറികൾ ആരംഭിക്കുക.

18. **ജലസേചനം** – ഇവിടുത്തെ മണ്ണ് എല്ലാത്തരം കൃഷിക്കും യോജിച്ചതാകയാൽ ജലസേചനം നടത്തിയാൽ ഏതു കൃഷിയും ചെയ്യാം

(a). ഏറ്റവും കൂടുതൽ പാടങ്ങൾ ഉള്ള കല്ലറയ്ക്കൽ പാടശേഖരത്തിൽ മുതിരപ്പാറ ഭാഗത്ത് കുളം തീർത്ത് കനാൽ വഴി വെള്ളം വിതരണം ചെയ്യുക.

(b). മലങ്കരയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം എത്തിച്ച് 50 ശതമാനത്തിലധികം ഭൂമിക്ക് ജലസേചനം നടത്തുക.

(c). വെള്ളാരംകല്ല് തോട്ടിൽ തൈപ്പറമ്പ്, ചള്ളാവയൽ എന്നീ സ്ഥലങ്ങളിലും മണിയൻകണ്ടം തോട്ടിലും കരിമ്പാനി തോട്ടിലും, കുഴിയനാൽ തോട്ടിലും കന്യാമല തോട്ടിലും പരപ്പാൻ തോട്ടിലും തടയണകൾ നിർമ്മിക്കുക

(d). മലങ്കരയിൽ നിന്നും തുടങ്ങനാട്, പഴയമറ്റം ഭാഗത്തേക്ക് കനാൽ നിർമ്മിച്ച് കൃഷികൾക്ക് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തുക.

19. ഈ പഞ്ചായത്തിലെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് മുഴുവൻ തോടുകൾക്കും പാടശേഖരങ്ങൾക്കും സംരക്ഷണ ഭിത്തി കെട്ടുവാൻ നടപടി സ്വീകരിക്കുക.

20. ജൈവവളങ്ങൾ ഉണ്ടാക്കുന്നതിനും, മൃഗസംരക്ഷണത്തിനുമായി എം.വി.ഐ.പി. വക സ്ഥലത്ത് പുൽകൃഷി വ്യാപകമാക്കുക.

21. കൃഷി ഭവൻ വഴി വിതരണം നടത്തുന്ന ബയോഗ്യാസ് പ്ലാൻറുകൾ പോലെയുള്ള വിവിധ സ്കീമുകളുടെ സബ്സിഡി തുക കാലാനുസൃതമായി ഉയർത്തുക.

22. തൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം നടപ്പാക്കുക.

23. സംയോജിത കീടനിയന്ത്രണത്തിൽ കർഷകർക്ക് പരിശീലനം കൊടുക്കുക.

24. സ്പ്രെയറുകൾ കൃഷി ഭവൻ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

25. തോണിക്കല്ലു ഭാഗത്തും അരുവിക്കുത്ത് ഭാഗത്തും ഡാം തീർത്ത് മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ സ്ഥാപിക്കുക.

26. കൃഷി ഭവന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും കാർഷിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

27. ഇടപ്പള്ളിയിൽ കുളം തീർത്ത് മോട്ടോർ വച്ച് ടാങ്ക് കെട്ടി ജലം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാകത്തക്ക വിധത്തിൽ വിതരണം നടത്തുക.

28. പെരുംകുന്ന് ഭാഗത്ത് ജലസേചനത്തിനാവശ്യമായ വെള്ളം എത്തിക്കുന്നതിന് പാമ്പയ്ക്കൽ പാടത്ത് കുളം കുഴിച്ച് മൈക്രോ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

അങ്ങനെ മുട്ടം പഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വീധീനം ചെലുത്തിക്കൊണ്ട് വികസനത്തിന്റെ പാതയിൽ ഒരു കുതിച്ചു ചാട്ടം നടത്തുവാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

5.2

മൃഗസംരക്ഷണവും മത്സ്യകൃഷിയും

പശു, ആട്, എരുമ, പന്നി, പട്ടി എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ. ഏതാണ്ട് 45 ശതമാനം ആളുകളും പശുക്കളെ വളർത്തി ഉപജീവനം നടത്തുന്നു. ജേഴ്സി, സിസ് ബ്രൗൺ എന്നീസങ്കര ഇനങ്ങളേയും, ചെറിയതോതിൽ നാടൻ ഇനങ്ങളേയും വളർത്തി വരുന്നു. വളർത്തു മൃഗങ്ങളുടെ സംഖ്യ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വളർത്തു മൃഗങ്ങൾ

വാർഡ്	കാള വർഗ്ഗം	പശു നാടൻ		പശു സങ്കരയിനം		എരുമ		പട്ടി	പൂച്ച
		കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്		
1	2	15	13	80	30	5	1	250	150
2	3	16	14	78	35	15	2	162	75
3	5	21	7	93	42	3	-	163	169
4	3	15	9	104	58	4	1	117	243
5	2	13	8	87	21	1	-	97	165
6	-	8	16	84	32	3	1	114	98
7	4	17	8	65	13	1	-	278	210
8	3	16	7	152	31	2	-	262	216

വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. 75% വീടുകളിലും മുട്ടയ്ക്കുവേണ്ടി കോഴികളെ വളർത്തുന്നു. ഈ പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിൽ പൗൾട്രി ഫാം നടത്തുന്നു. ഫാമിൽ നിന്നും ഇറച്ചിക്കോഴികളേയും, ചെറിയ തോതിൽ മുട്ടക്കോഴികളേയും വിതരണം ചെയ്യുന്നു. പട്ടി, പൂച്ച എന്നിവയും മിക്കവാറും എല്ലാ വീടുകളിലും കാണുന്നു. വളർത്തുപക്ഷികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

നെൽകൃഷി കുറഞ്ഞതും, കാർഷിക രംഗത്ത് യന്ത്ര വൽക്കരണം വന്നതും, വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. അകിടുവീക്കം, കുളമ്പുരോഗം, വന്ധ്യത, വിരശല്യം എന്നിവയാണ് മൃഗങ്ങളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ.

കോഴികളിലും, പട്ടികളിലും കണ്ടുവരുന്ന വസന്ത അവയുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരുത്തിയിട്ടുണ്ട്.

പട്ടിവളർത്തുന്നതിന് ലൈസൻസ് എടുക്കണമെന്ന നിബന്ധന നിലവിലുണ്ടെങ്കിലും ആരും തന്നെ പാലിച്ചു കാണുന്നില്ല. ദഹനസംബന്ധമായും, ശ്വാസകോശസംബന്ധമായും ഉള്ള രോഗങ്ങൾ, പക്ഷികളിലും കണ്ടുവരുന്നു. രോഗവിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടികളിൽ കണ്ടുവരുന്ന പേവിഷബാധയ്ക്ക് എതിരെ 160 പട്ടികൾക്ക് ഈവർഷം കുത്തിവയ്പ് നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നു. ഇതിന്റെ സേവനം എല്ലാഭാഗത്തും ലഭിക്കുന്നുണ്ട്. ആവശ്യത്തിനുള്ള മരുന്നുകൾ ആശുപത്രിയിൽ ലഭിക്കുന്നില്ല. കൃത്രിമ ബീജസങ്കലനത്തിനായി മൃഗാശുപത്രി കൂടാതെ വിച്ചാട്ട് കവലയിൽ ഒരു ഊർജ്ജിത കന്നുകാലി വികസന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പാൽ സംഭരിക്കുന്നതിനായി 3 പാൽ ഉല്പാദക സഹകരണസംഘങ്ങൾ (തുടങ്ങനാട്, ചള്ളാവയൽ,മുട്ടം) തുടങ്ങിയെങ്കിലും ഒന്നും ഇപ്പോൾ പ്രവർത്തനമില്ല. കൂടുതൽ ആളുകളും കാലിത്തീറ്റ വിലയ്ക്ക് വാങ്ങുന്നവരാണ്. പുൽകൃഷി ഇവിടെ നിലവിലില്ല. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ വിൽക്കുന്നതിന് ഉള്ള ബുദ്ധിമുട്ട്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, പാലിന്റെ വിലക്കുറവ്, കാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്, വൈക്കോലിന്റേയും, പുല്ലിന്റേയും ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ കാലിവളർത്തൽ ഇവിടെ കുറഞ്ഞുവരുന്നു. മൃഗസംരക്ഷണവകുപ്പിന്റേയും, പഞ്ചായത്തിന്റേയും നേതൃത്വത്തിൽ കാലികൾക്കുണ്ടാകുന്ന കുളമ്പുരോഗത്തിന് കുത്തിവയ്പ്പ് നടത്തിവരുന്നു. ഈ പഞ്ചായത്തിൽ 250 ഗോബർ ഗ്യാസ് പ്ളാന്റുകൾ നിലവിലുണ്ട്. എല്ലാം തന്നെ പ്രവർത്തന ക്ഷമമാണ്. പാചകത്തിന് ആവശ്യമായ ഇന്ധനത്തിന്റെ നല്ലൊരുഭാഗം ഗോബർ ഗ്യാസ് പ്ളാന്റുവഴി ഉല്പാദിപ്പിക്കുവാൻ കഴിയുന്നു. നിർമ്മാണ ചെലവ് കൂടുകയും സബ്സിഡി കുറയുകയും ചെയ്തതിനാൽ പുതിയ പ്ളാന്റുകളുടെ നിർമ്മാണം വളരെ കുറവാണ്. 3600 രൂപ ആയിരുന്ന സബ്സിഡി 2400 രൂപ ആയി കുറഞ്ഞിരിക്കുന്നു. വരുമാനം കുറഞ്ഞവർക്കായി I.R.D.P സംവിധാനത്തിലൂടെ പശുക്ക

രോഗവിവരങ്ങൾ

രോഗം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	പൂച്ച
ദഹന സംബന്ധമായ രോഗം	5	2	168	12	9	-	-
ശ്വാസ കോശ സംബന്ധമായ രോഗം	1	-	'98	-	3	315	-
ത്വക്ക് രോഗം	3	1	16	64	110	-	-
ധാതു ലവണങ്ങളുടെ അഭാവം	2	-	6	-	-	74	-
അകിടുവകക്കം	3	1	13	-	-	-	-
പകർച്ച വ്യാധികൾ	-	-	-	-	218	-	12


വളർത്തു പക്ഷികൾ

വാർഡ്	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	150	956	249	3	17	2 ടർക്കി ഗിനി
2	147	631	139	7	12	8
3	249	878	637	2	4	2
4	193	746	311	3	6	5
5	116	492	174	2	3	6
6	421	865	581	4	11	17
7	122	516	129	-	-	18
8	167	677	234	1	3	6

ളേയും ആടുകളേയും വിതരണം ചെയ്യുന്നുണ്ടെങ്കിലും സർക്കാർ ഉദ്ദേശിക്കുന്ന ഗുണം കിട്ടുന്നില്ല. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും ചില വീടുകളിൽ മുയലിനെ വളർത്തുന്നു. പ്രത്യുത്പാദനനിരക്ക് മുയലുകളിൽ കൂടുതലായതിനാൽ ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തിയാൽ ലാഭകരമായിരിക്കും എന്നതുകൊണ്ട് മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇവിടെ ഉപയോഗിക്കുന്ന മുട്ടയുടെ നല്ലൊരുപങ്ക് മറ്റ് സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്നു. കോഴി വളർത്തലിന് കൂടുതൽ സാദ്ധ്യതകൾ ഉണ്ട്.

നിർദ്ദേശങ്ങൾ

1. പുതിയ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിച്ച് ഇവിടെ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുക.
2. സഹകരണസംഘങ്ങൾ വഴി കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക.
3. M.V.I.P യുടെ വെറുതെ കിടക്കുന്ന സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തീറ്റ പുൽകൃഷി ആരംഭിക്കുക.
4. കർഷകന് സ്വന്തം പുരയിടത്തിൽ പുൽകൃഷി നടത്തുന്നതിന് വിത്തും, വളവും, സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
5. അത്യുൽപാദനശേഷിയുള്ള കാലികളേയും ആടുകളേയും ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും, ബോധവത്കരണവും നൽകുക.
6. **ഏറ്റവും മികച്ച ക്ഷീരോത്പാദകന് അവാർഡ് നൽകുക**
7. **പഞ്ചായത്തിലെ മുഴുവൻ മൃഗങ്ങളേയും മാസ്റ്റർ പോളിസി വഴി ഇൻഷർ ചെയ്യുക**
8. കാലികളെ വാങ്ങുന്നതിനും, തൊഴുത്ത് നിർമ്മിക്കുന്നതിനും കാലിത്തീറ്റ വാങ്ങുന്നതിനും സാമ്പത്തികസഹായം നൽകുക.
9. കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകുക.
10. മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം ചെയ്യുവാൻ ശ്രമിക്കുക.
11. ഉല്പാദനക്ഷമതയുള്ള മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളേയും, മുയലുകളേയും എല്ലാ വീട്ടിലും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
12. മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.
13. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും, അലഞ്ഞുതിരിഞ്ഞു നടക്കുന്നതുമായ നായ്ക്കളെ കൊല്ലുക.
14. ഗോബർഗ്യാസ് പ്ലാൻറിന്റെ സബ്സിഡി വർദ്ധിപ്പിക്കുക
15. ഇറച്ചി, മുട്ട, പാൽ മുതലായവ വിപണനം നടത്തുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
16. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക
17. മൃഗാശുപത്രിക്ക് വാഹനം, ഫോൺ തുടങ്ങിയ



സൗകര്യങ്ങൾ ഏർപ്പെടുത്തുക


18. വിച്ചാട്ടുകവലയിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കന്നുകാലി വികസനകേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.


മത്സ്യകൃഷി

മുട്ടം പഞ്ചായത്തിലുള്ള എല്ലാ തോടുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്. ആയതിനാൽ തോടുകളിൽ മത്സ്യം വളർത്തൽ ബുദ്ധിമുട്ടാണ്. പഞ്ചായത്തിന്റെ അതിർത്തിയിൽകൂടി ഒഴുകുന്ന തൊടുപുഴയാറ്റിൽ മാത്രമാണ് വേനൽക്കാലത്തും വെള്ളമുള്ളത്. മത്സ്യകൃഷിക്ക് പറ്റിയ സ്വകാര്യകുളങ്ങൾ പലയിടത്തുമുണ്ട്. മലങ്കരഡാമിന്റെ സമീപപ്രദേശത്ത് മീൻവളർത്തലിന് സാദ്ധ്യതകളുണ്ട്. അരുവിക്കുത്ത് ഭാഗത്ത് ഉയർന്ന പാറയായതുകൊണ്ട് ആറ്റു മത്സ്യങ്ങൾക്ക് തോടുകളിൽ പ്രവേശിക്കുന്നതിന് സാധിക്കുന്നില്ല. ആയതുകൊണ്ട് അരുവിക്കുത്ത് ഭാഗത്ത് ഡാം നിർമ്മിച്ച് മലങ്കര ഡാമുമായി കനാൽ വഴി ബന്ധിപ്പിച്ചാൽ ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കാം. മറ്റ് സ്ഥലങ്ങളിൽനിന്നുമാണ് മത്സ്യം ഇവിടെ മാർക്കറ്റിൽ എത്തുന്നത്. ഉണക്കമത്സ്യകച്ചവടത്തിനായി ഇവിടെ പല കച്ചവടസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. മലങ്കര ഡാമിന്റെ സമീപപ്രദേശങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.
2. പഞ്ചായത്തിലെ ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കുളം നിർമ്മിച്ച് മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
3. വറ്റാത്ത കുളങ്ങളുള്ള വ്യക്തികൾക്ക് മത്സ്യകുഞ്ഞുങ്ങളേയും തീറ്റയും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
4. സ്വകാര്യകുളങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
5. അരുവിക്കുത്ത് ഭാഗത്ത് ഡാം തീർത്ത് മലങ്കരഡാമുമായി കനാൽ വഴി ബന്ധിപ്പിക്കുക





5.3

വ്യവസായം

വ്യവസായത്തിന് വളരെയേറെ സാധ്യതകളുള്ള മുട്ടം പഞ്ചായത്തിന് ഈ മേഖലയിൽ കാര്യമായ നേട്ടങ്ങളൊന്നും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മുട്ടത്തിന്റെ വികസനത്തിന് വ്യവസായങ്ങൾക്ക് തനതായ സംഭാവനകൾ നൽകുവാൻ സാധിക്കും. 1976 –ൽ മലങ്കരയിൽ പണി ആരംഭിച്ച ഒരു ജലസേചനപദ്ധതി ആണ് മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി. ഇവിടെ ടൂറിസം ഒരു വൻവ്യവസായമായി ആരംഭിക്കുകയാണെങ്കിൽ അത് സർക്കാരിനും മുട്ടം പഞ്ചായത്തിനും ഒരു വൻ നേട്ടമായിരിക്കും. അതുപോലെ തന്നെ മലങ്കര ജലസംഭരണിയിൽ നിന്നും. വൈദ്യുതി ഉൽപാദിപ്പിച്ചാൽ പഞ്ചായത്തിനും അയൽപ്രദേശങ്ങൾക്കും ഗുണകരമായിരിക്കും. തുടങ്ങനാട്ടിൽ വ്യവസായ യൂണിറ്റിനു വേണ്ടി സർക്കാർ 16 ഏക്കർ സ്ഥലം എടുത്തുവെങ്കിലും ഇതുവരെയും യാതൊരു പ്രവർത്തനവും തുടങ്ങിയിട്ടില്ല.

മുട്ടത്തിലെ പ്രധാനകാർഷിക വിള റബ്ബർ ആണ്. റബ്ബർ ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുതും വലുതുമായ വ്യവസായയൂണിറ്റുകൾ തുടങ്ങുവാൻ സാദ്ധ്യതകളുണ്ട്. തൊടുപുഴ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ 1987–ൽ പ്രവർത്തനം ആരംഭിച്ച ക്രംബ്ബ് റബ്ബർ ഫാക്ടറി മാത്രമേ ഒരു വ്യവസായമായി ഈ പഞ്ചായത്തിലുള്ളു. ചെറുകിട വ്യവസായങ്ങളായ അച്ചടി, തടിമില്ല്, ഫർണീച്ചർ മാർട്ട്, കാപ്പിപ്പൊടി, മുളകുപൊടി, മെറ്റൽ വർക്സ്, പലഹാരനിർമ്മാണം, സിമന്റിഷ്ടിക നിർമ്മാണം, പപ്പട നിർമ്മാണം, ടെയ്ലറിംഗ് ആന്റ് റെഡിമെയ്ഡ് ഡ്രസ്സസ്, കൊപ്ര സംസ്കരണം തുടങ്ങിയ വ്യവസായങ്ങൾ മുട്ടം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു സിനിമാതിയേറ്ററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മുട്ടം പഞ്ചായത്ത് സാക്ഷരതയിൽ മുന്നിട്ട് നിൽക്കുന്നുവെങ്കിലും നല്ലൊരു ശതമാനം ആളുകളും മറ്റു പഞ്ചായത്തുകളിലായി ജോലി നോക്കുന്നവരാണ്. നിലവിലുള്ള വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

വ്യവസായങ്ങൾ

വ്യവസായം	ഹോട്ടൽ	കടകൾ	മറ്റുള്ളവ	ആകെ
27	14	71	37	149

പരമ്പരാഗത വ്യവസായങ്ങളായ പായ, കുട്ട, പരമ്പ്, ചൂരൽ, പപ്പടം മുതലായവക്ക് ഈ പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതകളുണ്ട്. വനിതാ വ്യവസായ സംരംഭകർക്ക് മതിയായ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ധൈര്യമായി രംഗത്തു വരുവാൻ വൈമനസ്സ്യം കാണിക്കുന്നു. ക്രംബ് റബ്ബർ ഫാക്ടറിയിൽനിന്നും പുറത്തേക്ക് ഒഴുകുന്ന മലിനജലം ശുദ്ധീകരിക്കാതെ തോട്ടിലേക്ക് തള്ളുന്ന ഒരു പ്രവണതയും കണ്ടു വരുന്നു. ട്രൈസം പരിശീലനം നേടിയ 37 പേർ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി തൊഴിൽ ചെയ്യുന്നവർ കുറവാണ്. ഈ പഞ്ചായത്തിലെ വ്യവസായ രംഗത്തുള്ള പ്രധാനപ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. മുഖ്യ കാർഷികോൽപ്പന്നമായ റബ്ബർ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. വിപണന സാദ്ധ്യതകളുടെ കുറവ്
3. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.
4. പവ്വർ കട്ടും ലോഡ് ഷെഡ്ഡിംഗും.
5. കുറഞ്ഞ കൂലി നിരക്ക്.
6. ധനസഹായം കിട്ടുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
7. വനിതാ സംരംഭകരുടെ കുറവ്.
8. വൻകിട വ്യവസായികളുടെ കിടമത്സരം.
9. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.
10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽകരണ കുറവ്.

11. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം.

നിർദ്ദേശങ്ങൾ

1. വനിതാ വ്യവസായ സംരംഭകർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ ഉറപ്പാക്കുക.

2. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3. പരമ്പരാഗത വ്യവസായങ്ങളായ പായ, കുട്ട, പരമ്പ്, പപ്പടം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

4. വ്യവസായ സംരംഭകർക്ക് വൈദ്യുതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

5. മലങ്കരയിൽ ടൂറിസം വികസിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുക.

6. മലങ്കരയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് ഈ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുകയും വ്യവസായ മേഖല പരിപോഷിപ്പിക്കുകയും ചെയ്യുക.

7. തുടങ്ങനാട്ടിലെ 16 ഏക്കർ വ്യവസായ പ്ലോട്ട് ചെറുകിട വ്യവസായങ്ങൾക്കായി തിരിച്ച് കൊടുത്ത് മാതൃകാപരമായ ഒരു വ്യവസായ. പ്ലോട്ടായി മാറ്റുക.

8. പ്രധാന കാർഷികോൽപ്പന്നമായ റബ്ബറിനെ അടിസ്ഥാനമാക്കി വ്യവസായങ്ങൾക്ക് രൂപരേഖ തയ്യാറാക്കുക.

9. ഇവിടെ തടികൾ സുലഭമായതിനാൽ ഫർണിച്ചർ വ്യവസായത്തിന് പ്രോത്സാഹനം നൽകുക.


10. ഖാദിമേഖലയിൽ ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുക.

11. മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ വസ്ത്ര നിർമ്മാണവും, കരകൗശല വസ്തുക്കളുടെ നിർമ്മാണവും ആരംഭിക്കുക.

12. സ്ഥിരമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

13. ആയുർവേദ മരുന്നു നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

ഇവയൊക്കെ പ്രാവർത്തികമാക്കി കൊണ്ട് സാമ്പത്തിക – വ്യവസായിക – കാർഷിക മേഖലകളിൽ വിപ്ലവകരമായ പരിവർത്തനം കുറിച്ചുകൊണ്ട്, മുട്ടം ഒരു മാതൃകാ പഞ്ചായത്തായി മാറ്റിയെടുക്കാം.



5.4

വിദ്യാഭ്യാസം

കേരള സംസ്ഥാനത്തെ പിന്നോക്ക ജില്ലകളിലൊന്നായ ഇടുക്കി ജില്ലയുടെ അതിർത്തിയിലുള്ള മുട്ടം ഗ്രാമ പഞ്ചായത്ത്, നിരവധി ആയിട്ടുള്ള പിന്നോക്കാവസ്ഥ വിദ്യാഭ്യാസ രംഗത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പഞ്ചായത്തിൽ മൂന്ന് എൽ.പി. സ്കൂളുകളും രണ്ട് ഹൈസ്കൂളുകളും ഒരു ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളും (അൺ എയിഡഡ്), ഒരു പോളിടെക്നിക്കും (ഗവ) ഒരു ഐ.ടി.സി. (C.S.I. മാനേജ്മെൻറ്) പ്രവർത്തിക്കുന്നു. കൂടാതെ രണ്ട് പാരലൽ കോളജുകൾ പ്രവർത്തിക്കുന്നുണ്ട്. നാല് എയിഡഡ് സ്കൂളുകളിലും ഒരു ഗവ. ഹൈസ്കൂളിലുമായി ആകെ ആയിരത്തി അറുനൂറ്റി എഴുപത്തിനാല് വിദ്യാർത്ഥികൾ പഠനം നടത്തുന്നു. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരം പട്ടിക 1A-യിൽ പ്രതിപാദിച്ചിട്ടുണ്ട്.

മുട്ടം പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിന് ആറര പതിറ്റാണ്ട് ദൈർഘ്യമുണ്ട്. സ്വാതന്ത്ര്യാനന്തരം പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് ഏറെ പുരോഗതി ഉണ്ടായി. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ തുടങ്ങനാട് സെൻറ് തോമസ് സ്കൂളാണ്. ക്രിസ്ത്യൻ മാനേജ്മെൻറിൻെറ (പാലാ രൂപത) നിയന്ത്രണത്തിലുള്ള ഈ സ്കൂൾ 1975-നു മുമ്പുള്ള ഒരു പതിറ്റാണ്ടു കാലം ആയിരത്തിലേറെ വിദ്യാർത്ഥികൾക്ക് കലാശാലയായിട്ടുണ്ട്. മുട്ടത്ത് ഗവ. ഹൈസ്കൂൾ സ്ഥാപിതമായതോടെ തുടങ്ങനാട് സെൻറ് തോമസ് ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം ആയിരത്തിൽ താഴെ ആയിത്തീർന്നു. 1981-ൽ ഗോൾഡൻ ജൂബിലി ആഘോഷിച്ച ഈ സ്കൂൾ കലാ - കായിക രംഗത്തും മികവ് പുലർത്തിയിട്ടുണ്ട്. ജില്ലാ യുവജനോൽസവങ്ങളിൽ ഏഴിലേറെ തവണ തുടർച്ചയായി ഏകാങ്ക നാടക മൽസരത്തിൽ ഒന്നാം സ്ഥാനം നേടി സ്കൂളിൻെറ അഭിമാനം കലാരംഗത്ത് ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞു എന്നുള്ളത് ഈ രംഗത്തെ ചാർജുകാരായി പ്രവർത്തിച്ച അദ്ധ്യാപകരിൽ അന്തരിച്ച ശ്രീ. വി.ആർ. ജോൺ വിച്ചാട്ട് മുൻപന്തിയിൽ നിൽക്കുന്നു. ജില്ലാ ഫുട്ബോൾ മൽസരങ്ങളിലും അരഡസനിലേറെ വർഷങ്ങളിൽ തുടർച്ചയായി തുടങ്ങനാട് സെൻറ് തോമസ് ഹൈസ്കൂൾ ടീം വെന്നിക്കൊടി പാറിച്ചുകൊണ്ട് വിജയകിരീടം കാത്തുസൂക്ഷിച്ചിട്ടുണ്ട് എന്നുള്ളത് പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ കലാലയം മികച്ചു നിൽക്കുന്നു എന്നതിൻെറ ഉദാഹരണമാണ്. മൂന്ന് വർഷം തുടർച്ചയായി S.S.L.C. പരീക്ഷയിൽ 100 % വിജയം കൈവരിക്കുവാൻ ഈ കലാലയത്തിന് കഴിഞ്ഞിട്ടുണ്ട്.. ഇന്ന് അഞ്ഞൂറ്റി അൻപത്തി എട്ട് കുട്ടികൾ ഇവിടെ പഠിക്കുന്നു. 1931-ൽ U.P. സ്കൂളായും 1949-ൽ ഹൈസ്കൂളായും ഉയർച്ചയുടെ പടവുകളിലേക്ക് ഈ വിദ്യാലയം എത്തിച്ചേർന്നതിൻെറ പിന്നിൽ തികഞ്ഞ അച്ചടക്കത്തിൻെറ കാര്യം എടുത്തുപറയേണ്ടതാണ്.

1939-ൽ മുട്ടത്ത് ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. ഇതിൻെറ മാനേജ്മെൻറ് പരേതനായ ശ്രീ. കാടമറുക് മനയ്ക്കൽ ഗോവിന്ദൻ നമ്പൂതിരിയുടെ (കുഞ്ചു തിരുമേനി) നേതൃത്വത്തിലുള്ളതായിരുന്നു. 1949- ൽ ഈ സ്കൂൾ നിർത്തി. മലങ്കര എസ്റ്റേറ്റ് അസിസ്റ്റൻറ് സൂപ്രണ്ടായിരുന്ന യശഃശരീരനായ ശ്രീ. സി.എം. തോമസിൻെറ മാനേജ്മെൻറിലുണ്ടായിരുന്ന M.T.M.P. പ്രൈമറി സ്കൂൾ കൂടി നിർത്തിയതോടെ പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് ഒരു വിദ്യാലയം പോലും ഇല്ലാതായി. ഉപയോഗശൂന്യമായി കിടന്ന സംസ്കൃത സ്കൂളിൻെറ കെട്ടിടം നാട്ടുകാർ പിരിവ് നടത്തി കുഞ്ചു തിരുമേനിയിൽ നിന്നും വാങ്ങി. നാട്ടുകാർ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിൻെറ പ്രസിഡൻറ് പരേതനായ P.R. രാമക്കൈമൾ മാത്തപ്പാറ അവർകളായിരുന്നു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂൾ രണ്ടു വർഷം പിന്നിട്ടപ്പോൾ 2-6-52-ൽ സർക്കാർ ഏറ്റെടുത്തു. 1962-ൽ U.P. സ്കൂളായും 1980-ൽ ഹൈസ്കൂളായും ഈ സ്ഥാപനം വളർന്നു. ഇന്ന് 698 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ചു നിൽക്കുന്ന ഈ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിനി ദേശീയ സ്കൂൾ അത്ലറ്റിക് മീറ്റിൽ പങ്കെടുത്ത് സമ്മാനം വാങ്ങിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഒരു നല്ല കളിസ്ഥലം ഇല്ല എന്നുള്ളത് കുറവാണ്.

പഞ്ചായത്ത് എൽ.പി. സ്കൂൾ ഇടപ്പിള്ളിയാണ് ഏറെ ദുരിതങ്ങളും, ഇല്ലായ്മകളുമായി കഴിയുന്നത്. കളിസ്ഥലമോ, കുടിവെള്ള സൗകര്യമോ, പഠന സാമഗ്രികളോ, വേണ്ടത്ര ഇല്ലാത്ത ഈ വിദ്യാലയത്തിൽ 80% കുട്ടികളും SC/ST വിഭാഗത്തിലും മറ്റ്

പിന്നോക്ക വിഭാഗത്തിലും പെട്ടവരാണ്.

സെൻറ് മേരീസ് കാക്കൊമ്പ് എൽ.പി. സ്കൂളും, സെൻറ് തോമസ് എൽ.പി. സ്കൂളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാവുന്ന കുറവ് ഏറെ ആശങ്ക ഉളവാക്കുന്നു. സാമ്പത്തിക ഭദ്രത ഉള്ള കുടുംബങ്ങളിലെ മാതാപിതാക്കൾ കുട്ടികളെ ഇംഗ്ലീഷ് മിഡീയം സ്കൂളുകളിലേക്ക് അയക്കുന്നത് എയിഡഡ് വിദ്യാലയങ്ങളിൽ ഡിവിഷൻ കുറയുന്നതിന് കാരണമാകുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ. പോളിടെക്നിക്ക് സ്കൂളിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ട്രേഡുകളിലായി 141 കുട്ടികൾ പഠിക്കുന്നു. ഏറെക്കാലങ്ങളായി ദുരിതങ്ങൾ മാത്രം കൈമുതലായുള്ള പോളിടെക്നിക്കിന് പുതിയ കെട്ടിടം പണിതീർത്ത് പ്രവർത്തനം എത്രയും വേഗം ആരംഭിക്കേണ്ടിയിരിക്കുന്നു. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഈ സ്ഥാപനത്തെയും ഗ്രസിച്ചിരിക്കുന്നു എന്നത് ഏറെ പരിതാപകരമാണ്. വിവിധ ജില്ലകളിൽ നിന്ന് ഇവിടെ വന്ന് പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഇനിയും ഏറെ വിദൂരത്താണ് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

C.S.I. മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന I.T.C. ചള്ളാവയലിൽ സ്ഥിതി ചെയ്യുന്നു. ഒരു തൊഴിൽ പരിശീലന കേന്ദ്രമായ ഇവിടെ പരിമിതികൾ ഏറെ ഉണ്ട്. നല്ല ഒരു കോമ്പൗണ്ടും വോളിബോൾ കോർട്ടും ഈ സ്ഥാപനത്തിനുണ്ട് എങ്കിലും പരാധീനതകൾ ഏറെയുണ്ട്.

പഞ്ചായത്തിൽ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടർ ട്രെയിനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. 12 അംഗൻവാടിയും 3 നിലത്തെഴുത്ത് ആശാൻ കളരികളും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിൽ ലൈബ്രറിയും ലാബും പ്രവർത്തികുന്നുണ്ട്. L.P., U.P. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

സാമ്പത്തിക - സാമൂഹ്യ കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇവിടെ വച്ച് പഠനം നിർത്തുന്നുണ്ട്. പഠനം നിർത്തിയവരുടെ (1995-96ലേത്) കണക്ക് പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ കോട്ടയം ജില്ലയിലുള്ള പാലാ സെൻറ് തോമസ് കോളജ്, അൽഫോൻസ വനിത കോളജ്, ഹെൻറി ബേക്കർ കോളജ് മേലുകാവ്, സെൻറ് ജോർജ് കോളജ് അരുവിത്തുറ, ന്യൂമാൻ കോളജ് തൊടുപുഴ, സെൻറ് ജോസഫ്സ് കോളജ് മൂലമറ്റം എന്നീ വിദ്യാലയങ്ങളെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. എട്ട് ഗ്രാമ സഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമായി.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

മുട്ടം ഗവ. H.S.-ൽ 1995-96 വർഷം മാത്രമാണ് സമരം മൂലം കൂടുതൽ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടാത്ത വർഷം. മുൻവർഷങ്ങളിൽ അനാവശ്യ സമരങ്ങൾ മൂലം ക്ലാസുകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

സമരം പൂർണ്ണമായും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

സാമ്പത്തിക ബുദ്ധിമുട്ടും കുടുംബ ബന്ധങ്ങളുടെ തകർച്ചയും നിരവധി കുട്ടികളുടെ പഠന നിലവാരം കുറയാൻ കാരണമായിട്ടുണ്ട്.

അദ്ധ്യാപക രക്ഷാകർതൃ ബന്ധം വളർത്തിയാൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

അൺ എയിഡഡ് സ്കൂളുകളുടെ പ്രവർത്തനം സർക്കാർ സ്കൂളിനെ മാത്രമല്ല എയിഡഡ് സ്കൂളുകളെയും ദോഷകരമായി ബാധിക്കുന്നു.

അൺ എയ്ഡഡ് സ്കൂളുകൾ നിയന്ത്രിക്കുക.

സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, മിനിമം യോഗ്യത ഇല്ലാത്ത കുട്ടികളുടെ പ്രമോഷൻ നിർത്തലാക്കിയാൽ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും.

ഉച്ചക്കഞ്ഞി വിതരണത്തിനുള്ള മുഴുവൻ സാമ്പത്തിക സഹായവും സർക്കാർ വഹിക്കുക.

കുട്ടികളുടെ സാമൂഹ്യ ജീവിതത്തെ പരിതസ്ഥിതിയുമായി ബന്ധപ്പെടുത്തി സിലബസ് പരിഷ്കരിക്കുക.

തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകുക.

പഞ്ചായത്തിൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കുക.

ഗവ. ഹൈസ്കൂളിൽ കളി സ്ഥലം, സ്റ്റേജ് എന്നിവ നിർമ്മിക്കുകയും ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.

കലാ-കായിക അദ്ധ്യാപകരെ നിയമിക്കുക.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 20:1 ആക്കുക

ഇടപ്പിള്ളി പഞ്ചായത്ത് L.P. സ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക. ഒരു ക്ലാസ് മുറിയും ആവശ്യമായ അദ്ധ്യാപകരെയും നിയമിക്കുക.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വൈദ്യുതിയും കുടിവെള്ള സൗകര്യവും എത്തിക്കുക.

15 വയസിൽ താഴെ പ്രായമുള്ള കുട്ടികളെ കൂലിവേലക്ക് വിടുന്നത് തടയുകയും അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുക.

എല്ലാ സ്കൂളുകളിലും ലൈബ്രറികൾ സ്ഥാപിക്കുക.

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

ജീവനക്കാർക്കാർക്ക് ന്യായമായ വേതനം നൽകുക.

പഞ്ചായത്തിലെ 7-ാം വാർഡിൽ ഒരു നഴ്സറി സ്കൂൾ സ്ഥാപിക്കുക.

വടക്കൻമേട്ടിൽ ഒരു അംഗൻവാടി സ്ഥാപിക്കുക.

സ്കൂളുകളിലെ ഉച്ചക്കഞ്ഞി പാചകക്കാർക്ക് സർക്കാർ ശമ്പളം നൽകുക.

വിദ്യഭ്യാസരംഗം മെച്ചപ്പെടുത്താൻ അടിയന്തരമായി ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യതകളില്ലാതെ ബഹുജനപങ്കാളിത്തത്തോടെ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്. സ്കൂൾ പാർലമെന്റുകൾ, സ്കൗഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്ത്- ചിത്രമാസികകൾ, പൂന്തോട്ട-പച്ചക്കറി തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

മാസാന്ത്യപരീക്ഷകളും മാതൃസംഗമങ്ങളും ക്ലാസ്സ് പി.ടി.എ.കളും എല്ലാം ഒത്തുചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യാനാവും.

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

വിവരം		പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃ സംഘം സജീവം	പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	2	ഇല്ല	2	–	5	1	1	–	1	–	1	5	5
ഇല്ലാത്തത്	3	–	–		–	4	4	5	4	5	–	–	–

വിദ്യാർത്ഥികൾ അദ്ധ്യാപകർ പട്ടിക 1 - A

നമ്പർ		മാനേജ്മെന്റ്	അദ്ധ്യാപകൻ			വിദ്യാർത്ഥികൾ		
1			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
2	Govt. H.S. Muttom	ഗവ.	377	321	698	9	20	29
3	St. Thomas H.S. Thudaganadu	എയ്ഡ്	288	270	558	7	13	20
4	St.Thomas LPS Thudaganadu	എയ്ഡ്	88	106	194	0	6	6
5	St. Mary's LPS Kakobu	എയ്ഡ്	80	282	162	0	5	5
	Panchyath LPS Edapalli	പഞ്ചായത്ത്	37	25	62	0	3	3

LP,UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	എൽ.പി		യു.പി.		എച്ച്.എസ്.	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1674	315	326	315	326	288	254

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ വിദ്യർത്ഥികൾ	എൽ.പി	യു.പി.		എച്ച്. എസ്.	
	SC/ST	ആകെ	SC/ST	ആകെ	SC/ST
641	64	491	52	542	58

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
4	2	6	14	3	17
				ആകെ	23

ഗവ. സ്ക്കൂളിലെ അദ്ധ്യാപകരുടയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ ആദ്ധ്യാപകർ (പഞ്ചായത്തിൽ)	ഗവ.വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം
63	29	29	1674	698

ഭൗതിക സാഹചര്യങ്ങൾ

സ്ക്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
ഗവ.എച്ച്.എസ്. മുട്ടം	698	29	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സെന്റ് തോമസ് എച്ച്. എസ്. തുടങ്ങനാട്	558	20	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സെന്റ് തോമസ് എൽ.പി. എസ്. തുടങ്ങനാട്	194	6	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സെന്റ് മേരീസ് എൽ.പി. എസ്. കാക്കൊമ്പ്	162	5	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
പഞ്ചായത്ത് എൽ.പി. എസ്. ഇടപ്പിള്ളി	62	3	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല

5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ വായു ശുദ്ധമായ വെള്ളം ശുചിത്വമുള്ള പാർപ്പിടം എന്നിവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90 % ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്ത് വക 14 കിണറുകളും 20 കുഴൽകിണറുകളും ഉണ്ട്. മിക്ക കിണറുകളും ജനുവരിമാസത്തോടെ വറ്റുന്നകിണറുകളാണ്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 3 ശുദ്ധജലവിതരണ പദ്ധതികളുണ്ട്. ഇതുകൊണ്ട് 20 % മാത്രം ജനങ്ങൾക്കെ തികയുന്നുള്ളു.

കുടിവെള്ളം ശേഖരിക്കുന്നതിനായി 2 മുതൽ 4 കി.മീ വരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. മഠത്തിപ്പാറ, എള്ളുംപ്പുറം, വേങ്ങചാഞ്ഞപാറ, പെരുംകുന്ന്, കോച്ചേരി, ഇടപ്പിള്ളി, പാണ്ടൻകല്ല്, പുറവിള, കന്യാമല, പുഞ്ചപ്പറമ്പ് കോളനി, കാളിക്കുന്ന്, വാഴമല, കരിവരത്തണ്ട്, മുഞ്ഞനാട്ട്കുന്ന്, ആശാരിപാറ, തൈപ്പറമ്പ് ഭാഗം, ഇല്ലിചാരി ഭാഗം, ഓലിക്കൽ കോളനി, പുഞ്ചക്കുന്ന്, ശങ്കരപ്പിള്ളി എന്നീ സ്ഥലങ്ങളിലാണ് അതിരൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങൾ

പട്ടിക-3 കുടിവെള്ളപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ് 1

മുഞ്ഞനാട്ടുകുന്ന്, ശങ്കരപ്പിള്ളിലക്ഷം വീട് കോളനി: മുഞ്ഞനാട്ടുകര ഭാഗത്തു ടാങ്കുകെട്ടി ഡാമിൽ നിന്ന് വെള്ളം പമ്പു ചെയ്ത് അമ്പാട്ടുകോളനിയിലും പരിസരപ്രദേശങ്ങളിൽലും ശുദ്ധജലം എത്തിക്കുക.

വാർഡ് 2

മാത്തപ്പാറ IHDP കോളനി: K.W.A യുടെ പൈപ്പു ലൈൻ നീട്ടുക

വാർഡ് 3

ഇടപ്പിള്ളി ഭാഗം: ഇല്ലിചാരി വാട്ടർ സപ്ലൈസ്കീമിൽ പമ്പിംഗ് മെയിനിലുള്ള ടാപ്പുകൾ നീക്കം ചെയ്യുക. ലൈൻ എക്സ്റ്റൻഷനുകളും പൊതുടാപ്പുകളും ഇടുക. ഇടപ്പിള്ളി ഭാഗത്ത് കുഴൽകിണർ കുഴിച്ച് ഇടപ്പിള്ളി മേഖലയിൽ വസിക്കുന്നവർക്ക് ശുദ്ധജലവിതരണം നടത്തുക.

വാർഡ് 4

വാഴമല, കാളിക്കുന്ന്, കരിവരതണ്ട്, ആശാരിപ്പാറ, തൈപ്പറമ്പ് ഭാഗം: ഇല്ലിചാരി സ്കീമിൽ നിന്നും പൈപ്പ്ലൈൻ നീട്ടുക. കാളിക്കുന്ന് ടാങ്കിലേക്ക് കണക്ഷൻ കൊടുക്കുക. പഞ്ചായത്തുവക L.P സ്കൂളിലേക്കുള്ള വാട്ടർ ടാങ്കിലേക്ക് കണക്ഷൻ കൊടുക്കുക. ഇടപ്പിള്ളി ഭാഗത്ത് കുളം കുഴിച്ച് ഇല്ലിചാരി കുഴൽകിണറിന് സമീപംതാമസിക്കുന്നവർക്ക് വെള്ളം വിതരണം ചെയ്യുക.

വാർഡ് 5

കോച്ചേരി, പെരുംക്കുന്ന്, പുറവിള, പാണ്ടൻക്കല്ല്: കുഴൽകിണറുകൾ സ്ഥാപിക്കുക. മുകളിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വെള്ളം വിതരണം ചെയ്യുക. മൈക്രോ വാട്ടർ പദ്ധതിപ്രകാരം പാമ്പയ്ക്കവയൽ ഭാഗത്ത് കുളംകുഴിച്ച് വെള്ളം പെരുംകുന്നിൽ എത്തിക്കുക.

വാർഡ് 6

മഠത്തിപ്പാറ-വള്ളിപ്പാറ: വാട്ടർ സപ്ലൈസ്കീമിന് എത്രയുംവേഗം സാങ്കേതിക അനുമതി നൽകി പണിതുടങ്ങുക

വാർഡ് 7

എള്ളുംപുറം: 10 ലക്ഷം രൂപാ മുടക്കി എള്ളുംപുറം വാട്ടർ സപ്ലൈസ്കീമിന്റെ ബാക്കിയുള്ള പ്രവർത്തനത്തിനും, മലങ്കരഡാമിൽ നിന്നു വെള്ളം കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനത്തിനും ആവശ്യമായ ഫണ്ട്

അനുവദിക്കുക.

വാർഡ് 8

കൊല്ലംകുന്ന്: കൊല്ലംകുന്ന് വാട്ടർ സപ്ലൈസ്കീമിന് ആവശ്യമായ ഫണ്ട് അനുവദിക്കുക. ലോകബാങ്ക് സഹായത്തോടെ ഒരു കോടി രൂപായുടെ വാട്ടർ സ്കീം നടപ്പാക്കുക.

N:B. ലോകബാങ്ക് സഹായത്തോടെ 16 കോടിയിൽ പരം രൂപാ ചിലവ് വരുന്ന മുട്ടം വാട്ടർ സപ്ലൈ സ്കീം നിലവിൽ വന്നെങ്കിൽ മാത്രമേ വേനൽക്കാലത്തെ ശുദ്ധ ജലക്ഷാമത്തിന് പരിഹാരമാവുകയുള്ളു.

1. ഇടത്തരം പദ്ധതികൾ

കൂടിയ ജലലഭ്യതയുള്ള പ്രദേശങ്ങളായ കുഴിയനാൽ, ഇടപ്പള്ളിപ്പാടം, തുടങ്ങനാട്, എന്നീ ഭാഗങ്ങളിൽ കുളങ്ങൾ ഉണ്ടാക്കിയും കുഴൽകിണറുകൾ സ്ഥാപിച്ചും കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

2 പഞ്ചായത്തുതല പദ്ധതി

കുഴിയനാൽ തോട്ടിൽ തോണിക്കല്ല്, വള്ളിപ്പാറ ഭാഗം, പരപ്പനാൽ തോട്ടിൽ പോളിടെക്നിക്ക് ഭാഗം,അമ്പലകടവ്, കരിമ്പാനിതോട്,എന്നിവടങ്ങളിൽ ചെക്ക്ഡാം കെട്ടി ജലാംസംഭരിച്ച് കൃഷിക്കും, കുടി വെള്ളത്തിനുമായി ഉപയോഗിക്കാം.

3 മറ്റ് നിർദ്ദേശങ്ങൾ

1. ഉയർന്ന പ്രദേശങ്ങളിൽ നീർകുഴികൾ കുഴിക്കുകയും കയ്യാലകൾ കെട്ടി മഴവെള്ളസംഭരണം വർദ്ധിപ്പിക്കുകയും ചെയ്യുക. ഇതിനുള്ള സാമ്പത്തിക സഹായവും ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പാക്കുക.
2. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ കെട്ടുക.
3. മഴവെള്ളസംഭരണത്തിന് സംഭരണത്തിന് കുഴികളും ഉപയോഗപ്രദമല്ലാത്ത കിണറുകളും ഉപയോഗപ്പെടുത്തുക.

പൊതുജനാരോഗ്യം

മുട്ടം ഗ്രാമപഞ്ചായത്തിൽ ഒരു ആരോഗ്യകേന്ദ്രവും രണ്ട് സബ്സെൻററുകളുമാണ് പ്രവർത്തിക്കുന്നത്. 7 ആയുർവേദ സ്ഥാപനങ്ങളും 3 സ്വകാര്യ ആശുപത്രികളും 2 ഹോമിയോ ക്ലിനിക്കുകളും രണ്ട് മർമ്മചികിത്സാലയവും ഒരു യോഗാഭ്യാസകേന്ദ്രവും ഉണ്ട്

സർക്കാർ ഉടമയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തം ഊർജിതമാക്കേണ്ടേതാണ്. എള്ളുമ്പുറത്ത് പ്രവർത്തിക്കുന്ന സബ്സെന്ററിൽ ആവശ്യത്തിന് മരുന്നും ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനവും ലഭ്യമാക്കണം. മുട്ടം പ്രാഥമികാരോഗ്യകേന്ദ്രത്തിന് 35 കിടക്കകളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം ഉടനെ തുടങ്ങേണ്ടതാണ്.

മുട്ടം ഗവ: ആശുപത്രയിൽ ഒരു ഗൈനക്കോളജി സ്റ്റിനെ നിയമിക്കുക. ഇല്ലിചാരി (ഇടപ്പിള്ളി) സ്കൂളിന് സമീപം ഒരു സബ്സെൻറർ അനുവദിക്കുക. പഴയമറ്റം, വിച്ചാട്ടുകവല, കരിക്കനാംപാറ, ഇടപ്പള്ളി വടക്കും മേട്, വള്ളിപ്പാറ എന്നിവിടങ്ങളിൽ ആയുർവേദാശുപത്രികളും തുടങ്ങനാട്ടിൽ ഒരു ഹോമിയോ ആശുപത്രിയും അനുവദിക്കുക.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണകാര്യത്തിൽ മരുന്നുകളോടൊപ്പം പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. ഫീൽഡ് വർക്കർമാരുടെ ഈ രംഗത്തെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുക. ഈ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തുപറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു.

കക്കൂസ്

പൊതുജനാരോഗ്യ രംഗത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രാഥമികമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ ഏതാണ്ട് 50 % വീടുകൾക്കും കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം, വയറിളക്കം തുടങ്ങിയ രോഗങ്ങൾ താരതമ്യേന കണ്ടുവരുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെകാണുംപ്രകാരം സംഗ്രഹിക്കാം.

തടസ്സകാരണം – പരിഹാരം

1. **സാമ്പത്തിക പരാധീനത** – സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തികസമാഹരണം നടത്താവുന്നതാണ്.
2. **സ്ഥലപരിമതിയുള്ള കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും**–പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
3. **ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ** ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാക്ലാസ്സുകൾ , ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സ്ലൈഡ്, വീഡിയോ എന്നിവയിലൂടെ ജനങ്ങളെ ബോധവാന്മാരാക്കുക.

ശങ്കരപ്പിള്ളി ഹരിജൻ കോളനിയിലും അമ്പാട്ട് കോളനിയിലും പുഞ്ചപ്പറമ്പ് കോളനി, മാത്തപ്പാറ ഹരിജൻ കോളനി, എന്നിവിടങ്ങളിലും പൊതുകക്കൂസുകൾ നിർമ്മിക്കണം.

പരിസര ശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരിക്കലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭയിൽ ഉയർന്ന് വന്നിട്ടുണ്ട്. സ്ഥലപരിമതിയുള്ളിടത്ത് പന്നിവളർത്തൽ പരിസരശുചിത്വത്തെ കാര്യമായി ബാധിക്കുന്നതായി പരാതികൾ ഉയർന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ നഗരവൽക്കരണവും ജനസംഖ്യാവർദ്ധനവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയുണ്ട്. മുട്ടം ടൗണിലെ ഓടകൾ വൃത്തിഹീനമായതിനാലും , ഹോട്ടലുകളിലെ മലിന ജലം ഓടകളിലേക്ക് ഒഴുകുന്നതിനാലും വെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകുന്നു. അതിനാൽ ഓടകൾ വൃത്തിയാക്കുന്നതിനും, ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും പഞ്ചായത്ത് ജീവനക്കാരെ നിയമിക്കേണ്ടതാണ്.

മുട്ടം ഗ്രാമപഞ്ചായത്ത് ക്ലീൻ പഞ്ചായത്ത് എന്നൊരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുകയാണ് വേണ്ടത്. പഞ്ചായത്തിൽ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ ഫുഡ് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഹെൽത്ത് കാർഡുകൾ നല്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുജനാരോഗ്യത്തിന് ഹാനികരമാവുന്ന ഫാക്ടറികൾക്ക് പഞ്ചായത്ത് അനുമതിനൽകാതിരിക്കുക. മുട്ടം ക്രംബ് ഫാക്ടറിയിൽ നിന്നും പുറത്തേയ്ക്കൊഴുകുന്ന മലിനജലം ശുദ്ധീകരിക്കാത്തതുകാരണം പരപ്പാൻ തോട്ടിലെ ജലം മലിനമാകുന്നു. ഈ നടപടികൾ കൈകൊള്ളേണ്ടതാണ്.

1-ാം വാർഡിൽ M.V.I.P യുടെ കാച്ച്മെൻറ് ഏരിയാ സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനും പഞ്ചായത്ത് പ്രദേശത്തേയ്ക്ക് മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ മൂന്ന് ശുദ്ധജല വിതരണ ടാങ്കിലുമെത്തുന്ന ജലം ശുദ്ധീകരിച്ച് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി P.V.C പൈപ്പുകൾ ശുദ്ധജലവിതരണത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്.

ഉണക്ക മത്സ്യം, പച്ചമത്സ്യം എന്നിവ വില്പന നടത്തുന്ന പ്രദേശത്ത് ക്ലോറിനേഷൻ നടത്തേണ്ടതാണ്. കുപ്പകൾ കൂടിക്കിടക്കുന്നത് കത്തിച്ചുകളയേണ്ടതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റ് ആക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹ പരിസരം ശുചിയായി സൂക്ഷിക്കുവാനാകും. വീടിനടുത്ത് മലിനജലം കെട്ടിക്കിടക്കുന്നത് തടയുക. കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക. വീടുകളിൽ D.D.T തളിക്കുക. തുടങ്ങിയ മാർഗ്ഗങ്ങളിൽ കൊതുക്, ഈച്ച, നശീകരണം ഫലപ്രദമാക്കാനാവും. ഈ പ്രവർത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം സന്നദ്ധസേവകരെയും ഉപയോഗപ്പെടുത്താവുന്നതാണ്.

പാരമ്പര്യവൈദ്യശാല

പാരമ്പര്യവൈദ്യന്മാരുടെ കൂടിച്ചേരൽ നടത്തിയാൽ പലതായി ചിതറിക്കിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ആയുർവേദരംഗത്ത് ഔഷധസസ്യങ്ങളുടെ രൂക്ഷമായ ദൗർലഭ്യം പരിഹരിക്കാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തുതല ഔഷധ സസ്യ സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിന്റെ തരിശായി കിടക്കുന്ന പുറമ്പോക്ക് സ്ഥലങ്ങളും ഉപയോഗപ്പെടുത്താം.

പഞ്ചായത്ത് വാസികളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, പുകയില കൂട്ടുള്ള മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണ പ്രവർത്തങ്ങൾ വഴി നിയന്ത്രിക്കാം. രക്തദാനത്തെക്കുറിച്ച് ജനങ്ങളുടെ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുവാനും, നേത്രദാനത്തിന്റെ മഹത്വം ബോധപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുവാനും ശ്രമിക്കണം. ജില്ലാ നേത്രബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യം അർഹിക്കുന്നവയാണ്.

വയോജന ആരോഗ്യം

സമൂഹത്തിലെ മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജനാരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവും ആയപ്രശ്നങ്ങൾ പ്രത്യേകം കൈകാര്യംചെയ്യാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും കൂട്ടിയിണക്കിയാൽ ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്കുകഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ കൂട്ടായ ശ്രമവും.

□

5.6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ നാഴിക ക്കല്ലാണ് റോഡ്. ഇന്ന് നമ്മൾ റോഡിന്റെ വികസന ത്തിനു വേണ്ടി ഫണ്ടുകൾക്ക് മുറവിളി കൂട്ടുമ്പോൾ ഒരു നിമിഷം ചിന്തിക്കൂ... നമ്മുടെ പൂർവ്വികരുടെ കായികാദ്ധ്വാ നത്തിന്റെ പരിണിത ഫലങ്ങളാണ് പല റോഡുകളും.

1953-ൽ ഈ പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ വളരെ കുറച്ചു റോഡുകൾ മാത്രമേ നിലവിലുണ്ടായിരു ന്നുള്ളൂ. ഈ റോഡുകൾ നാടിന്റെ വികസനത്തിന് തുടക്കം കുറിക്കുന്നതിന് സഹായിച്ചു.

മുട്ടം പഞ്ചായത്തിലെ ഏക ഗതാഗത മാർഗ്ഗം റോഡാണ്. ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് തൊടു പുഴ പുളിയൻമല സംസ്ഥാന പാതയാണ്. മുട്ടം - കരി ങ്കുന്നം, മുട്ടം - ഈരാറ്റുപേട്ട, മുട്ടം - പാലാ, തോട്ടുംകര - കുഴിയനാൽ എന്നീ റോഡുകളാണ് ഈ പഞ്ചായത്തി ലൂടെ കടന്നു പോകുന്ന P.W.D. റോഡുകൾ. ഏകദേശം 20.72 Km ടാർ ചെയ്ത പഞ്ചായത്ത് റോഡുകളും 52.853 KM ടാർ ചെയ്യാത്ത മൺ റോഡുകളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

ഇത്രയെല്ലാം റോഡുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും പല റോഡുകളുടെയും അവസ്ഥ ശോചനീ യമാണ്. ഇതിനെല്ലാം കാരണം ഫണ്ടുകളുടെ അപര്യാ പ്തതയും ഉള്ള ഫണ്ടുകൾ വേണ്ട രീതിയിൽ പ്രയോജന പ്പെടുത്താതിന്റെ കുറവുമാണ്.

മുട്ടം പഞ്ചായത്തിൽ നിലവിൽ ഒരു ടാക്സി സ്റ്റാന്റോ, ബസ് പാർക്കു ചെയ്യുന്നതിന് സൗകര്യങ്ങളോ ഇല്ല. പഞ്ചായത്തിന് മുട്ടം ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥലമുള്ളതിനാൽ അവ വേണ്ട രീതിയിൽ പ്രയോജന പ്പെടുത്തികൊണ്ട് ഒരു ബസ് സ്റ്റാൻന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിത് മുട്ടം പഞ്ചായത്തിന്റെ മുഖഛായ മാറ്റിയെടുക്കുന്നതിന് സാധിക്കും. ടൗണിലെ തിരക്കൊഴി യുവാൻ മൂലമറ്റം റോഡിലുള്ള M.M. ഹോസ്പിറ്റൽ ജംഗ്ഷനിൽ നിന്നും മാർക്കറ്റിൽ കൂടി പേട്ട റോഡിലേക്ക് എത്തുന്ന ബൈപാസ് റോഡ് നിർമ്മിക്കേണ്ടതാണ്. ഇവ യെല്ലാം പ്രാവർത്തികമായാൽ ടൗണിന്റെ സമഗ്രമായ ഒരു വികസനം സാദ്ധ്യമാകും.

മുട്ടം പഞ്ചായത്തിലെ ഏറ്റവും അധികം ജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും വികസന സാദ്ധ്യത യുള്ളതുമായ റോഡാണ് പഴയമറ്റം -ഇടപ്പിള്ളി - മുട്ടം റോഡ്.

മുട്ടം പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വാർഡിന്റെ പല ഭാഗങ്ങളിലും മലമ്പ്രദേശങ്ങളിലേക്ക് റോഡ് വെട്ടുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്. ആയതിനാൽ ഇവിടെ താമസിക്കുന്ന ആളുകളുടെ സൗക ര്യങ്ങളെ മാനിച്ചുകൊണ്ട് ഈ പ്രദേശത്തേക്ക് താൽക്കാ ലികമായി എങ്കിലും നടപ്പാത കെട്ടി ഇവിടെയുള്ള ആളു കൾക്ക് ഒരു പരിധിവരെയെങ്കിലും ആശ്വാസം നൽകേണ്ട താണ്. ഏകദേശം 36- ഓളം പുതിയ റോഡുകൾ വെട്ടി ത്തുറക്കേണ്ടതായിട്ടുള്ള നിർദ്ദേശങ്ങൾ വിവിധ ഗ്രാമസഭ കളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക - A

പൂർണ്ണമായും ടാറിട്ട റോഡുകൾ

1. തുടങ്ങനാട് - മറ്റത്തിപ്പാറ റോഡ്
2. ചള്ളാവയൽ - പൊതിചോറ്റുപാറ
3. കുഴിയനാൽ - കാക്കൊമ്പ്

പട്ടിക – B

പൂർണ്ണമായും, ഭാഗികമായും, ടാറിടേണ്ട പഞ്ചായത്തു റോഡുകൾ

1. മുട്ടം – മാത്തപ്പാറ
2. മുട്ടം – ഊരക്കുന്ന്
3. മുട്ടം – ഇടപ്പള്ളി
4. ശങ്കരപ്പള്ളി – കാക്കൊമ്പ്
5. ശങ്കരപ്പള്ളി – കോളപ്ര
6. തുടങ്ങനാട് – മുതിരപ്പാറ
7. പഴയമറ്റം – ഇടപ്പള്ളി
8.. രാജീവ് റോഡ്
9. എള്ളുംപുറം – കണ്ടത്തിമാവ്
10. എള്ളുംപുറം – സാംനഗർ
11. തുടങ്ങനാട് – വാഴമല
12. മുട്ടം – അമ്പലക്കടവ്
13. കുഴിയനാൽ – കാക്കൊമ്പ്
14. പാറേപ്പീടിക – കോച്ചേരി
15. പള്ളിക്കവല – കുഴിയനാൽ
16. പഴയമറ്റം – ഒറ്റല്ലൂർ
17. തുടങ്ങനാട് – കന്യാമല
18. കുഴിയനാൽ – കൊല്ലംകുന്ന്
19. മുട്ടം – ശങ്കരപ്പള്ളി (Via) ഒറ്റത്തെങ്ങ്
20. വടക്കുമേട് – അടുർമല
21. പഴയമറ്റം – വാഴമല
22. ഇടപ്പള്ളി – ഇല്ലിചാരി
23. ഇടപ്പള്ളി – പ്ലാന്റേഷൻ
24. ഇടപ്പള്ളി – കന്യാമല
25. മുട്ടം – കുരിശുമല (Via) ഹെൽത്ത് സെൻറർ റോഡ്
26. വടക്കുംഭാഗം – കാക്കൊമ്പ്
27. മുട്ടം – കോഞ്ഞാറ
28. വള്ളിപ്പാറ – കുഴിയനാൽ
29. ഇടപ്പള്ളി – കന്യാമല
30. മുട്ടം – പമ്പുഹൗസ്
31. തുടങ്ങനാട് – കരിമ്പാനി

പട്ടിക C

ഗ്രാമസഭകളുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് പുതിയതായി ഏറ്റെടുക്കേണ്ടതും പണികൾ നടത്തി ടാറിടേണ്ടതുമായ റോഡുകൾ.

1. ശങ്കരപ്പള്ളി ലക്ഷംവീട് കോളനി – പള്ളിപ്പറമ്പു റോഡ്.
2. ശങ്കരപ്പള്ളി – മാത്തപ്പാറ കോളനി റോഡ്, അമ്പാട്ടു കോളനി വഴിയുള്ള റോഡുമായി ബന്ധിപ്പിക്കുക
3. മാത്തപ്പാറ – അമ്പാട്ടു കോളനി റോഡ്
4. 1–ാം വാർഡിൽ മുട്ടം ഷാപ്പിൻപടി – അമ്പാട്ടു കോളനി റോഡ്
5. ശങ്കരപ്പള്ളി – ഹരിജൻ കോളനി
6. കുരിശുപള്ളി – മണ്ടന്മാക്കൽ കോളനി
7. മുണ്ടയ്ക്കാട്ട് – തെക്കുംമറ്റം
8. കുന്നംകോട് കവല – മലങ്കര എസ്റ്റേറ്റ്
9. കുന്നംകോട് – പാമ്പനാനി (കരിക്കനാംപാറ റോഡ്)
10. കുറ്റ്യാനി ജംഗ്ഷൻ – മഠത്തിപറമ്പ് എസ്റ്റേറ്റ്
11. കുരിശുപള്ളി – ഇടപ്പള്ളി റോഡും, മുട്ടം SC/ST കോളനി പമ്പ് ഹൗസ് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്.
12. ചള്ളാവയൽ – കന്യാമല
13. വിച്ചാട്ടുകവല – ലക്ഷംവീട് കോളനി
14. മഞ്ഞക്കുന്ന് – ഒറ്റല്ലൂർ
15. പച്ചിലാംകുന്ന് – കൊല്ലംകുന്ന്
16. ശങ്കരപ്പള്ളി – രണ്ടുതോട്
17. പൊതിചോറ്റുപാറ – പെരുംകുന്ന് റോഡിൽ മുതുപേഴത്തുങ്കൽ മുതൽ പെരുംകുന്ന് വരെ
18. ചള്ളാവയൽ – പുഞ്ചക്കുന്ന്
19. പഞ്ചായത്ത് ഓഫീസ് – മുഞ്ഞനാട്ട് കുന്ന് റോഡ് മുഞ്ഞനാട്ടു കുന്നു വഴി അമ്പാട്ടു കോളനി വരെ ദീർഘിപ്പിക്കുക.
20.. ശങ്കരപ്പള്ളി – കാക്കൊമ്പ് റോഡ് വടക്കുംഭാഗത്തേക്ക് ദീർഘിപ്പിക്കുക.
21. കാക്കൊമ്പ് – പച്ചിലാംകുന്ന് റോഡ് നിർമ്മിച്ച് വടക്കുംമുറി റോഡുമായി ബന്ധിപ്പിക്കുക.
22. ക്രംബ് ഫാക്ടറി കവലയിൽ നിന്നും മാത്തപ്പാറ ലക്ഷംവീട് ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
23. ഇല്ലിചാരി കുഴൽകിണർ മുതൽ പാമ്പനാനി ഗേറ്റ് വഴി മലങ്കര എസ്റ്റേറ്റ് വരെ.
24. കുന്നംകോട് ജംഗ്ഷൻ മുതൽ കരിക്കനാംപാറ വഴി പാമ്പനാനി എസ്റ്റേറ്റ് വരെ
25. മുണ്ടയ്ക്കാട്ടു ഭാഗം മുതൽ ചള്ളാവയൽ വരെ
26. മലങ്കര എസ്റ്റേറ്റ് 16–ൽ കൂടി മൂന്നാം മൈൽ വരെ
27. ഇടപ്പള്ളി – കന്യാമല റോഡിൽ നിന്നും ഇടപ്പള്ളി സ്കൂൾ വരെ
28. ചള്ളാവയൽ – കോവല കോളനി
29. പഴയമറ്റത്തു നിന്നും കാളിക്കുന്നിന്
30 ചള്ളാവയൽ – കന്യാമല റോഡും തുടങ്ങനാട് – കന്യാമല റോഡും തമ്മിൽ കന്യാമലയുടെ അടിവാരത്തു

കൂടി യോജിപ്പിക്കുക.

31. ചള്ളാവയൽ – കന്യാമല റോഡിന്റെ അവസാനഭാഗം C.S.I. പള്ളിയുടെ ഭാഗത്തേക്ക് വെട്ടിത്തുറക്കുക.

32. പഴയമറ്റം – വാഴമല റോഡും തുടങ്ങനാട് – വാഴമല റോഡുമായി ബന്ധിപ്പിക്കുക.

33. തുടങ്ങനാട് ഫൊറോന പള്ളി മുതൽ വാഴമല വരെ റോഡു നിർമ്മിക്കുക.

34. കോച്ചേരി റോഡിൽ നിന്നും കോട്ടയം ജില്ലയുമായി ബന്ധിപ്പിക്കുന്ന റോഡു നിർമ്മിക്കുക.

35. കോച്ചേരി റോഡിൽ കാവുങ്കൽ നടുവിലെകുന്ന് ഭാഗത്തു നിന്നും ആരംഭിച്ച് പൊതിചോറ്റുപാറ റോഡുമായി ബന്ധിപ്പിക്കുക.

36. തുടങ്ങനാട് പള്ളിത്താഴത്തു നിന്നും പുറവിള റോഡുമായി ബന്ധിപ്പിക്കുക.

37. രാജീവ് റോഡിൽ നിന്നും പാണ്ടൻകല്ല് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

38. പുറവിള – മഠത്തിപ്പാറ പന്നികുന്ന് വഴി റോഡ് നിർമ്മിക്കുക.

39. പുറവിള – തുടങ്ങനാട് പന്നികുന്നു വഴി റോഡ് നിർമ്മിക്കുക.

40. അടൂർമല – വടക്കുംമേട് റോഡ് കാക്കൊമ്പ് – പച്ചിലാംകുന്നു റോഡുമായി ബന്ധിപ്പിക്കുക.

41. കോഞ്ഞാറ – പച്ചിലാംകുന്ന് റോഡ്

42. എള്ളുപുറം – സാം നഗർ റോഡിന്റെ സാം നഗറിൽ (വള്ളിപ്പാറ) യോജിക്കുന്ന ഭാഗം പൊന്നുംവിലക്ക് ഏറ്റെടുത്ത് വെട്ടിത്തുറക്കുക.

പ്രശ്നങ്ങൾ

പല റോഡുകൾക്കും ആവശ്യത്തിന് വീതിയില്ലാത്തതിനാൽ ലഭ്യമായ പല ഫണ്ടുകളും റോഡു വികസനത്തിന് വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്നു. വീതിയില്ലാത്തതിനാൽ പല റോഡുകൾക്കും ഓട വെട്ടുന്നതിന് സാധിക്കുന്നില്ല. ഇവ റോഡിന്റെ നിലവാരത്തെ മോശമാക്കുന്നു. റോഡുകൾക്ക് കലുങ്കുകളും ആവശ്യത്തിനില്ല. ഭൂരിഭാഗം റോഡുകൾക്കും സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ സൈഡ് ഇടിഞ്ഞ് റോഡ് നശിച്ചുകൊണ്ടിരിക്കുന്നു. റോഡുകളുടെ ആവശ്യത്തിലേക്കുള്ള സ്ഥലം വ്യക്തികൾ കൈയേറുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. റോഡുകളുടെ ഉപയോഗത്തിലും ജനങ്ങൾക്ക് വേണ്ടത്ര ശ്രദ്ധയില്ല. റോഡിലുള്ള പാലങ്ങൾ പലതും അപകട ഭീഷണി നേരിടുന്നവയാണ്. റോഡുകളിലേക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ, കൊടി മരങ്ങൾ തുടങ്ങിയവ ഗതാഗത തടസ്സം സൃഷ്ടിക്കുകയും അപകടം വിളിച്ചു വരുത്തുകയും ചെയ്യുന്നു. പല റോഡുകൾക്കും പാലം പുതിയതായി തീർക്കേണ്ടതുമുണ്ട്.

നിർദ്ദേശങ്ങൾ

1. ഗതാഗത തിരക്കുള്ള റോഡുകളിൽ വളവുകൾ നിവർത്തി ഗതാഗതം സുഗമമാക്കുക.
2. റോഡിലേക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക്, ടെലി ഫോൺ പോസ്റ്റുകൾ, വിവിധ സൈൻ ബോർഡുകൾ എന്നിവ കഴിയുന്നതും അകറ്റി സ്ഥാപിക്കുക.
3. അപകട സാദ്ധ്യതയുള്ള ഭാഗങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരത്ത് സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുക.
4. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക.
5. മുട്ടം ടൗണിലും അതുപോലെ ആവശ്യമെന്നു തോന്നുന്ന എല്ലാ സ്ഥലങ്ങളിലും ഓടകൾക്ക് മുകളിൽ സ്ലാബിടുക.
6. റോഡിന്റെ ആവശ്യത്തിലേക്കായി സ്ഥലം നൽകുമ്പോൾ ഭാവി വികസനം കണക്കാക്കി, കുറഞ്ഞത് 8 മീറ്റർ വീതി കൊടുക്കുവാൻ നിർദ്ദേശിക്കുക.
7. റോഡും, റോഡ് പുറമ്പോക്കും കൈയേറുന്നവരുടെ പേരിൽ നിയമ നടപടികൾ നടത്തുക.
8. എല്ലാ ജംഗ്ഷനുകളിലും വെയിറ്റിംഗ് ഷെഡും ടോയ്ലെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക.
9. എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
10. എല്ലാ വാർഡുകളിലും ശ്രമദാനം ചെയ്യുവാൻ തയ്യാറുള്ള സ്കാഡുകൾ രൂപീകരിച്ച് റോഡിന്റെ സംരക്ഷണ ചുമതല അവരെ ഏൽപ്പിക്കുക.
11. ടാറില്ലാത്ത എല്ലാ റോഡുകളും ടാറിംഗ് നടത്തുക.
12. എല്ലാ റോഡുകൾക്കും സംരക്ഷണ ഭിത്തിയും കലുങ്കും നിർമ്മിക്കുക.
13. ഗ്രാമീണ റോഡുകൾക്ക് 8 മീറ്ററിൽ കുറവുള്ളതിനും എല്ലാ ഫണ്ടുകളും വിനിയോഗിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുക.
14. പഴയമറ്റം – ഇടപ്പള്ളി (via) – മുട്ടം റോഡിന്റെ പണി എത്രയും വേഗം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി ബസ് സർവീസ് ആരംഭിക്കുക.
15. ടി റോഡ് P.W.D. ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
16. ചള്ളാവയൽ – പൊതിചോറ്റുപാറ റോഡ് P.W.D. ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
17. എള്ളുംപുറം – കണ്ടത്തിമാവ് (നീലൂർ) റോഡ് P.W.D. ഏറ്റെടുത്തിട്ടുള്ളത് എത്രയും വേഗം പണി ആരംഭിക്കുക.
18. ചള്ളാവയൽ – പൊതിചോറ്റുപാറ റോഡിൽ കുടക്കല്ല് പഞ്ചായത്തു കിണറിനു സമീപമുള്ള വളവും, തണ്ണിക്കോട് വളവും നിവർത്തിയും, മുഴുവൻ ഓടകളും നിർമ്മിച്ചും റീ ടാറിംഗ് നടത്തുക.
19.. തുടങ്ങനാട് – മുതിരപ്പാറ റോഡിന്റെ പണികൾ

തീർത്ത് ബസ് സർവ്വീസ് ആരംഭിക്കുക.

20. തോട്ടുംകര – കുഴിയനാൽ (via) – പള്ളിക്കവല റോഡ് ഗതാഗത യോഗ്യമാക്കി ബസ് സർവ്വീസ് ആരംഭിക്കുക.

21. തുടങ്ങനാട് – മറ്റത്തിപ്പാറ റോഡ് റീടാറിംഗ് നടത്തി ബസ് സർവ്വീസ് ആരംഭിക്കുക.

22. കുഴിയനാൽ – കാക്കൊമ്പ് റോഡ് പ്രകൃതിക്ഷോഭത്തിൽ തകർന്ന ഭാഗം പുനർ നിർമ്മാണം നടത്തുക.

23. താഴെ പറയുന്ന സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുക

a. മുട്ടം – അമ്പലക്കടവ് റോഡിൽ പരപ്പാംതോടിന് കുറുകെ

b. കരിമ്പാനി തോടിന് കുറുകെ കരിമ്പാനി ഭാഗത്ത്

c. പമ്പു ഹൗസിന്റെ ഭാഗത്തു നിന്നും കരിക്കനാംപാറ കണ്ണാടിപ്പാറ ഹരിജൻ കോളനിയിലേക്ക്

d. ഇടപ്പള്ളി തോടിന് കുറുകെ

e. കുഴിയനാൽ തോടിന് കുറുകെ പള്ളിക്കവല ഭാഗത്ത്

f. വെള്ളാരംകല്ല് തോടിന് കുറുകെ പുഞ്ചക്കുന്ന് ഭാഗത്ത്

g. കാക്കൊമ്പ് റോഡിനു പാലം

h. ശങ്കരപ്പിള്ളി – കാക്കൊമ്പ് റോഡിൽ – (എം.വി.ഐ.പി. റോഡ്) നടപ്പാലം നിർമ്മിക്കണം.

23. താഴെപ്പറയുന്ന സ്ഥലങ്ങളിൽ നടപ്പാത നിർമ്മിക്കുക

a. ആശാരിപാറ

b. തൈപ്പറമ്പ്

c. വാഴമല

d. കാളികുന്ന് ഭാഗം

e. കന്യാമല

f. ഇല്ലിചാരി

g. പുള്ളോലിഭാഗം

h. നടകെട്ടിപ്പാറ

i. കരിക്കനാംപാറ

j. കാറുകാൻപാറ

k. അറയാനിപാറ

l. ശങ്കരപ്പള്ളി ഭാഗത്ത്

m. വള്ളിപ്പാറ – തടത്തിപ്ലാക്കൽ ഭാഗം

n. നെല്ലിയാനിക്കുന്നേൽ ഭാഗം

o. പാണ്ടൻകല്ല് കോളനി

p. പള്ളി കോളനി

q. മുതിരപ്പാറ ഭാഗത്ത്

r. പുള്ളോലി ഭാഗം

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ള ജനശക്തിയും പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഉപയോഗിച്ചു കൊണ്ട് ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാം.

ഊർജ്ജം

വൈദ്യുതിരംഗം

1959-ലാണ് മുട്ടം പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിയുടെ പ്രകാശ കിരണങ്ങൾ പ്രഭ ചൊരിയുന്നത്. ഈ വൈദ്യുതിയുടെ വരവ് ആധുനിക പുരോഗതിയുടെയും സുഖസൗകര്യങ്ങളുടെയും ചുവടുവെയ്പ്പായി തീർന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്രയും വർഷങ്ങൾ നമ്മൾ പിന്നിട്ടെങ്കിലും 1765 ഉപഭോക്താക്കൾ മാത്രമേ ഇപ്പോഴും ഈ പഞ്ചായത്തിൽ ഉള്ളൂ എന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇനിയും പല സ്ഥലങ്ങളിൽ വൈദ്യുതി എത്തേണ്ടതായിട്ടുണ്ട്. തൊടുപുഴ, മൂലമറ്റം എന്നീ സെക്ഷൻ ഓഫിസുകളുടെ പരിധിയിലാണ് മുട്ടം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ 80 % ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക – വ്യാപാര ഉപഭോക്താക്കളും വ്യാവസായിക ഉപഭോക്താക്കളും വളരെ കുറച്ചു മാത്രമേയുള്ളൂ.

മുട്ടം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 207 തെരുവു വിളക്കുകൾ മാത്രമേ നിലവിൽ ഉള്ളൂ. ഈയിനത്തിൽ 1995-96 വർഷം 36372 രൂപ വൈദ്യുതി ചാർജ്ജായി പഞ്ചായത്ത് വിനിയോഗിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇല്ലിചാരി, പഴയമറ്റം, പഴയമറ്റം കുരിശുപള്ളി, തുടങ്ങനാട്, ചള്ളാവയൽ, തോട്ടുംകര, മുട്ടം ടൗൺ, മുട്ടം കുരിശുപള്ളി, ശങ്കരപ്പിള്ളി, എള്ളുംപുറം എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

വൈദ്യുതി എത്തിയിരിക്കുന്ന പല സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. വൈദ്യുതി കണക്ഷനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ധാരാളമാണ്. സ്ട്രീറ്റ് ലൈറ്റുകൾ പലതും എരിഞ്ഞു തീർന്ന് ഉപയോഗശൂന്യമായിരിക്കുന്നു. വൈദ്യുത ലൈനുകളിൽ മരച്ചില്ലകൾ തട്ടി വലിയ തോതിൽ പ്രസരണ വിതരണ നഷ്ടം സംഭവിക്കുന്നു. ഇലക്ട്രിസിറ്റി ബില്ല് അടയ്ക്കാനായി 15 കി.മി. ദൂരം സഞ്ചരിച്ച് മൂലമറ്റത്ത് പോവേണ്ടതായിട്ടാണുള്ളത്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പോലും തെരുവു വിളക്കുകൾ ഇല്ല.

നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് കറൻറ് ബില്ല് അടയ്ക്കുന്നതിന് മുട്ടം ഓവർസിയർ ഓഫീസിൽ നേരത്തെ ഉണ്ടായിരുന്ന സൗകര്യം പുനഃസ്ഥാപിക്കുക.

2. പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.

3. എല്ലാ ജംഗ്ഷനുകളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

4. സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി സൗജന്യമാക്കുക.

5. മുട്ടം ടൗണിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

6. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നയാളുകൾക്ക് വൈദ്യുതി കണക്ഷൻ കിട്ടുന്നതിനായിട്ടുള്ള സാമ്പത്തിക സഹായം നൽകുക.

7. മലങ്കര ഡാമിനോടനുബന്ധിച്ചുള്ള മിനി ജലവൈദ്യുത പദ്ധതിയുടെ പണികൾ ഉടൻ പൂർത്തീകരിക്കുക.

8. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. (എള്ളുംപുറം, ഇടപ്പള്ളി)

9. വൈദ്യുതി എത്തിക്കാൻ കഴിയാത്ത വിദൂരസ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

10. കഴിയുന്ത്ര വൈദ്യുതി ലൈനുകൾ റോഡുകളിലൂടെ മാറ്റി സ്ഥാപിച്ച് പ്രസരണ നഷ്ടം ഒഴിവാക്കുക.

11. പവർകട്ട് പൂർണ്ണമായും ഒഴിവാക്കുക.

12. ഗാർഹിക ഉപയോഗത്തിനുള്ള സൗജന്യ വൈദ്യുതിയുടെ യൂണിറ്റ് വർദ്ധിപ്പിക്കുക.

13.. വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് എത്രയും വേഗം കണക്ഷൻ കൊടുക്കുക.

വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

മുഞ്ഞനാട്ടുകുന്ന്, കാക്കൊമ്പ് തെക്കും കിഴക്കും ഭാഗം, പുള്ളോലി കോളനി ഭാഗം, കോട്ടയ്ക്കകം, കോളനി ഭാഗം, കാരിശ്ശേരി കോളനി ഭാഗം, പുലരിപാറ ഭാഗം, വടക്കുമേട്, തേൻവെട്ടി, അരിങ്കല്ല്, വാഴമല, തീക്കുഴിവേലി ഭാഗം കന്യാമല, തൈപ്പറമ്പ്, കോവല കോളനി, കരിവരത്തണ്ട് ഭാഗം, ആശാരിപാറ, പൂതക്കുഴി, മാത്തപ്പാറ കോളനി, പാണ്ടൻകല്ല് കോളനി, പുഞ്ചപ്പറമ്പ് കോളനി, തോണിക്കുഴി കോളനി, ചന്ദ്രൻകുന്നേൽ കോളനി, മുട്ടം കുരിശുമല, കാക്കൊമ്പ് പള്ളിയുടെ മുകൾ ഭാഗം, വടക്കൻമേട്, പച്ചിലാംകുന്ന്, അറയാനിപ്പാറ, ഒറ്റത്തെങ്ങു കോളനി, കരിക്കനാംപാറ, കണ്ണാടിപ്പാറ കോളനി, ഇടപ്പള്ളി ഭാഗം.

മിനി വൈദ്യുത പദ്ധതികൾ

വൻകിട ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കാതെ, വൈദ്യുതി ഉൽപാദനം നടത്താൻ കഴിയുന്ന രണ്ടു ചെറുകിട പദ്ധതി സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പരപ്പാൻതോട്ടിൽ അരുവിക്കുത്തിലും, തോണിക്കല്ലു ഭാഗത്തും ഓരോ ജലവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

പഞ്ചായത്തിലെ മിക്ക വീടുകളിലും സാധാരണ വിറകാണ് പാചകത്തിനു ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വളരെ കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവരും വളരെ തുച്ഛമാണ്. പുകയില്ലാത്ത അടുപ്പുകൾ, ഭക്ഷത കൂടിയ അടുപ്പുകൾ തുടങ്ങിയ സൗജന്യമായി വിതരണം ചെയ്യണം. വൈദ്യുതിയുപയോഗം കുറയ്ക്കാനായിട്ടുള്ള ഉപകരണങ്ങളെപ്പറ്റി ആളുകൾക്ക് അറിവു നല്കണം. പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും സോളാർവിളക്കുകളെപ്പറ്റിയും വൈദ്യുതിയുടെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വേണ്ടി അനർട്ടിന്റേയും വൈദ്യുതി ബോർഡിന്റേയും ആഭിമുഖ്യത്തിൽ പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. സൗരോർജ്ജ വിളക്കുകൾ വ്യാപകമായി വിതരണം ചെയ്യണം. കൃഷിഭവൻ വഴിയോ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ സബ്സിഡി അനുവദിക്കണം. റേഷൻ കടകളിൽ നിന്ന് മണ്ണെണ്ണ മിതമായ നിരക്കിൽ ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സോളാർ ലാമ്പുകൾ എല്ലാ സർക്കാർ ഓഫിസുകളിലും സ്ഥാപിക്കണം.

മുട്ടം പഞ്ചായത്തിൽ ഗ്യാസ് ഏജൻസികൾ അനുവദിക്കണം. അനർട്ടിന്റെ നേതൃത്വത്തിൽ സോളാർ സിസ്റ്റം പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കണം.


മാർക്കറ്റ്

ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള ഫലപ്രദമായ ഒരു വിപണി വികസിച്ച ഒരു സമൂഹത്തിന്റെ പ്രാഥമിക ആവശ്യമാണ്. കാർഷിക പഞ്ചായത്തായ മുട്ടം പഞ്ചായത്തിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് ശരിയായ ഒരു വിപണി ഇപ്പോഴുമില്ല. മുട്ടം പഞ്ചായത്തിൽ മുൻപ് സുലഭമായി വിപണനം നടത്തിക്കൊണ്ടിരുന്ന പല കാർഷിക വിളകളും നാമമാത്രമായി കഴിഞ്ഞിരിക്കുകയാണ്. പ്രധാന ഉൽപ്പന്നവും വരുമാന മാർഗ്ഗവും റബ്ബർ ആണ്. ഇതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപുലമായ ഒരു മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പ്രധാന കാർഷിക വിളകളായ നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, നെല്ല്, കൊക്കോ, കിഴങ്ങുവർഗ്ഗങ്ങൾ, കൈതച്ചക്ക ഇവയ്ക്കെല്ലാം പഞ്ചായത്തു

നേതൃത്വത്തിൽ പൊതുവിപണിയോ സഹകരണ വിപണിയോ സ്ഥാപിച്ചുകൊണ്ട് ഉൽപാദകർക്കു കിട്ടാവുന്നതിന്റെ പരമാവധി മൂല്യം ലഭിക്കത്തക്കതായ ഒരു സംവിധാനം ഏർപ്പെടുത്തണം. വാർഡുകളിൽ ആഴ്ച ചന്തകൾ ഏർപ്പെടുത്തണം. വിച്ചാട്ടുകവലയിൽ ഒരു മാർക്കറ്റ് ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളായ പഴയമറ്റത്തും ഇടപ്പിള്ളി പഞ്ചായത്തു സ്കൂളിനു സമീപത്തും ആഴ്ച ചന്തകൾ ഏർപ്പെടുത്തണം. ശങ്കരപ്പിള്ളി ഭാഗത്ത് മാംസ വ്യാപരത്തിനായി ആധുനിക രീതിയിലുള്ള സ്റ്റാൾ ഉടൻ നിർമ്മിക്കണം.

ഭക്ഷ്യ വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ വിതരണം ചെയ്യാൻ വേണ്ട സ്റ്റാളുകൾ പഞ്ചായത്തുവക സ്ഥലത്ത് ആരംഭിക്കണം. മുട്ടം ടൗണിൽ നിന്നും മൂലമറ്റം റൂട്ടിലുള്ള കരുണാ ഹോസ്പിറ്റലിന് സമീപമുള്ള പഞ്ചായത്തു കിണറിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സും കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കണം.



5.7

ഭവന നിർമ്മാണം സാമൂഹ്യക്ഷേമം

ഭവന നിർമ്മാണം

ഒരു കുലീനമായ ഗ്രാമത്തിന്റെ ഗാംഭീര്യവും ഓജസ്സും പേറുന്ന മുട്ടം പഞ്ചായത്ത് വികസനത്തിന്റെ പാതയിലൂടെ ഏറെ ദൂരം ഇനിയും സഞ്ചരിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസപരമായും, സാംസ്കാരികമായും ഉന്നത നിലവാരം പുലർത്തുന്ന ഇവിടുത്തെ ജനങ്ങളിൽ ഏറിയ പങ്കും ഇടത്തരം കർഷകരും, കർഷകതൊഴിലാളികളും ആണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് ഭൂരിപക്ഷം എന്നതു മൂലം ഇടത്തരം വീടുകളും കുറെ കുടിലുകളുമാണ് ഇവിടെയുള്ളത്. ഇവയിലേറിയ പങ്കും കോളനി പ്രദേശങ്ങളിലും മലഞ്ചെരിവുകളിലുമാണ്.

എന്നാൽ ടൗൺ പ്രദേശത്തും, P.W.D. റോഡിന് അഭിമുഖമായും ലക്ഷങ്ങൾ മുടക്കി വലിയ വീടുകളും ഇവിടെ നിർമ്മിക്കുന്നുണ്ട്. അതേ സമയം, സാമ്പത്തിക പരാധീനതയിൽ നട്ടം തിരിയുന്ന സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഭവന നിർമ്മാണ പ്രക്രിയയിൽ ഒട്ടേറെ തടസങ്ങളുണ്ട്.

1. അപര്യാപ്തമായ ഭവന നിർമ്മാണ വായ്പകൾ:

ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, ഹൗസിംഗ് സൊസൈറ്റി, കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവ നൽകുന്ന ഇടക്കാല, ദീർഘകാല വായ്പകളെ പഞ്ചായത്തിലെ ഒട്ടേറെ ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. എങ്കിലും അമിതമായ പലിശയും, വളരെ സങ്കീർണ്ണമായ പ്രവർത്തന രീതിയും ലഭ്യമാകുന്ന തുകയുടെ അപര്യാപ്തതയും മൂലം സാധാരണക്കാരന് വായ്പകളെ ആശ്രയിച്ചുകൊണ്ടുള്ള പാർപ്പിട നിർമ്മാണം ബാലികേറാമലയായി അവശേഷിക്കുന്നു.

2. M.V.I.P. പ്രദേശത്തെ കുടിലുകൾ:

മൂവാറ്റുപഴ നദീതട ജലസേചന പദ്ധതി പ്രദേശത്തും, പുറമ്പോക്കുകളിലും നിലനിൽക്കുന്ന കുടിലുകൾ പഞ്ചായത്തിലെ പാർപ്പിട രംഗത്തെ ഒരു പ്രശ്നമാണ്. യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ ഒരു കുടുംബം മുഴുവൻ ഒറ്റമുറി മാത്രമുള്ള ചെറു കുടിലുകളിൽ ഞെരുങ്ങിക്കഴിയുന്നത് സാമൂഹികവും, സാമ്പത്തികവും ആരോഗ്യപരവുമായ പ്രശ്നങ്ങളിലേക്കു നയിക്കുന്നു.

3. ലക്ഷംവീട് കോളനികളിലെ വീടുകളുടെ അറ്റകുറ്റ പണികളിലുണ്ടാകുന്ന കാലതാമസം:

കാലാകാലങ്ങളിൽ ലക്ഷംവീട് കോളനികളിലുള്ള വീടുകളുടെയും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളുടെ വീടുകളുടെയും അറ്റകുറ്റപണികളിൽ വരുന്ന കാലതാമസം മൂലം പല വീടുകളും ഭാഗികമായി നശിക്കുകയോ, നശിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നു. ഇതുമൂലം കാലപ്പഴക്കത്തിൽ അവ അപകട ഭീഷണി ഉയർത്തുകയും, വാസയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു.

4. ഭവന നിർമ്മാണ ചിലവിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധന

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിലുണ്ടാക്കുന്ന അമിതമായ വർദ്ധന എന്നിവ മൂലം സാധരണക്കാരന് ഭവന നിർമ്മാണം ഒരു സ്വപ്നമായി അവശേഷിക്കുന്നു. പഞ്ചായത്തിലെ കുടിലുകൾ കാലോചിതമായി പരിഷ്കരിക്കുവാനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകുവാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുന്ന വായ്പകളും, സഹായങ്ങളും അപര്യാപ്തമാണ്. അതിനാൽ പഞ്ചായത്തു തലത്തിൽ നിന്നും ആസൂത്രണം ചെയ്യുന്ന സമഗ്രമായ ഭവന നിർമ്മാണ – പരിഷ്കരണ പദ്ധതി തീവ്രതയോടെ നടപ്പിൽ വരുത്തിയെങ്കിലേ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളു. ഇതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. ഭവനരഹിത പ്രശ്ന പരിഹാരാർത്ഥം ആദ്യമായി ചെയ്യേണ്ടത് സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുക എന്നതാണ്. കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ ലഭ്യമാക്കുകയും ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും അദ്ധ്വാനം പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. പഞ്ചായത്തു തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് സാങ്കേതിക വിദഗ്ധരേയും, തൊഴിലാളികളെയും ആവശ്യാനുസരണം ലഭ്യമാക്കുകയും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ പൊതുവിതരണ ശൃംഖലയെ ബന്ധപ്പെടുത്തുകയും ചെയ്യണം. തൊഴിലാളികൾക്ക് പഞ്ചായത്തുതലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്താവുന്നതാണ്.

3. സർക്കാർ തലത്തിൽ ലഭ്യമാകുന്ന വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും, കാലതാമസവും ഒഴിവാക്കുകയും, അപേക്ഷകൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം നടത്തുകയും, സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തു തലത്തിൽ സൂക്ഷിക്കുകയും ചെയ്യുക.

4. ചിലവു കുറഞ്ഞ വീടുകൾക്കു പ്രചാരം നൽകുക.

5. രജിസ്ട്രാഫീസിലെ അമിതമായ ഫീസും, സങ്കീർണ്ണമായ വ്യവസ്ഥകളും, കാലതാമസവും ഒഴിവാക്കുക.

6. സർക്കാരിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

7. പുറമ്പോക്കുകളിൽ വീട് വയ്ക്കുന്നത് കർശനമായി തടയുകയും M.V.I.P. പ്രദേശത്ത് നിലവിലുള്ള കുടിലുകൾ അവിടെ നിന്നു മാറ്റി സ്ഥാപിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

8. കോളനികൾ സ്ഥാപിച്ചു കൊണ്ട് പാർപ്പിട പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ സങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ആയതിനാൽ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിൽ കോളനികൾ സ്ഥാപിക്കുകയും, വെള്ളം, വഴി, വിദ്യുച്ഛക്തി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

ഇപ്രകാരം വിവിധ പദ്ധതികളിലൂടെ പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തോടെ പാർപ്പിട പ്രശ്നം ഒരു പരിധി വരെ എങ്കിലും പരിഹരിക്കുവാൻ നമുക്ക് കഴിയും

വാർഡ്	വിവിധ സ്കീമുകളിലായി അനുവദിച്ച	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ പൂർത്തീകരിക്കാനുള്ളത്	ഇനിയും അനുവദിക്കേണ്ടവ
1	36	32	4	7
2	18	14	4	64
3	27	25	2	58
4	20	18	2	47
5	21	19	2	45
6	5	5	–	25
7	49	46	3	34
8	7	6	1	35

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരെ ഉദ്ധരിക്കുവാനായി കേന്ദ്ര – സംസ്ഥാന ഗവൺമെൻറുകളും വിവിധ വികസന ബോർഡുകളും നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ ഗുണം പഞ്ചായത്തിൽ ലഭ്യമാണെങ്കിലും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ പ്രസ്തുത പദ്ധതികൾക്കു സാധിക്കുന്നുണ്ടെന്നു പറയുവാൻ വയ്യ. മുട്ടം ഗ്രാമ പഞ്ചായത്തിലെ എട്ടു വാർഡുകളിലായി ഇപ്പോഴും എഴുന്നൂറ്റി അറുപതിനു മേൽ കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്.

പൂർണ്ണമായും കേന്ദ്ര – സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി – തൊഴിലുടമാ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പിലാക്കുന്നവയും പട്ടിക ജാതിവർഗ്ഗവികസനത്തിനായി പട്ടികജാതിവർഗ്ഗവികസന കോർപറേഷനും സ്ത്രീകളുടെ ഉന്നമനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും നാമമാത്രമായ നേട്ടങ്ങളെ ഇവ മൂലം പഞ്ചായത്തിന് ലഭ്യമാകുന്നുള്ളൂ. നിലവിലുള്ള പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും, പദ്ധതി വിഹിതത്തിൻെറ അപര്യാപ്തതയും ഉദ്യോഗസ്ഥ നിസ്സഹകരണവും, സങ്കീർണ്ണവും അതേ സമയം ആവശ്യത്തിന് ഉതകാത്തതുമായ സാങ്കേതിക തടസ്സങ്ങളും ഈ പദ്ധതികളുടെ പോരായ്മകളാണ്.

തൊഴിലാളി – തൊഴിലുടമ സഹകരണത്തോടയുള്ള ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമായി സംഘടിപ്പിക്കുവാനോ, പ്രവർത്തിപ്പിക്കുവാനോ നാളിതുവരെ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, ലോഡിംഗ് തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പട്ടികജാതി വികസന കോർപറേഷൻെറയും വനിത വികസന കോർപറേഷൻെറയും പ്രവർത്തനങ്ങൾ നാമമാത്രമായി നടക്കുന്നുണ്ട്. എങ്കിലും അവയുടെ ആനുകൂല്യങ്ങൾ ജനങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല.

ദാരിദ്ര്യരേഖ തരണം ചെയ്യണമെങ്കിൽ നിർദ്ധനരായ കുടുംബങ്ങൾക്ക് അവരുടെ അൽപമായ വരുമാനം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന തരത്തിലുള്ള വായ്പകൾ ലഭ്യമാക്കണം. എന്നാൽ ദേശസാൽകൃത ബാങ്കുകൾ I.R.D.P. സ്കീം അനുസരിച്ച് വായ്പകൾ ലഭ്യമാക്കുന്നതിൽ വളരെ ഉദാസീനത കാണിക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കണം. അതിനായി ഗുണഭോക്താക്കളെ കണ്ടെത്തുവാനായി പഞ്ചായത്തിൽ സമഗ്രമായ സർവ്വേ നടത്തി അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും മുൻഗണനാ ക്രമത്തിൽ വായ്പകൾ ലഭ്യമാക്കുകയും ചെയ്യണം.

ട്രൈസം

18 മുതൽ 35 വരെ പ്രായമുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ഈ പദ്ധതിയിൽ പ്രകാരം എട്ടു വാർഡുകളിലുമായി 37 പേർ പരിശീലനം നേടിയിട്ടുണ്ട്. ഇവരിൽ 14 പേർ ഇതിനോടകം സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 23 പേർ ഇതര തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു.

I.R.D.P. സർവ്വേ പ്രകാരം ദാരിദ്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ
1	78	21
2	46	6
3	162	21
4	102	21
5	74	17
6	91	15
7	92	34
8	121	19

ടൂൾ കിറ്റ് വിതരണം

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന സഹായത്തിന് അർഹരായവരിൽ 50 ശതമാനം പേർക്കു മാത്രമേ ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളു. അതത് മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ആവശ്യത്തിനുള്ള തൊഴിലുപകരണങ്ങൾ കൊടുക്കുകയും ചെയ്താൽ ഗ്രാമീണ തൊഴിലാളികളുടെ കാര്യക്ഷമതയും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിക്കും.

പെൻഷനുകൾ

സാമൂഹ്യ ക്ഷേമരംഗത്ത് മുഖ്യമായ സംഭാവന പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കു നൽകുന്ന വിവാഹ ധനസഹായങ്ങളുമാണ്.

1. വിധവാ പെൻഷൻ

ഇപ്പോഴത്തെ സ്ഥിതി വിവരക്കണക്കനുസരിച്ച് 13 വിധവകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ വിധവാ പെൻഷൻ ലഭിക്കില്ല എന്ന നിയമ തടസം മൂലം അർഹരായ അനേകർക്ക് ഇത് ലഭിക്കുന്നില്ല. ആയതിനാൽ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വിധവാ പെൻഷനുള്ള അർഹത നിർണ്ണയിക്കേണ്ടതാണ്.

2. വികലാംഗ പെൻഷൻ

വികലാംഗ പെൻഷൻ ലഭ്യമാകണമെങ്കിൽ വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് കരസ്ഥമാക്കുക വളരെ ബുദ്ധിമുട്ടാണ്. ഇപ്പോൾ ജില്ലാ മെഡിക്കൽ എക്സാമിനേഷൻ ബോർഡാണ് വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നത്. ഈ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നൽകണം.

3. കർഷക തൊഴിലാളി പെൻഷൻ

ഈ പഞ്ചായത്തിൽ 1995 – 96 വർഷത്തിൽ 116 വ്യക്തികൾക്ക് കർഷക തൊഴിലാളി പെൻഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ അർഹതയുള്ള പലർക്കും ഇതു ലഭിക്കാതെ വരുന്നതിനാൽ അർഹത നിശ്ചയിക്കുവാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കണം. അർഹരായവരെ കണ്ടെത്തി ലിസ്റ്റ് പരസ്യപ്പെടുത്തുകയും അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുകയും ചെയ്യണം.

വാർദ്ധക്യകാല പെൻഷൻ

ജീവിതത്തിന്റെ സായാഹ്നത്തിൽ അവശരായി, നിസ്സഹായരായി കഴിയുന്ന 9 പേർക്ക് ഈ സാമ്പത്തിക വർഷത്തിൽ വാർദ്ധക്യകാല പെൻഷൻ കൊടുത്തിട്ടുണ്ട്.

ക്ഷയരോഗി പെൻഷൻ

ക്ഷയരോഗം മൂലം കഷ്ടപ്പെടുന്നവർക്കും, അദ്ധ്വാനിക്കുവാൻ കഴിവില്ലാത്തവർക്കുമുള്ള ഈ പെൻഷൻ 2 പേർക്ക് ഈ വർഷം ലഭിച്ചിട്ടുണ്ട്. ക്ഷയരോഗം ബാധിച്ചവരെ കണ്ടെത്തുകയും അവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുകയും ചെയ്യണം.

തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ 1995 – 96-ലെ കണക്കനുസരിച്ച് 106 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്.

മാറാരോഗികൾക്കുള്ള സഹായം

ഗ്രാമ പഞ്ചായത്തിൽ മാറാ രോഗമായ ക്യാൻസർ പോലെയുള്ള രോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന നിരവധി രോഗികളുണ്ട്. ഇവർക്കു വേണ്ട ചികിത്സാ സൗകര്യങ്ങൾ, ജീവിത മാർഗ്ഗങ്ങൾ തുടങ്ങിയവ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക.

അംഗൻവാടികൾ

ഈ പഞ്ചായത്തിൽ 12 അംഗൻവാടികൾ പ്രവർത്തിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം അംഗൻവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

അംഗൻവാടികളുടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അംഗൻവാടി വർക്കറുടേയും ഹെൽപ്പറുടേയും വേതന നിരക്ക് വളരെ തുച്ഛമാണ്. ഇത് കാലാനുസൃതമായി ഉയർത്തണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് അവ ലഭ്യമാക്കുക.

2. കുറഞ്ഞത് 25 കുട്ടികൾ എങ്കിലും ഉള്ള സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുക.

3. കുട്ടികൾക്ക് ആവശ്യത്തിന് കളിപ്പാട്ടങ്ങൾ വാങ്ങുകയും അവർക്ക് പോഷകാഹാരത്തിന് നൽകുന്ന അലവൻസ് വർദ്ധിപ്പിക്കുകയും ചെയ്യുക.

4. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന, വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്യുക.

5. പൊതു പ്രവർത്തനത്തിൽ അംഗൻവാടി ജീവനക്കാരെ ബോധവൽക്കരിക്കുകയും അംഗൻവാടികളിൽ പൂർണ്ണ ശുചിത്വം ഉറപ്പു വരുത്തുകയും ചെയ്യുക.

ക്ഷേമനിധികൾ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ അനേകം പേർ കെട്ടിട നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. എങ്കിലും ഇവരെ പൂർണ്ണമായി ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടില്ല.

ആഭരണ തൊഴിലാളി ക്ഷേമനിധി

വളരെ ചുരുക്കം ആളുകൾ ആഭരണ നിർമ്മാണ

മേഖലയിൽ തൊഴിൽ ചെയ്യുന്നു. അസംഘടിതരായ ഇവരെ ക്ഷേമനിധിയിൽ ചേർക്കേണ്ടതാണ്.

ചെത്തു തൊഴിലാളി ക്ഷേമനിധി

പൊതുവേ സംഘടിതരായ ചെത്തു തൊഴിലാളികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ഇവരിൽ മിക്കവരും ക്ഷേമനിധിയിൽ അംഗങ്ങളും ഗുണഭോക്താക്കളുമാണ്.

കൈത്തൊഴിലാളി – വിദഗ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽക്കാർ, ബാർബർമാർ, ആശാരിമാർ, കൊല്ലൻമാർ, വാച്ച് – സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർ തുടങ്ങി നിരവധി തൊഴിലാളി വിഭാഗങ്ങൾക്ക് അവരവരുടേതായ ക്ഷേമനിധികൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കുവാൻ സാധിച്ചിട്ടില്ല. ഇവരെ എല്ലാവരേയും അംഗങ്ങളാക്കുക.

സാമൂഹ്യക്ഷേമ വിളംബര സെൽ

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ പലപ്പോഴും ജനങ്ങൾക്ക് ലഭ്യമാകാത്തതിന്റെ പ്രധാന കാരണം അജ്ഞതയാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും, സഹായത്തിന് അർഹരായവരെ കണ്ടെത്തുവാനും ഒരു സാമൂഹ്യ ക്ഷേമ വിളംബര സെൽ രൂപീകരിച്ച് പ്രവർത്തിക്കണം. ബോധവൽക്കരണം എപ്പോഴും പദ്ധതിയുടെ നടത്തിപ്പ് എളുപ്പമാക്കുന്നു.

പൊതുവിതരണം

പൊതുവിതരണ രംഗത്ത് എട്ട് റേഷൻ കടകളാണ് പഞ്ചായത്തിലുള്ളത്. മുട്ടം ടൗണിന്റെ ഹൃദയഭാഗത്തു പ്രവർത്തിക്കുന്ന മാവേലി സ്റ്റോറും പൊതുവിതരണത്തിൽ സഹായിക്കുന്നു. പൊതുവിപണിയിലെ വിലക്കയറ്റത്തിൽ ആശ്വാസം നേടാൻ റേഷൻ കടകളും മാവേലി സ്റ്റോറും സഹായിക്കുന്നുണ്ട്. സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഓണക്കാലത്ത് ഓണച്ചന്ത പ്രവർത്തിക്കുന്നു. ക്രിസ്തുമസ്, റംസാൻ, ഈസ്റ്റർ, വിഷു, ബക്രീദ് തുടങ്ങിയ ദിവസങ്ങളിൽ പഞ്ചായത്തുതല സ്പെഷ്യൽ മാർക്കറ്റുകൾ സംഘടിപ്പിക്കേണ്ടതാണ്. പൊതുവിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വരേണ്ടതാവശ്യമാണ്. റേഷൻ കടകളിൽ എത്തുന്ന പഞ്ചസാര, പച്ചരി തുടങ്ങിയ സാധനങ്ങൾ സ്വകാര്യ വിപണിയിലേക്ക് പോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. റേഷൻ കടകളിൽ ബില്ല് നൽകുന്ന രീതി നടപ്പിലാക്കുകയും, വിലവിവരപ്പട്ടിക വ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികളും, അപേക്ഷകളും പഞ്ചായത്തുതലത്തിൽ പരിഹാരം കാണുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. ഉപഭോക്തൃ മേഖലയെ കാര്യക്ഷമവും, കുറ്റമറ്റതും ആക്കുവാൻ ജനങ്ങളെ കാലാകാലങ്ങളിൽ ബോധവൽക്കരിക്കുകയും, പഞ്ചായത്തുതലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതികൾക്കു രൂപം നൽകുകയും ചെയ്യണം.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ്	IRDP സർവ്വ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	15	8	7
2	14	7	7
3	26	7	19
4	5	2	3
5	6	3	3
6	8	5	3
7	6	3	3
8	8	4	4

5.8

സംസ്കാരം

പശ്ചിമഘട്ടത്തിന്റെ മടിയിലുറങ്ങുന്ന ശാന്തമായ ഒരു ഗ്രാമമാണ് മുട്ടം. പൈതൃകങ്ങൾ തേടിപ്പോയാൽ ഒരു കാലഘട്ടത്തിന്റെ പ്രതീകമായിരുന്ന ബ്രാഹ്മണജന്മിയേയും കാര്യസ്ഥനേയും ഗ്രാമത്തിലെ വ്യത്യസ്തജോലിക്കായി ഏർപ്പെട്ടിരിക്കുന്ന ആശ്രിതരിലും എത്തിനിൽക്കും ആ അന്വേഷണം. എല്ലാംകൊണ്ടും ഗാന്ധിയൻ സ്വപ്നസാക്ഷാൽക്കാരമായ ശാന്ത സുന്ദരമായ ഒരു ഗ്രാമം.

തോട്ടം വ്യവസായത്തിന്റെ ആരംഭത്തിനും നടത്തിപ്പിനുമായി വന്നുചേർന്നവരും അവരുടെ പിൻതലമുറക്കാരുമാണിവിടുത്തെ ഭൂരിപക്ഷം നിവാസികളും. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടുകയോ വ്യക്തിലാഭത്തിനുവേണ്ടി ഏർപ്പെട്ട ചെറുതൊഴിൽ നൽകിയ സർക്കാർ ഭവനങ്ങളിലെ സൗജന്യവാസം പിൽക്കാലത്ത് അടിത്തൂണാക്കി മാറ്റാൻ മുതിരാത്തതോ ആയ സാധാരണ ജനങ്ങളുടെ ആവാസകേന്ദ്രം ഉത്തുംഗമായ കലാ-സാഹിത്യ-സാംസ്കാരിക പൈതൃകമൊന്നും ആവശ്യപ്പെടാനില്ലാത്ത മണ്ണിനോടും മഴയോടും മല്ലിട്ട് ജീവിതം കെട്ടിപ്പടുത്തുയർത്തിയ സാധാരണക്കാർ.

കാലചാക്രമണത്തിന്റെ പ്രത്യയശാസ്ത്രങ്ങളുടെ കുത്തൊഴുക്കിൽ സാമ്പത്തിക അധീശത്വം മാറിമറിഞ്ഞ അവസ്ഥയെ പുൽകിയവർ. തെക്കുംകൂർ രാജധാനിയുടെ സാമീപ്യമൊന്നും ഈ ഗ്രാമത്തെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മാർഗ്ഗങ്ങളിലൊന്നും സ്വാധീനിച്ചിട്ടില്ല. തോട്ട വ്യവസായം സംതുലിതാവസ്ഥയുള്ള മത-ജാതി വിഭാഗ ജനതയെക്കൊണ്ട് മുട്ടം ഗ്രാമത്തെ സമ്പുഷ്ടമാക്കി.

സ്വാതന്ത്ര്യാനന്തരമുണ്ടായ രാഷ്ട്രീയാതിപ്രസരം ഒന്നും സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ മേൻമയേകിയില്ല. മനുഷ്യന്റെ അന്തർലീനമായ ഗുണഗണങ്ങളുടെ വളർച്ചക്ക് അതിനേറെതായ സമയമെടുക്കും.

സാംസ്കാരിക രംഗം

കല:- പുത്തൻതലമുറയുടേയും കുടിയേറ്റക്കാരുടേയും ആവാസകേന്ദ്രം കലാപരമായി കാര്യമായ സംഭാവന ഒന്നും നേടിയിട്ടില്ല. വൈദിക സംസ്കാരത്തിൽ വൈശ്യ സംസ്കാരത്തിലേക്കുള്ള ദൂരത്തിന്റെ ലഘുത്വമാകാം കാർഷിക സംസ്കാരത്തിന് സംഭാവനയൊന്നും നൽകാൻ കഴിയാതെ പോയത്. ദേവാലയങ്ങളും അതിനോടനുബന്ധിച്ചുള്ള ആചാരങ്ങളിലും ഒതുങ്ങി നിന്ന ഒരു അവസ്ഥ, ഇന്നും അതു തന്നെ തുടരുന്നു. സ്വന്തമെന്ന് അവകാശപ്പെടാൻ എഴുത്തുകാരോ സംഗീതജ്ഞരോ ഭാഷാ പണ്ഡിതരോ ഈ പഞ്ചായത്തിലില്ല.

മുട്ടം പഞ്ചായത്തിൽ സാംസ്കാരികമായ രീതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. സാംസ്കാരിക നിലയം പണിയുന്നതിനായി മുട്ടം പഞ്ചായത്തിന്റെ ഉടമയിലുള്ള സ്ഥലത്ത് തറക്കല്ലിട്ടിട്ട് വർഷങ്ങൾ പഴക്കമായി. മാനുഷിക മൂല്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പുരോഗമനപരമായി സൂര്യകലാ സാംസ്കാരിക വേദിയും, മുട്ടം ടൗൺ പബ്ലിക് ലൈബ്രറിയും, പഴയമറ്റം സെൻട്രൽ ലൈബ്രറിയും, ഗാന്ധിജി സ്റ്റഡി സെന്ററും, Y.M.A.തുടങ്ങനാടും, സാൽഗോക്കർ തുടങ്ങനാടും, മുട്ടം വൈസ്മെൻസ് ക്ലബും, എള്ളുംപുറം പീപ്പിൾസ് ലൈബ്രറിയും, പെരുമറ്റം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബും, മുട്ടം ശക്തി വോളിബോൾ ക്ലബ്ബും നിലവിൽ പ്രവർത്തിച്ചുവരുന്നു. മുട്ടം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എല്ലാവർഷവും ഓണാഘോഷവും ക്രിസ്മസ് നാളുകളിൽ പപ്പാ മൽസരവും നടത്തിവരുന്നു. ഇത് സർവ്വമത മൈത്രീ ബന്ധങ്ങൾ പടുത്തുയർത്തുവാൻ സഹായിക്കുന്നു. നമ്മുടെ കലാ-സാംസ്കാരികതയുടെ അന്തസത്ത വിളിച്ചോതുന്ന സൂര്യകലാവേദിക്ക് സ്വന്തമായി കെട്ടിടമോ പ്രോഗ്രാം നടത്തുന്നതിനായുള്ള ഓഡിറ്റോറിയമോ ഇല്ല. എള്ളുംപുറത്ത് പ്രവർത്തനം നടന്നുവ

രുന്ന പീപ്പിൾസ് ലൈബ്രറിയിൽ ടെലിവിഷൻ പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് ഉപകാരപ്രദമായ സാംസ്കാരിക പരിപാടികൾ പരിപോഷിപ്പിക്കുന്നു.

വാസ്തുശിൽപം:- 150 വർഷം പോലും പഴക്കമുള്ള ഒരു വീടോ മറ്റു വാസ്തു ശിൽപഭംഗിയുള്ള എടുപ്പുകളോ ഇവിടെ ഇല്ല. ആകെയുള്ള ദേവാലയങ്ങൾ ലാളിത്യത്തിന്റെ ഉത്തമോദാഹരണങ്ങളും ആകുന്നു. വിദ്യാഭ്യാസരംഗത്ത് സാങ്കേതിക വിദ്യാലയം (പോളിടെക്നിക്ക്) വരെ എത്തി നിൽക്കുന്നെങ്കിലും സാഹിത്യ വളർച്ച മൂന്നു വായനശാലകളിൽ ഒതുങ്ങുന്നു. വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ സാഹിത്യാഭിരുചിയുടെ വളർച്ച മുരടിപ്പിക്കുന്നു. ആർഷഭാരതത്തിന്റെ മഹത്തായ സംസ്കാരം ഉൾക്കൊള്ളാൻ സ്ഥാപിച്ച സംസ്കൃത വിദ്യാലയം സർക്കാർ പള്ളിക്കൂടമായി പരിണമിച്ചു. പൈങ്കിളി സാഹിത്യത്തിന്റെ പിന്നാലെ എത്തിയ വിഡ്ഢിപ്പെട്ടി (ടെലിവിഷൻ) ഈ മേഖലയെ ഉൻമൂലനം ചെയ്തു.

കായികരംഗം:- സ്വന്തം കഴിവും പ്രയത്നവും കൈമുതലായി പ്രോൽസാഹനമൊന്നുമില്ലാതെ സംസ്ഥാന, അഖിലേന്ത്യാ തലങ്ങളിൽ എത്തിച്ചേർന്ന കായികതാരങ്ങൾ ഉണ്ട്. പുതിയ തലമുറയിൽ പലരും ഉപജീവനമാർഗ്ഗം തേടിയുള്ള പാലായനത്തിൽ കായിക രംഗത്തോട് വിട പറയുകയാണ് ഉണ്ടായത്. ഇങ്ങനെയുള്ള താരങ്ങൾക്ക് നൽകുന്ന സമകാലീന പ്രോൽസാഹനങ്ങൾ പിൻതലമുറക്ക് ഉതകുംവിധം വളർത്തിയെടുക്കേണ്ടതുണ്ട്. ഭൂപ്രകൃതി ഏർപ്പെടുത്തിയ പരിമിതികൾ ഉണ്ടെങ്കിലും ചെറിയൊരു വോളിബോൾ കളിസ്ഥലം കൊണ്ട് തൃപ്തിയടയുന്നതിൽ അർത്ഥമില്ല. വിശ്രമം എന്നതിനെപ്പറ്റി ആരും ചിന്തിച്ചിട്ടില്ലെന്ന് തോന്നുന്നു. വിനോദോപാധി ആയി ഏകാശ്രയം ഒരു സിനിമാ പ്രദർശന ശാലയാണ്.

ഇന്നത്തെ അവസ്ഥയും പരിഹാരമാർഗ്ഗങ്ങളും

കലാ - സാംസ്കാരിക രംഗത്ത് എല്ലാവേദിയിയിലേയും പോലെ ഇവിടെയും സഹൃദയരുടെ പ്രോൽസാഹനം ഒന്നു കൊണ്ടു മാത്രം സാമ്പത്തിക ആവശ്യങ്ങൾ ഒരുവിധം നടന്നുപോകുന്നു. ഇങ്ങനെയുള്ള സംഘടനകളുടെ സാമ്പത്തികാവശ്യങ്ങൾ ഒറ്റയടിക്ക് നികത്തുവാൻ കഴിയില്ല.

1. നിലവിലുള്ള സംഘടനകളെയും ഇനി ഉണ്ടാകാൻ പോകുന്നവയെയും മുൻകൂട്ടി കണ്ടുകൊണ്ട് ഇപ്പോൾ തറക്കല്ലിട്ടിരിക്കുന്ന സാംസ്കാരിക കേന്ദ്രം മുട്ടം പഞ്ചായത്തിന്റെ കീഴിൽ വിപുലമായി നിർമ്മിക്കുക.

2. വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ ഇങ്ങനെ നിർമ്മിക്കുന്ന കേന്ദ്രം, വിവിധോപയോഗപ്രദമാകത്തക്കവിധം ആയിരിക്കണം.

3. പ്രവർത്തനോപയോഗമില്ലാത്തപ്പോഴും കേന്ദ്രത്തിന്റെ ദൈനംദിന ആവശ്യത്തിനു വേണ്ടാത്തതുമായ ഭാഗം പൊതുജനോപയോഗത്തിനു നൽകിക്കൊണ്ട് ഒരു വരുമാനമാർഗ്ഗം നേടാം.

4. കഴിവുള്ള സംഘടനകൾക്കും വ്യക്തികൾക്കും അവരുടെ കലാ പാടവം പ്രദർശിപ്പിക്കുന്നതിനുള്ള അവസരവും അതിലൂടെയുള്ള വളർച്ചയും നേടാം.

5. വാസ്തുശിൽപ്പവും, ശിൽപ്പകലയും നിലനിൽക്കാത്തിടത്ത് ആരംഭിക്കേണ്ടിയിരിക്കുന്നു. പാർപ്പിട നിർമ്മാണത്തിൽ ദുർവ്യയം ഒഴിവാക്കി കലാഭംഗിയും ചെലവു കുറഞ്ഞതുമായ കെട്ടിടങ്ങൾക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന ഇളവുകൾ നൽകുക. പഞ്ചായത്തുവക കെട്ടിട നിർമ്മാണത്തിൽ "നിർമ്മിതീ കേന്ദ്ര"വുമായി സഹകരിച്ച് ലാളിത്യവും കലാഭംഗിയും ഉറപ്പുവരുത്തുക.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴിവാക്കിയാൽ ആകെയുള്ള സാഹിത്യ സദസ്സ്, മുട്ടം, പഴയമറ്റം, എള്ളുമ്പുറം വായനശാലകളാണ്. മുട്ടത്തിന്റെ ഹൃദയഭാഗത്ത് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായിട്ടും പ്രതീക്ഷയ്ക്കൊത്തുയരുന്നില്ല. നിലവിലുള്ള വായനശാലകൾ വികസിപ്പിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. അർപ്പണ ബോധവും കാര്യക്ഷമതയുള്ളവരുമായിരിയ്ക്കണം ഭാരവാഹികൾ. സ്വന്തമായി കെട്ടിടവും പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യവും ഉപഭോക്താക്കൾക്ക് ആവശ്യമായ സൗകര്യവും നിർമ്മിക്കുക. താൽപര്യമുള്ളവരേയും അഭിരുചിയുള്ളവരേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തുകയും ചെയ്യുക. വായനശാലകളിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുക. പുതിയതും പഴയതുമായ പുസ്തകങ്ങളുടെ ദാനത്തിലൂടെ പുസ്തകശേഖരം ധന്യമാക്കാം.

കായികരംഗം:- അഖിലേന്ത്യാ തലത്തിലേയ്ക്കുയർന്ന പല കായിക താരങ്ങൾ നമുക്കുണ്ട്. ജീവിത മൽസരത്തിലെ പരാജയം പുതുമുഖങ്ങളെ മുമ്പോട്ടു വരുന്നതിൽ നിന്നും വ്യതിചലിപ്പിക്കുന്നു. ആകെ അവകാശപ്പെടാനുള്ള സൗകര്യം ഒരു വോളിബോൾ കളിസ്ഥലമാണ്. രണ്ട് ഹൈസ്കൂളുള്ളതിൽ അപര്യാപ്തമായ കളിസ്ഥലങ്ങൾ മാത്രമേയുള്ളൂ.

സ്വന്തമായി കളിസ്ഥലമില്ലാത്ത വിദ്യാലയങ്ങളിൽ, വിവിധ കായിക മൽസരങ്ങൾക്കാവശ്യമായ ഒരു പൊതുസ്ഥലമോ, സ്ഥല ദൗർലഭ്യമെങ്കിൽ വ്യത്യസ്ഥ തലങ്ങളിൽ വിവിധ കായിക മൽസരങ്ങൾക്കുള്ള സൗകര്യമോ ഏർപ്പെടുത്തുക. വിദ്യാലയങ്ങളിലുള്ള കായിക പ്രതിഭകളെ വളരാനനുവദിക്കുക. മൽസരങ്ങളിൽ പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുക.

ഗ്രാമീണ കായിക മേളകളിലൂടെ വിദ്യാഭ്യാസേതര കായിക പ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ടെലിവിഷൻ, റേഡിയോ കേന്ദ്രങ്ങൾ പല സ്ഥലങ്ങളിലും സ്ഥാപിക്കുക, തടാക തീരത്തൊരു

ഉദ്യാനം നിർമ്മിച്ച് വിനോദ സഞ്ചാരത്തെ പരിപോഷിപ്പിക്കുകയും പഞ്ചായത്തിനു സാമ്പത്തിക നേട്ടം കൈവരുത്തുകയും ചെയ്യാം. മേൽ ഉദ്ധരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഒരു പരിധി വരെ ഇവിടെയുണ്ടായിട്ടുള്ള മൂല്യച്യുതിക്കും, അപചയങ്ങൾക്കും അറുതി വരുത്തും.

1. മുട്ടം പഞ്ചായത്തിൽ വിശാലമായ ഒരു സ്റ്റേഡിയം നിർമ്മിക്കുക.
2. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ രൂപീകരിക്കണം
3. പഞ്ചായത്തിൽ വനിതകളുടെ സാംസ്കാരിക വളർച്ച ഉയർത്താൻ ഒരു വനിതാഗ്രന്ഥശാല ആരംഭിക്കണം.
4. സാംസ്കാരിക സംഘടനകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലവും സാമ്പത്തിക സഹായവും സർക്കാരിൽ നിന്നും നൽകുവാനുള്ള നടപടികൾ നടപ്പിലാക്കുക.
5. മദ്ധ്യവേനലവധിക്കാലത്ത് കുട്ടികളുടെ കലാ – കായിക അഭിരുചികളെ വളർത്തിയെടുക്കുന്നതിനു വേണ്ടി പരിശീലന കളരികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.



5.9

വനിതാക്ഷേമം

പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ഒരിക്കൽ പറഞ്ഞു "ഒരു സ്ത്രീ ഉണർന്നാൽ ഒരു കുടുംബം ഉണരും, ഓരോ കുടുംബവും ഉണർന്നാൽ ഓരോ നാടും ഉണരും, ഓരോ നാടും ഉണർന്നാൽ രാഷ്ട്രം ഉണരും" എന്ന്. ആ അർത്ഥത്തിൽ ജനസംഖ്യയുടെ നേർ പകുതിയോളം വരുന്ന സ്ത്രീകൾ ഉണർന്നാലേ നാടിനു മാറ്റം വരൂ. വനിതാ വിമോചന പ്രസ്ഥാനങ്ങൾ ഇന്ന് നാടെങ്ങും സജീവമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമേയല്ല എന്ന മനോഭാവത്തോടെ, നിസ്സംഗരായി അവനവന്റെ വീടുകളിൽ ഒതുങ്ങിക്കഴിയാനാണ് മിക്ക സ്ത്രീകളും ആഗ്രഹിക്കുന്നത്. ഒരു പരിധി വരെ മുട്ടം പഞ്ചായത്തിന്റെയും അവസ്ഥ ഇതു തന്നെയാണ്.

മുട്ടം പഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളാണ്. എന്നാൽ സ്ത്രീക്ഷേമത്തിനു വേണ്ടി കാര്യമായ പ്രവർത്തനങ്ങളൊന്നും ഇന്നു നിലവിലില്ല. ആകപ്പാടെ ആശ്രയമായുള്ളത് എള്ളുംപുറം, വള്ളിപ്പാറ, മുട്ടം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്നു മഹിളാസമാജങ്ങളാണ്. ഇവയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമല്ല. വിദ്യാഭ്യാസരംഗത്തു വനിതകൾ മുൻപന്തിയിൽ ആണെങ്കിലും സാമൂഹ്യപ്രവർത്തനങ്ങൾക്ക് സ്ത്രീകൾ വളരെ പിന്നിലാണ്. വനിതകളുടെ നിയന്ത്രണത്തിലുള്ള ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പുരുഷൻമാരെക്കാൾ കൂടുതലായി തൊഴിൽ രംഗത്തു പ്രവർത്തിക്കുന്നതും വനിതകളാണ്. എന്നാൽ രാഷ്ട്രീയ രംഗത്തും ബഹുജന സംഘടനകളിലും സ്ത്രീകൾക്ക് പങ്കാളിത്തം കുറവാണ്. ഇതിനുള്ള പ്രധാന കാരണം സ്ത്രീകളെ സംഘടിപ്പിക്കാനും പ്രവർത്തിക്കാനും, പ്രതികരിക്കാനും ഉതകുന്ന തരത്തിലുള്ള സംഘടനകളോ സമിതികളോ ഫലത്തിൽ ഇല്ലാത്തതാണ്. മുൻപു പറഞ്ഞ മൂന്നു മഹിളാസമാജങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നെങ്കിൽ കുറച്ചൊക്കെ സ്ത്രീകളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഈ സമാജങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയുമാറ് നല്ല കെട്ടിടങ്ങളോ, സ്ഥാപനങ്ങളോ മുറികളോ യാതൊന്നും ഇല്ല. പ്രവർത്തനം ഊർജ്ജിതമാക്കാൻ വേണ്ട സാമ്പത്തികവും സമാജങ്ങൾക്കില്ല. സർക്കാരിൽ നിന്നും വേണ്ടത്ര സാമ്പത്തിക സഹായം ഈ സമാജങ്ങൾക്ക് ലഭിക്കുന്നുമില്ല. അതിനാൽ മഹിളാ സമാജങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധിക്കാതെയാണിരിക്കുന്നത്. ആരും നേതൃത്വം നൽകാനില്ലാത്തതിനാലും സ്വന്തമായി രംഗത്തു വരാൻ മടിയുള്ളതിനാലും തൊഴിൽരംഗത്ത് സ്ത്രീകൾക്ക് അവഗണന അനുഭവിക്കേണ്ടി വരുന്നു. ഇന്നേ വരെ തുല്യജോലിക്ക് തുല്യ വേതനം അനുവദിച്ചു കിട്ടിയിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 50% സ്ത്രീകളും ഈ പഞ്ചായത്തിൽ കൂലിപ്പണിക്കു പോയി ഉപജീവനമാർഗ്ഗം തേടുന്നവരാണ്. എന്നാൽ റെഡിമെയ്ഡ് ഗാർമെൻറുകൾ നടത്തുന്നത് ഏറിയ പങ്കും സ്ത്രീകളാണ്. സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ അധികപങ്കും സ്വന്തം കുടുംബകാര്യങ്ങൾ മാത്രം ശ്രദ്ധിച്ച് ഗൃഹാന്തരീക്ഷത്തിൽ ഒതുങ്ങിക്കൂടുകയാണ്. ഇതിനൊരു മാറ്റം ഉണ്ടായെങ്കിലേ സാമൂഹ്യജീവിതം മെച്ചപ്പെട്ടതാകൂ. രാഷ്ട്രീയ രംഗത്തും പൊതുപ്രസ്ഥാനങ്ങളിലും മഹിളകളുടെ പങ്കാളിത്തം നേർത്തു പോകാൻ ഇതും ഒരു കാരണമാണ്. കഴിഞ്ഞ 50 വർഷങ്ങൾക്കിപ്പുറത്ത് പേരെടുത്തു പറയാവുന്ന വനിതാ പൊതുപ്രവർത്തകർ വിരലിലെണ്ണാവുന്നതു പോലുമില്ലെന്നതാണ് സത്യം. തികഞ്ഞ ഗ്രാമാന്തരീക്ഷം ആണെന്നതും, പൊതുവെ ഈ പഞ്ചായത്ത് കാർഷിക മേഖലയാണെന്നതും സ്ത്രീകളെ അകത്തളത്തിൽ നിന്ന് അരങ്ങത്തേക്കു കൊണ്ടു വരുന്നതിനുള്ള പ്രതിബന്ധങ്ങളായി

കണക്കാക്കാവുന്നതാണ്.

പൊതുവേ ഇതൊരു കാർഷിക മേഖലയാണെങ്കിലും കൃഷി കാര്യങ്ങളിൽ വനിതകൾ സജീവ പങ്കാളിത്തം വഹിക്കുന്നില്ല. വനിതകൾക്കു നേരിട്ടു കൈകാര്യം ചെയ്യാവുന്ന ഗൃഹാന്തരീക്ഷത്തിനു പറ്റിയ അടുക്കളത്തോട്ടങ്ങളോ കന്നുകാലിവളർത്തലോ, കോഴി വളർത്തലോ, പന്നി വളർത്തലോ, മുയൽ വളർത്തലോ, ആടു വളർത്തലോ പോലും അങ്ങേയറ്റം വിരളമാണ്. ഇവയിലൂടെ ലഭ്യമാക്കാവുന്ന ഉൽപ്പന്നങ്ങൾക്ക് എന്നും മറ്റു നാടുകളെ ആശ്രയിക്കുന്നു എന്നത് വലിയൊരു പോരായ്മയാണ്. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷീകരിക്കണമെങ്കിൽ തീർച്ചയായും വനിതകൾ സ്വാശ്രയ ശീലരും അദ്ധ്വാനശീലരും ആയി മാറേണ്ടത് അത്യന്താപേക്ഷിതമാണ്.

സാമാന്യ വിദ്യാഭ്യാസം നേടി കുടുംബിനികളായവരാണ് വനിതകളിൽ ഏറിയ പങ്കും. ഉന്നത വിദ്യാഭ്യാസം നേടിയവരും ഉയർന്ന ഉദ്യോഗമുള്ളവരും വളരെ വിരളമാണ്. സ്വാതന്ത്ര്യലബ്ദിക്ക് മുമ്പ് മുട്ടത്ത് നിലവാരമുള്ള ശ്രീകൃഷ്ണ വിലാസം സംസ്കൃത സ്കൂളുണ്ടായിരുന്നു. അതേ കാലഘട്ടത്തിൽ തന്നെ തുടങ്ങനാട്ടിൽ ഹൈസ്കൂൾ രൂപം കൊണ്ടു. ഈ സ്ഥാപനങ്ങളിലെല്ലാം പെൺകുട്ടികളുടെ എണ്ണം മോശമായിരുന്നില്ല. എടുത്ത പറയത്തക്ക 'ചിറ്റമ്മ നയം' അന്നു മുതൽക്കേ ഉണ്ടായിരുന്നില്ല – സ്ത്രീ വിദ്യാഭ്യാസത്തോട്. മുട്ടം പഞ്ചായത്തിൽ 91–ലെ കണക്കനുസരിച്ച് 5145 സ്ത്രീകളാണുള്ളത്. ഇതിൽ 4274 പേർ എഴുത്തും വായനയും അറിയാവുന്നവരാണ്. പട്ടികജാതി വിഭാഗത്തിൽ 462 സ്ത്രീകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ 349 സ്ത്രീകളുമാണുള്ളത്. കണക്കനുസരിച്ച് 1.2% സ്ത്രീകൾ കൂടുതലുള്ള പഞ്ചായത്താണിത്. വിദ്യാഭ്യാസത്തിന് ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് പട്ടിക വിഭാഗം പെൺകുട്ടികൾക്ക് കഴിയുന്നില്ലെന്നതും ഖേദകരമായ വസ്തുതയാണ്.

മുൻപ് പരമ്പരാഗത തൊഴിലുകൾ ഉണ്ടായിരുന്നത് പട്ടിക വിഭാഗത്തിനു മാത്രമായിരുന്നു. സ്വന്തമായി തൊഴിലിൽ ഏർപ്പെടുന്നതിന് സ്ത്രീകൾ മുന്നോട്ടു വന്നു തുടങ്ങിയത് 1985–നു ശേഷം മാത്രമാണ്. കാലത്തിന്റെ പ്രവാഹത്തിനൊത്ത് കുടിയേറ്റം നടന്നപ്പോൾ സേവനത്തൊഴിലാളികളും അവരോടൊപ്പമെത്തി കാർഷിക തൊഴിലാളികളായി കാർഷികമേഖലയെ വളർത്തിയെടുക്കുന്നതിൽ പുരുഷൻമാരോടൊപ്പം നിന്നിട്ടുള്ളവരാണ് ഇവിടത്തെ സ്ത്രീകൾ. സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയിലൂടെ സ്വന്തമായി സിമൻറിഷ്ടിക നിർമ്മാണവും, ഡയറിയിംഗും, പലഹാര നിർമ്മാണവും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും പേരിനെങ്കിലും സർക്കാർ സഹായത്തോടെ ഈ പഞ്ചായത്തിൽ നടത്തിവരുന്നു എന്നത് അഭിമാനാർഹമാണ്.

എട്ടു വാർഡുകളുള്ള ഈ ഗ്രാമ പഞ്ചായത്തിൽ 12 അംഗൻവാടികളാണുള്ളത്. ഇവയ്ക്കൊന്നും സ്വന്തമായി കെട്ടിടങ്ങളില്ല. അതുകൊണ്ടു തന്നെ ഇവയുടെ പ്രവർത്തനവും പൂർണ്ണമല്ല. അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ചർച്ചകളും സെമിനാറുകളുമൊക്കെ വളരെ അപൂർവ്വമായിട്ടേ നടക്കുന്നുള്ളൂ. പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് കുറെക്കൂടി ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ വേണ്ട സൗകര്യം അംഗൻവാടികളോരോന്നിനും ലഭിക്കേണ്ടതാണ്.

ലോവർ പ്രൈമറി ക്ലാസിൽ ഏതാണ്ട് 205 ആൺകുട്ടികളും 213 പെൺകുട്ടികളും ഇപ്പോൾ പഠിക്കുന്നുണ്ട്.. എന്നാൽ ഹൈസ്കൂൾ തലത്തിൽ ആൺകുട്ടികളുടെ എണ്ണമാണ് മുന്നിൽ നിൽക്കുന്നത്. കലാ കായിക രംഗത്ത് പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ വളരെ പിന്നിലാണ്. 'മ' പ്രസിദ്ധീകരണങ്ങൾക്കപ്പുറം ഒരു വായനാശീലം പോലും സ്ത്രീകൾക്കിടയിൽ കണ്ടുവരുന്നില്ല. അദ്ധ്യാപകവൃത്തിയിൽ സ്ത്രീകളാണ് മുന്നിട്ടു നിൽക്കുന്നത്. പുരുഷൻമാർ 15 പേർ അദ്ധ്യാപകരായി ജോലി നോക്കുമ്പോൾ വനിതാ അദ്ധ്യാപകർ 49 പേരാണ്. അതായത് മൂന്നിരട്ടിയിലധികം.

സ്ത്രീക്ക് സമൂഹത്തിൽ മാന്യത കൽപ്പിക്കുന്നുണ്ടെങ്കിലും സ്ത്രീ സ്വാതന്ത്ര്യം പൂർണ്ണമായി അനുവദിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും പാശ്ചാത്യ സംസ്കാരത്തെ അനുകരിക്കാൻ താൽപര്യം കാണിക്കുന്ന യുവതലമുറയാണുള്ളത്. സ്ത്രീകൾക്കു നേരെ ഒറ്റപ്പെട്ട കടന്നാക്രമണങ്ങൾ ഉണ്ടാകുന്നതൊഴിച്ചാൽ സംസ്കാര ഭദ്രമാണ് ഈ ഗ്രാമം.

സമാധാനപരമായ കുടുംബാന്തരീക്ഷത്തിൽ കണ്ണീരും കഷ്ടപ്പാടും കൂടാതെ ജീവിക്കാൻ വഴിയൊരുക്കിയ ചാരായ നിരോധനം സ്ത്രീകൾ പൂർണ്ണമായും തുറന്ന മനസ്സോടെ അംഗീകരിച്ചിരിക്കുകയാണ്. അതോടൊപ്പം സമ്പൂർണ്ണ മദ്യ നിരോധനം വേണമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇതു കൂടാതെ സ്ത്രീകളുടെ നിലവാരം ഉയർത്തുന്നതിനായി മറ്റു ചില കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

1. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും എല്ലാ വാർഡുകളിലും ഓരോ മഹിളാ സമാജങ്ങൾ കൂടി രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
2. ഈ മഹിളാ സമാജങ്ങളോടനുബന്ധിച്ച് ചെറിയ തോതിലെങ്കിലും ഓരോ വായനശാലകൾ സംഘടിപ്പിക്കുക.
3. വനിത സഹകരണ സംഘങ്ങൾ നടപ്പിലാക്കുക.
4. ചെറുകിട വനിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണികൾ കണ്ടെത്തുക.

6. വാർഡുകൾ തോറും വനിത സെമിനാറുകൾ, ആരോഗ്യപരിപാലന ക്ലാസുകൾ, സാക്ഷരതാ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.

7. സ്ത്രീകൾക്കു നേരെ നടക്കുന്ന അക്രമങ്ങളെ തടയുന്നതിനായി വനിതാ ലീഗൽ സെൽ രൂപീകരിക്കുക.

8. മഹിളാ സമാജം, ബാലവാടി, വനിതാ വായനശാല ഇവയെ തമ്മിൽ സംയോജിപ്പിക്കുക.

9. സ്ത്രീകളുടെയും പുരുഷൻമാരുടെയും വേതനങ്ങൾ തുല്യമാക്കുക.

10. ഈ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.

11. സർക്കാർ സഹായ പദ്ധതികൾ സ്ത്രീകൾക്ക് വ്യക്തമായി മനസ്സിലാക്കുന്നതിനായി വാർത്താ മാദ്ധ്യമങ്ങളിൽ കൂടി പരസ്യപ്പെടുത്തുക.

12. ക്ഷമത കൂടിയ വിറകടുപ്പുകൾ ഉപയോഗിക്കാൻ പരിശീലനം നൽകുക.

13. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ശിശുപരിപാലനത്തിനായി ഡേ കെയർ സെൻററുകൾ തുറക്കുക.

14. മുട്ടം P.H.C. യിൽ ഒരു ഗൈനക്കോളജി ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ഇങ്ങനെ ഒരു പരിവർത്തനത്തിന് ഈ ഗ്രാമത്തെ ഒരുക്കിയെടുത്താൽ മാത്രമേ സ്ത്രീകളുടെ അവകാശങ്ങളും, കർത്തവ്യങ്ങളും മനസ്സിലാക്കി ധീരമായി രംഗത്തിറങ്ങാൻ അവർ പ്രാപ്തരാകൂ. അതിനുള്ള മനോദാർഢ്യം അവരിൽ സംജാതമാകൂ.

15. മുട്ടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ജനറൽ നഴ്സിംഗ് കോഴ്സ് ആരംഭിക്കുക.



5.10

സഹകരണം

സഹകരണ പ്രസ്ഥാനങ്ങൾ കാർഷിക മേഖലയിൽ പുരോഗതി വളർത്താൻ സഹായിക്കുന്നു. കർഷകരും, കർഷകതൊഴിലാളികളുമായി 2500 കുടുംബങ്ങളും 12000 ജനങ്ങളുമുള്ള മുട്ടം പഞ്ചായത്തിൽ രണ്ട് സഹകരണബാങ്കുകളാണ് ഇപ്പോൾ പ്രവർത്തനത്തിലുള്ളത്. തൊടുപുഴ കാർഷികഗ്രാമവികസനബാങ്കിന്റേയും, തൊടുപുഴ ഹൗസിഗ് സഹകരണസംഘത്തിന്റേയും പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു.

35 അംഗങ്ങളുമായി 1926-ൽ K.P കേശവൻ നമ്പൂതിരി കാടമറുകില്ലം പ്രസിഡന്റായി മുട്ടം സർവ്വീസ് സഹകരണബാങ്ക് പ്രവർത്തനം ആരംഭിച്ചു. T.V ജോസഫ് തെരുവംകുന്നേൽ പ്രസിഡന്റായി 33 അംഗങ്ങളോടുകൂടി തുടങ്ങനാട് സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചു. ആദ്യകാലത്ത് ഇവ രണ്ടും വിവിധോദ്ദേശ സഹകരണ സംഘങ്ങളായിരുന്നു. ഈ സംഘങ്ങൾവഴി റേഷൻ വിതരണം നടത്തിയിരുന്നു. 1961-ൽ ഈ സംഘങ്ങൾ സർവ്വീസ് സഹകരണബാങ്കുകളായിമാറി. ഇന്ന് ഈ രണ്ടു സഹകരണ ബാങ്കുകളിലുമായി 8680 മെമ്പറൻമാർ നിലവിലുണ്ട്. ഇവയുടെ അംഗികൃത മൂലധനവും 60 ലക്ഷം രൂപയാണ്. 2301330 രൂപ പിരിഞ്ഞുകിട്ടിയ മൂലധനവും 379807 രൂപ സർക്കാരിൽനിന്നുള്ള ഓഹരി മൂലധനവും കൂടി 2681137 രൂപ ആകെ മൂലധനമുണ്ട്. പൊതുജനങ്ങളിൽ നിന്നുള്ള നിക്ഷേപമായി 37563137 രൂപയും, ജില്ലാ ബാങ്ക് മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വായ്പ ആയി 2161702 രൂപയും ഉൾപ്പെടെ 42405976 രൂപ ഇപ്പോൾ പ്രവർത്തന മൂലധനമുണ്ട്. വിവിധ ഇനങ്ങളിലായി 19815859 രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കും, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം തുടങ്ങിയ വിവിധ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും നിലവിലുള്ള പ്രവർത്തനഫണ്ട് അപര്യപ്തമാണ്. സർക്കാരിൽനിന്നും നബാഡിൽനിന്നും ഉദാരമായ പലിശ നിരക്കിൽ ഫണ്ടുകൾ അനുവദിച്ചാൽ മാത്രമെ കൃഷിക്കാർക്ക് ആവശ്യമായ വായ്പകൾ നൽകുവാൻ സാധിക്കുകയുള്ളു. 7926 രൂപ 35 പൈസയാണ് ഈ പഞ്ചായത്തിലെ ഓരോ കുടുംബങ്ങൾക്കും ശരാശരി ലഭിച്ച വായ്പതുക. മൊത്തം വായ്പാ വിതരണത്തിന്റെ 25 ശതമാനവും കുടിശിഖയാണ്. ഇതുമൂലം യഥാസമയം അംഗങ്ങൾക്ക് വായ്പാ വിതരണം ചെയ്യുന്നതിനും, സംഘങ്ങൾ ലാഭകരമായി കൊണ്ടുപോകുന്നതിനും കഴിയുന്നില്ല.

വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ, കൺസ്യൂമർ മേഖലയിൽ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്. പഞ്ചായത്തുതലത്തിൽ ഒരു ഉപഭോക്തൃ സഹകരണസംഘം രജിസ്റ്റർ ചെയ്ത് വാർഡുകൾതോറും ശാഖകൾ സ്ഥാപിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന മൂന്ന് ക്ഷീരവ്യവസായസഹകരണസംഘങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ സംഭരിച്ച് ഉല്പന്നങ്ങളാക്കി മാറ്റിയാൽ കൂടുതൽ ലാഭകരമായി സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ സാധിക്കും. കേരസംരക്ഷണ സമതി, പാടശേഖരണസമതി, റബർ ഉല്പാദക സഹകരണ സംഘം, കുരുമുളക് സംരക്ഷണസമതി എന്നിവ നല്ല നിലയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നുണ്ടെങ്കിലും കർഷകർക്കും, തൊഴിലാളികൾക്കും, താങ്ങാനാവാത്ത ഉയർന്ന പലിശ നിരക്കാണുള്ളത്. രാഷ്ട്രീയ അതിപ്രസരണം മൂലം സഹകരണ സംഘങ്ങളുടെ ഉദ്ദേശ ശുദ്ധി കുറയുന്നു.

നിർദ്ദേശങ്ങൾ

1. സംഘങ്ങളിൽ നിക്ഷേപ സമാഹരണംവഴി കൂടുതൽ ഫണ്ട് കണ്ടെത്തുക.
2. വായ്പ മേളകൾ സംഘടിപ്പിച്ച് കൂടുതൽ വായ്പകൾ വിതരണം ചെയ്യുക.
3. സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃ

ത്വത്തിൽ സഹകരണസെൽ രൂപികരിക്കുക.

4. പ്രവർത്തനം നിന്നുപോയ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പുനർജീവിപ്പിക്കുക.

5. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണസംഘങ്ങളും വനിതാ സഹകരണസംഘങ്ങളും സ്ഥാപിക്കുക.

6. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് സഹകരണ സംഘം രൂപീകരിക്കുക.

7. സംഘങ്ങൾവഴി പശുക്കളെ വാങ്ങാൻ കൂടുതൽ വായ്പ അനുവദിക്കുക.

8. കാർഷിക വിഭവങ്ങൾ സംഭരിക്കുന്നതിനും, ന്യായവിലലഭ്യമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള മാർക്കറ്റിങ്ങ് സഹകരണസംഘം സ്ഥാപിക്കുക.

9. ഈ പഞ്ചായത്തിൽ റബർ മാർക്കറ്റിംങ്ങ് സൊസൈറ്റി ആരംഭിക്കുക.

10. സഹകരണ സംഘങ്ങൾ വഴി ചെറുകിട വ്യവസായങ്ങൾ നടപ്പിലാക്കുക.

11. വിദ്യാഭ്യാസരംഗത്തെ വളർത്തുവാൻ പഞ്ചായത്തിൽ സഹകരണ കോളേജ് ആരംഭിക്കുക.

12. നിർദ്ധനരായ ജനങ്ങളുടെ ചികിത്സാ സൗകര്യത്തിനായി ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക.

13. ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘം രൂപികരിക്കുക.

14. വനിതാസഹകരണസംഘം വഴി സ്ത്രീകളെ തയ്യൽ ജോലികൾ പരിശീകലിപ്പിക്കുക.


15. പഞ്ചായത്തുതലത്തിൽ ഉപഭോക്തൃ സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.

16. പഞ്ചായത്തു പ്രവർത്തനവും, സഹകരണസംഘങ്ങളുമായി ബന്ധിപ്പിക്കുക.

17. തുടങ്ങനാട്ടിൽ വിച്ചാട്ടുകവലയിൽ പ്രവർത്തിച്ചിരുന്ന റബർ ഉല്പാദകസഹകരണസംഘം പുനരാരംഭിക്കുക.

18. തുടങ്ങനാട് സർവ്വീസ് സഹകരണ ബാങ്കിന്റെകീഴിൽ പഴയമറ്റത്ത് പ്രവർത്തിക്കുന്ന വളം ഡിപ്പോയോടുകൂടി ശാഖയും തുടങ്ങുക.

അങ്ങനെ ഗാന്ധിജിയുടെ ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സഹകരണസംഘങ്ങൾക്ക് വലിയൊരു പങ്കുവഹിക്കുവാൻ കഴിയും.



5.11

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

മുട്ടം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 13.5% പട്ടികജാതി വിഭാഗത്തിലും, 12.5% പട്ടികവർഗ്ഗവിഭാഗത്തിലും പെടുന്നവരാണ്. ടി പഞ്ചായത്തിൽ ഏഴാം വാർഡിൽ എള്ളുംമ്പുറം ഭാഗത്ത് ഒരു പട്ടികവർഗ്ഗകോളനിയും, രണ്ടാം വാർഡിൽ മാത്തപ്പാറ ഭാഗത്ത് സർക്കാർ അംഗീകൃത ഹരിജൻ കോളനിയും, ഒന്നാം വാർഡിൽ ശങ്കരപ്പിള്ളി ഹരിജൻ കോളനിയും, മൂന്നാം വാർഡിൽ കരിക്കനാംപാറ – കണ്ണാടിപ്പാറ ഹരിജൻ കോളനിയും സ്ഥിതി ചെയ്യുന്നു.

വിദ്യാഭ്യാസ–സാമൂഹിക മേഖലകളിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ സാമ്പത്തിക രംഗത്തും വേണ്ടത്ര പുരോഗതി കൈവരിക്കുവാനും ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.എന്നാൽ പട്ടികജാതി കുടുംബങ്ങളേക്കാൾ വിദ്യാഭ്യാസരംഗത്തും, സാമ്പത്തികരംഗത്തും പുരോഗതി നേടാൻ പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സാമൂഹ്യ രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗങ്ങൾക്ക് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും പുരോഗതി കൈവരിക്കുവാൻ ഒരു പരിധിവരെ സഹായകമായിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകൾക്കുമുൻപ് ഇവർ അനുഭവിച്ചിരുന്ന തൊട്ടുകൂടായ്മയിൽനിന്നും, തീണ്ടികൂടായ്മയിൽനിന്നും മോചനം വളരെയേറെ ഇന്നിവർ നേടിയിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. എങ്കിലും ഭൂരഹിതരായ പട്ടികജാതി–പട്ടികവർഗ്ഗങ്ങൾ ഈ പഞ്ചായത്തിൽ വളരെയുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളെ സംബന്ധിച്ചും, വേണ്ടത്ര അറിവില്ലാത്തതിനാലും, പദ്ധതികളുടെ വിഷമതയേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതിനാലും, പൊതുപ്രവർത്തനങ്ങളിൽ കൂടുതലായി ഇടപഴകലില്ലാത്തതിനാലും പല സർക്കാർ ഓഫീസുകളും കയറിയിറങ്ങുമ്പോൾ കൈയ്പേറിയ അനുഭവങ്ങൾ ഈ വിഭാഗക്കാർ കൂടുതലായി അനുഭവിക്കുന്നു. സർക്കാർ നല്കുന്ന സൗജന്യങ്ങൾക്കൊണ്ട് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത് കോളനിനിവാസികൾക്കാണ്. എന്നാൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ നിലനില്ക്കുന്നവരുമുണ്ട്.

ഭൂരിഭാഗം കോളനികളുടേയും വികസനം ജലം,വൈദ്യുതി, പാർപ്പിടം, പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സ്ഥലപരിമിതി എന്നിവയെ അടിസ്ഥാനമാക്കിയാണെങ്കിൽ പോലും പല കോളനി പ്രദേശങ്ങളിലും ഈ അടിസ്ഥാന സൗകര്യങ്ങൾ ഇനിയുമുണ്ടാകേണ്ടതുണ്ട്. ഹരിജൻ കോളനികളിലെ കൂടുതൽ ജനങ്ങളും തൊഴിൽരഹിതരും, കൂലിവേലചെയ്ത് ഉപജീവനം നടത്തുന്നവരുമാണ്. കോളനികളല്ലാത്ത പ്രദേശങ്ങളിലും ഈ വിഭാഗക്കാർ ധാരാളമായി പാർപ്പിടസൗകര്യങ്ങൾ കണ്ടെത്തുകയും കൂലിവേലകൾക്ക് പൊയ്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ കരിങ്കൽ മടകളിലും, മറ്റ് കഠിനജോലികളിലും ഏർപ്പെടുയും, കാലക്രമേണ ജീവിതനൈരാശ്യം പൂണ്ട് ചെറുപ്പക്കാർ മദ്യത്തിനും പുകവലിക്കും അടിമകളായിത്തീരുകയും ചെയ്യുന്നത് ഈ പഞ്ചായത്തിലെ സ്ഥിരം കാഴ്ചയാണ്.

വിദ്യാഭ്യാസം

"സാക്ഷരകേരളം– സുന്ദരകേരളം" എന്ന വാക്യത്തെ സമാനമാക്കുംവിധം 1991–ൽ ഈ പഞ്ചായത്ത് സാക്ഷരതനേടി. എങ്കിലും വിദ്യാഭ്യാസരംഗത്ത് പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല. പത്താം ക്ലാസുവരെ ഒരു

വിധം ഇഴഞ്ഞെത്തുകയും തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും വിമുഖത കാണിക്കുകയും ചെയ്യുന്നു. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തി കൂലിവേലക്ക് പോകുന്ന നിരവധി ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഈ പഞ്ചായത്തിൽ യഥേഷ്ടം കാണപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് സർക്കാർതലത്തിൽനിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ഇവർക്ക് നല്കുവാൻ കഴിഞ്ഞാൽ മുട്ടം പഞ്ചായത്തിലെ പട്ടികജാതി –പട്ടികവർഗ്ഗങ്ങളുടെ സാമൂഹികപരവും വിദ്യാഭ്യാസപരവുമായ രംഗത്ത് സമൂലമായ മാറ്റം കൈവരിക്കുകയും ചെയ്യും.

പട്ടികജാതി– പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും, ഐശ്വര്യത്തിനും ഉതകത്തക്കരീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ വികസനറിപ്പോർട്ട് ചർച്ചകൾക്കും, മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.

തൊഴിൽ

പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. പാടങ്ങളിലും, കരകളിലും യന്ത്രവൽകൃത സാമഗ്രികൾ വന്നതോടെ ഇവരുടെ പണികൾ കുറയുകയും ജീവിതമാർഗ്ഗത്തിനായി മറ്റു പണികൾക്ക് തയ്യാറാകുകയും ചെയ്തു. കൽപ്പണി, മരപ്പണി, പെയ്ന്റിങ് തുടങ്ങിയ പണികൾ പുരുഷന്മാർ ചെയ്യുകയും സ്ത്രീകൾ കുട്ട, വട്ടി, പായ തുടങ്ങിയവ നെയ്തുണ്ടാക്കുകയും ചെയ്ത് പോന്നിരുന്നു. എന്നാൽ തൃപ്തികരമായ കൂലി ലഭിക്കാതിരിക്കുകയും, കുട്ട, വട്ടി, പായ് ഇവ നെയ്തെടുക്കുന്നതിനുള്ള അസംസ്കൃതവസ്തുക്കൾ ലഭിക്കാതിരിക്കുകയും ചെയ്തു. കൂലിവേല ചെയ്ത് മാത്രം ജീവിക്കുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ സർക്കാർ മുഖേന ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടം

സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് സഹായകമായിട്ടുണ്ടെങ്കിലും പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.ഇന്ന് എല്ലാ ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളേയുള്ളൂ. സാമ്പത്തികപ്രതിസന്ധിയും, ജീവിതപ്രാരാബ്ദങ്ങളുമേറുമ്പോഴും വിവിധ ഏജൻസികളുടെ വായ്പയെടുത്ത് ഇവർ വലിയ കടക്കെണികളിൽ അകപ്പെട്ടുപോകുന്നു. അതിൽനിന്നും ഇവർക്ക് ഒരിക്കലും മുക്തിലഭിക്കില്ല. കിടപ്പാടം പണയപ്പെടുത്തി ഭൂമിയുടെ രേഖ പല ഓഫീസുകളിലും അകപ്പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ ഇവർക്ക് നഷ്ടമാവുകയും വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പണിപൂർത്തീകരിക്കാൻ സാധിക്കുന്നില്ല. വീടുവയ്ക്കുവൻ സ്ഥലമില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീടുവയ്ക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. ഈ പഞ്ചായത്തിലെ ഒരു കോളനിയിലും പൊതുകക്കൂസ് ഇല്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. അതുപോലെ തന്നെയാണ് ശുദ്ധജല വിതരണവും, വൈദ്യുതി പദ്ധതിയും എല്ലാ കോളനികളിലും എല്ലാ വീടുകളിലും എത്തിക്കേണ്ടത് അത്യാവശ്യമാണ്. എളളുംപുറം പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ.

1. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും, വിദ്യാഭ്യാസപുരോഗതിയും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കിടയിൽ ലഭ്യമായിട്ടില്ല.
2. കുടുംബപ്രാരാബ്ദം ഏറ്റെടുക്കേണ്ടതിനാൽ പല കുട്ടികളുടേയും വിദ്യാഭ്യാസം നിന്നുപോകുന്നു.
3. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിനാൽ മദ്യപാനവും, പുകവലിയും ശീലമാകുന്നു.
4. സ്വന്തമായി വീടോ, സ്ഥലമോ ഇല്ലാത്തതിനാൽ സർക്കാർ ഭൂമികളിൽ കയ്യേറ്റം നടത്തുകയും കുടിൽകെട്ടി താമസിക്കുകയും ചെയ്യുന്നു.
5. വീട് നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാകാൻ കഴിയാതെ കിട്ടുന്ന പണം ദുർവിനിയോഗം നടത്തുന്നു.
6. കോളനികളിൽ ശുദ്ധജലം ലഭ്യമല്ല.
7. പൊതുശ്മശാനം ഇല്ല.
8. പലർക്കും കൈവശഭൂമിക്കു പട്ടയമില്ല.
9. ആരോഗ്യസംരക്ഷണ സംവിധാനം ഒന്നുമില്ല.
10. ഐ.ആർ.ഡി.പി പദ്ധതിയും, മറ്റ് പദ്ധതികളും ഫലപ്രാപ്തിയിലെത്തുന്നില്ല.
11. പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായി നൽകുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ലഭ്യമാക്കുന്നില്ല.
12. പട്ടികജാതി വികസന കോർപ്പറേഷനും , ഹരിജനക്ഷേമവകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പകളും ധനസഹായവും വിദ്യാഭ്യാസമുള്ളവർ നേടിയെടുക്കുന്നു.
13. നിർദ്ധനരായ പട്ടികജാതി–പട്ടികവർഗ്ഗ യുവതികളെ

വിവാഹം ചെയ്തയക്കുവാൻ ബുദ്ധിമുട്ടുന്നു.

14. പ്രായാധിക്യമായ വൃദ്ധൻമാരും, വൃദ്ധകളും തലചായ്ക്കാനിടമില്ലാതേയും,മറ്റു പരസഹായമില്ലാതേയും അലയുന്നു.

15. സ്വയം തൊഴിൽ സംരംഭകർക്ക് ബാങ്കുകൾ വായ്പകൾ നല്കാൻ മടി കാണിക്കുന്നു.

16. പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ട കലാകാരൻമാരെ സർക്കാർ പ്രോൽസാഹിപ്പിക്കുന്നില്ല.

17. ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും കോളനിപ്രദേശങ്ങളിൽ താമസിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

സാദ്ധ്യതകൾ

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുവാൻ റ്റി.വി, റേഡിയോ ,മറ്റു വാർത്താ മാദ്ധ്യമങ്ങൾ തുടങ്ങിയവ നൽകുക. ഇതിനോടനുബന്ധിച്ച് വായനശാലയും, തൊഴിൽ സഹകരണസംഘങ്ങളും ആരംഭിക്കണം. ഇടക്കുവച്ച് പഠനം നിർത്തുന്ന കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് വേണ്ടതായ സഹായങ്ങൾ പഞ്ചായത്തു മുഖേന നടപ്പാക്കുക. വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹിക രംഗത്ത് വളർച്ചയും, നേട്ടങ്ങളും ഉണ്ടാക്കുവാൻ ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

ഭൂരഹിതരായ പട്ടിജാതി,പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സ്ഥലമെടുത്ത് നൽകുകയും വീട് നിർമ്മിക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും ഇപ്പോൾ നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക. വീട് പുതുക്കി പണിയുന്നതിനും,അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക. പട്ടികജാതി,പട്ടികവർഗ്ഗ വികസന ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ,ഭവനരഹിത പുനരധിവാസപദ്ധതി കാര്യക്ഷമമാക്കുക.

കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിനായി ജില്ല പഞ്ചായത്തിൽനിന്നോ, ബ്ലോക്കു പഞ്ചായത്തിൽനിന്നോ,കിണറുകൾ കുഴിക്കുന്നതിനും,ശുദ്ധജലവിതരണം നടത്തുന്നതിനുമുള്ള സാമ്പത്തികസഹായം നൽകുക.ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലം ലഭ്യമാകുന്നുണ്ട് എങ്കിൽ പോലും ഇരുമ്പ് - പൈപ്പിന്റെ തുരുമ്പ് വെള്ളത്തിൽ കാണപ്പെടുന്നു. ആയതിനാൽ ഇരുമ്പ് പൈപ്പ് മാറ്റി പകരം പി.വി.സി പൈപ്പ് ഇട്ട് ശുദ്ധജല വിതരണം നടത്തുക. എള്ളുംമ്പുറം പട്ടികവർഗ്ഗകോളനിയിൽ തുടങ്ങിവച്ചിരിക്കുന്ന കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം.പട്ടികജാതി- വർഗ്ഗ കോളനികളിൽ താമസിക്കുന്നവർക്ക് സ്ഥലത്തിന്റെ അപര്യാപ്തതമൂലം അവിടെയുള്ളവർ മരിച്ചാൽ അടക്കം ചെയ്യുന്നതിനുള്ള സൗകര്യം ഇല്ലത്തതിനാൽ മലങ്കര ഡാമിനോടനുബന്ധിച്ച് സർക്കാർ ഏറ്റെടുത്തിരിക്കുന്ന എം.വി.ഐ.വി കൃാച്ച്മെന്റ് ഏരിയായിൽ നിന്നും ആവശ്യത്തിനുള്ള സ്ഥലം പൊതുശ്മശാനത്തിനായി വിട്ടുതരികയും ചെയ്യുക.

പട്ടികജാതി,വർഗ്ഗക്കാരുടെ കൈവശമിരിക്കുന്ന ഭൂമിയിടെ കൈവശാവകാശം നൽകുകയും, എം.വി.എ.പി കൃാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്ന ജനങ്ങൾക്ക് വീട് വയ്ക്കുവാനുള്ള സ്ഥലം നൽകുകയും ചെയ്യുക.ഹരിജന-ഗിരിജന വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും മണ്ണ് സംരക്ഷണ പദ്ധതികൾ സൗജന്യമായി നടപ്പിലാക്കുക. സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക. വൃദ്ധജനങ്ങൾക്കും അഗതികൾക്കും അഗതിമന്ദിരങ്ങൾ പണിയുക. നഴ്സറി സ്കൂളുകളും ഡേ കെയർ സെന്ററുകളും സ്ഥാപിക്കുക.

പട്ടികജാതി -വർഗ്ഗകുടുംബക്കാർക്ക് പല ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഒഴിവാക്കണം. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുക. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന ഹരിജനക്ഷേമവകുപ്പും -പട്ടികജാതി കോർപ്പറേഷനുകളും നടപ്പാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയണമെങ്കിൽ ഇവയുടെ മാനദണ്ഡം പുന:പരിശോധിക്കുകയും, നിബന്ധനകൾ ലളിതമാക്കുകയും ചെയ്യുക. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തിൻകീഴിൽ കൊണ്ടുവരിക.


കാർഷിക മേഖല അഭിവൃദ്ധി പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം ഊർജ്ജിതമാക്കുക. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ നൽകുന്ന വായ്പകളും, സഹായധനങ്ങളും പഞ്ചായത്ത് മുഖേന നടപ്പാക്കുകയും ഇവയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും ചെയ്യുക. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്ന സംവരണങ്ങൾ ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കുട്ട, വട്ടി, പായ്നെയ്ത്ത്, റെഡിമെയ്ഡ്, ക്ഷീരോല്പന്നങ്ങൾ, കറിപൗഡർ, പലഹാരങ്ങൾ എന്നിവക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക. വ്യവസായ പരിശീലനം നല്കുകയും പരിശീലനം ലഭ്യമാക്കുകയും വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പകൾ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. നിർമ്മിതി കേന്ദ്രത്തിലൂടെ നിർമ്മാണത്തൊഴിലാളികൾക്ക് പരിശീലനം നല്കി, അവരെ ഉപയോഗപ്പെടുത്തി വീടുകൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുക.

പട്ടികജാതി-വർഗ്ഗ സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് പച്ചക്കറികൃഷി നടത്തുന്നതിനുള്ള വിത്ത്, വളം ,കീടനാശിനി

,മരുന്ന് തളിക്കുന്നതിനാവശ്യമായ സ്പ്രേയർ തുടങ്ങിയവ വിതരണം നടത്തുക.ആട്,കോഴി,പന്നി,പശു,എരുമ എന്നിവ സൗജന്യ നിരക്കിൽ പഞ്ചായത്തു വഴി വിതരണം ചെയ്യുക.ഉൽപ്പന്ന വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുക.

മിശ്രവിവാഹിതർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക. കോളനിവാസികൾക്കുള്ള ആരോഗ്യപരിപാലനപദ്ധതി നടപ്പിലാക്കുക. മുട്ടം പഞ്ചായത്തിൽ 7-ാം വാർഡിൽ എള്ളുമ്പുറം പ്രദേശത്ത് ഒരു ആയുർവേദ ആശുപത്രി ആരംഭിക്കണം. ദേശീയ സമ്പാദ്യപദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തി സമ്പാദ്യശീലം വളർത്തുക. കോളനികളിൽ എല്ലാ വീട്ടിലും പുകയില്ലാത്ത വിറകടുപ്പുകൾ സ്ഥാപിച്ച് നൽകുക. അനർട്ടിൽ നിന്നും പ്രഷർകുക്കറും, മണ്ണെണ്ണസ്റ്റൗവും സൗജന്യനിരക്കിൽ വിതരണം നടത്തുക. മുട്ടം പഞ്ചായത്തിലെ കോളനികളിലേക്ക് പുതിയ റോഡുകൾ വെട്ടിത്തുറക്കുകയും നിലവിലുള്ളവ പുനരുദ്ധാരണം ചെയ്യുകയും ചെയ്യുക. ശങ്കരപ്പിള്ളി ഹരിജൻകോളനിയിലേക്ക് നിലവിലുണ്ടായിരുന്ന റോഡ് മലങ്കര ഡാം പണി പൂർത്തിയാകുന്നതോടെ വെള്ളത്തിൽ മുങ്ങിപ്പോകുന്നതിനാൽ എത്രയും പെട്ടെന്ന് മറ്റൊരു റോഡ് നിർമ്മിക്കാനുള്ള പരിപാടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കേണ്ടതാണ്. കാക്കാനാട് വടക്കുംഭാഗം റോഡ്, എള്ളുമ്പുറം അരീക്കല്ല് കൂടിയുള്ള സാംനഗർ റോഡ് ഇവ ട്രൈബൽ പ്ലാനിൽപ്പെടുത്തി പണി പൂർത്തീകരിക്കണം. അതുപോലെ കരിക്കാംപാറ – കണ്ണാടിപ്പാറ റോഡ് എസ്.സി.പിയിൽ ഉൾപ്പെടുത്തി പണിയണം. എള്ളുംപുറം ട്രൈബൽ കോളനിയിൽ പെടുന്ന എള്ളുംമ്പുറം – നീലൂർ റോഡ് പി.ഡബ്ലു.ഡി ഏറ്റെടുക്കുന്നതിന് പ്രാഥമിക ഓർഡർ ആയെങ്കിലും പണിയുന്നതിനുള്ള നടപടിയായിട്ടില്ല. ആയത് ഉടൻ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. രണ്ടാംവാർഡിൽ സ്ഥിതി ചെയ്യുന്ന ക്രഷ് കവലയിൽനിന്നും മാത്തപ്പാറ ഹരിജൻ കോളനിയിലേക്ക് റോഡ് വെട്ടിത്തുറക്കേണ്ടത് അത്യന്താപേക്ഷിതമാണ്.



5.12

വിഭവസമാഹരണം

വിഭവങ്ങളുടെ ഫലപ്രദമായ കണ്ടെത്തലും ഉചിതമായ വിനിയോഗവുമാണ് ആസൂത്രണത്തിന്റെ അടിസ്ഥാനം. മുട്ടം പഞ്ചായത്തിന്റെ അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തെ വികസനരംഗത്തെ പുരോഗതിയാണ് നാം മുമ്പിൽക്കാണുന്നത്. അതിനായി പുതിയ വിഭവങ്ങളേപ്പറ്റിയുള്ള അന്വേഷണം അതുകൊണ്ടുതന്നെ പ്രധാനമായി വരുന്നു. കാർഷിക വ്യവസായിക മേഖലകളിലെ പുതിയ സമീപനവും സേവനമേഖലയിലെ പുതിയ സാധ്യതകളുമാണ് പുതിയ വികസന സങ്കല്പങ്ങൾക്ക് കരുത്തുപകരുന്ന ഘടകങ്ങൾ. കൂടുതൽ വിശദമായിത്തന്നെ ഇവയെ നമുക്ക് വിശകലനം ചെയ്യാം.

കാർഷിക മേഖലയുടെ പ്രാധാന്യം

ഈ പഞ്ചായത്തിലെ മഹാഭൂരിപക്ഷം പേരും കാർഷികവൃത്തി പ്രധാന പ്രവർത്തനമായി അംഗീകരിച്ചിട്ടുള്ളവരാണ്. പക്ഷേ ഉത്പാദനക്ഷമതയിലും ഏറെ പിന്നോക്കം പോകുന്ന കാർഷികമേഖലയാണ് ഇന്ന് നമുക്കുള്ളത്. നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള ഭൂമിയുടെ 10 ശതമാനം മാത്രമാണ് ക്ഷേത്രവസ്തുക്കളുടെ ഉത്പാദനത്തിനായി ഇന്ന് വിനിയോഗിക്കുന്നത്. ക്ഷേത്രവസ്തുക്കൾക്കായി ഭൂരിപക്ഷംപേരും ഇന്ന് കച്ചവടസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ തിന്നും നഷ്ടമാകുന്ന ഏറ്റവും വലിയ വിഭവചോർച്ച ഈയിനത്തിൽ തന്നെയാണ്. ശരിയായ കർഷകർക്ക് ഉത്പാദനം കൂട്ടാനുള്ള ഉത്തേജനം നൽകി ക്ഷേത്ര വസ്തുക്കളുടെ ലഭ്യത കൂട്ടണം. മുട്ട, പഴം, പച്ചക്കറി തുടങ്ങിയവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികൾ ഉണ്ടാവണം. കാർഷികോല്പന്നങ്ങൾക്ക് ശരിയായ വിപണി ഉണ്ടാക്കിക്കൊടുക്കുവാനും, ന്യായവിലയുറപ്പാക്കുവാനുമുള്ള വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉണ്ടാക്കാം. ക്ഷീരോത്പാദനവും മത്സ്യകൃഷിയും അവയുടെ വിപണനവും പരിപോഷിപ്പിക്കണം.

വ്യവസായികരംഗം

വ്യവസായിക രംഗത്ത് ചില പരിശ്രമങ്ങളൊക്കെ ഈ പഞ്ചായത്തിൽ അടുത്ത കാലത്ത് നടത്തിയിട്ടുണ്ടെങ്കിലും ഇനിയും ഈരംഗത്ത് വളർച്ച നേടിയിട്ടില്ല. പർവ്വതീകരിക്കപ്പെടുന്ന ഊർജ്ജപ്രതിസന്ധി ഇവിടെയും പ്രതിബന്ധങ്ങളുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അരുവിക്കുത്തിലെ ജലം ഉപയോഗിച്ചും, തോണിക്കല്ലു ഭാഗത്ത് കുഴിയൻ തോട്ടിൽ ഡാം നിർമ്മിച്ചും ചെറുകിട വൈദ്യുതിനിലയം സ്ഥാപിക്കാനുള്ള നിർദേശം പരിഗണനാർഹമാണ്. ഗ്രാമതലത്തിൽ ചെറുകിട പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് പ്രധാന്യം വർദ്ധിക്കുന്നു. ഈ അവസരം നാം പ്രയോജനപ്പെടുത്തണം. കാർഷികോൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾക്ക് ഇവിടെ മുൻതൂക്കം കൊടുക്കണം. കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിപണനവും മറ്റൊരു പ്രധാന മേഖലയാണ്. വസ്തുനിർമ്മാണവും വിപണനവും വാഹനനിപ്പയതിംഗ് രംഗവും സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. പഞ്ചായത്തിൽ ഇത്തരം പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കണം. പരിശീലനവും പ്രാരംഭസഹായവും നല്കണം.

തൊഴിൽ മേഖല

കാർഷിക മേഖയിൽ തൊഴിലവസരങ്ങൾ കുറഞ്ഞപ്പോൾ നിർമ്മാണ മേഖലയിൽ കൂടുതൽ അവസരങ്ങൾ ഉണ്ടാകുന്നുണ്ട്. സർക്കാർ നല്കുന്ന തൊഴിലിനേക്കാളേറെ സഹകാര്യമേഖലയിലും സഹകരണമേഖലയിലും വളർച്ചയ്ക്ക് സാദ്ധ്യതകളേറിയിട്ടുണ്ട്. കെട്ടിട നിർമ്മാണവും കരാർ ജോലികളും ഇനിയും വളർച്ച സാദ്ധ്യതയുള്ളവയാണ്. സ്വയം തൊഴിൽ നേടാനായി പുതിയ തൊഴിലുകൾ കണ്ടെത്താൻ യുവാക്കളെ പരിശീലിപ്പിക്കണം. പുതിയ മേഖലകളിലേക്ക് കടന്നുവരുന്നവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകണം. ഈ രംഗത്തേയ്ക്ക് പുതിയ പഥനം നടത്താൻ ഒരു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ വിഭവസമാഹരണം

കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന ധനസഹായമാണല്ലോ ഇന്ന് പഞ്ചായത്തിന്റെ പ്രധാന വരുമാനം[60%]. ഭരണ ചിലവുകൾ [44%] വർദ്ധിക്കുന്നത

നുസരിച്ച് വികസനത്തിനായി ഒന്നും തന്നെ ലഭിക്കാൻ ഇല്ലാതെയും വരുന്നു. പഞ്ചായത്തിലെ വികസന പദ്ധതികൾക്ക് പഞ്ചായത്തിൽ നിന്നും വരുമാനം കണ്ടെത്തേണ്ട വലിയ ചുമതല ഇനി മുമ്പിൽ കാണണം.


കെട്ടിട നികുതിയും തൊഴിൽ നികുതിയുമാണ് പഞ്ചായത്ത് സ്വന്തമായി സ്വരൂപിക്കുന്ന പ്രധാന വരുമാന മാർഗ്ഗം [27.2%]. മാർക്കറ്റ് ലേലം, വിനോദനികുതികൾ ലൈസൻസ് ഫീസ് എന്നിവയെല്ലാം ചേർന്ന് 2.75% ഇങ്ങനെ കഴിഞ്ഞ സാമ്പത്തിക വർഷം 4.5 ലക്ഷം രൂപ മാത്രമാണ് സ്വന്തമായി പഞ്ചായത്തിൽ ശേഖരിച്ചത്. അതിൽ 3.28 ലക്ഷം രൂപ പൊതുമരാമത്ത് ജോലികൾക്കായി മാറ്റിവെച്ചു. പൊതുജനാരോഗ്യ-കുടിവെള്ള ആവശ്യങ്ങൾക്കായി 64000 രൂപായും ചെലവഴിക്കപ്പെട്ടു. വിദ്യാഭ്യാസം തെരുവുവിളക്ക് എന്നിവയ്ക്കായി അര ലക്ഷം രൂപായും ചെലവാക്കി. ചുരുക്കത്തിൽ പഞ്ചായത്തിൽ നിന്നും സ്വരൂപിക്കുന്ന തുക മാത്രമാണ് വികസനത്തിന്റെ അടിസ്ഥാനമായി വരുന്നത്. എന്നാൽ ഇപ്പോൾ നിലവിലുള്ളതിലധികം നികുതിനിരക്ക് ഏർപ്പെടുത്തുന്നത് അനീതിയുമാണ്. പുതിയ വരുമാനത്തിനായി പുതിയ വഴികൾ തേടിയേപറ്റൂ.


പുതിയ നിർദ്ദേശങ്ങൾ

1. **പരസ്യനികുതി:** വ്യാപാര സ്ഥാപനങ്ങളുടെ നിരവധി പരസ്യബോർഡുകൾ, ഭിത്തി പരസ്യങ്ങൾ തുടങ്ങിയവ നമ്മുടെ പഞ്ചായത്തതിർത്തിക്കുള്ളിലുണ്ട്. ഇവയ്ക്ക്

1995-96 വരവു ചെലവു കണക്കുകൾ

ചെലവ് ഇനം	തുക	ശതമാനം	വരവ് ഇനം	തുക	ശതമാനം
ഭരണം	433134	43.86	ഗവ:ഗ്രാന്റുകൾ	632543	41.01
പൊതുമരാമത്ത്	327897	33.21	കെട്ടിടനികുതി	223527	14.50
കുടിവെള്ളം(5 മാസം)	46665	5.03	തൊഴിൽനികുതി	196075	12.70
തെരുവുവിളക്ക്	36372	3.68	ഡെപ്പോസിറ്റ്	60300	3.91
കൃഷിവകുപ്പ്	59138	5.99	വസ്തുകൈമാറ്റ നികുതി	48625	3.15
			ബജത്ത് ഗ്രാൻറ്	50000	3.24
			കൃഷിവകുപ്പ്	193570	12.55
പൊതുജനാരോഗ്യം വിദ്യാഭ്യാസം മറ്റുള്ളവ	84267	8.23	ചന്തവരവ് തീയേറ്റർ ലൈസൻസ് ഫീ മറ്റുള്ളവ	137595	8.94
	987473	100		1542236	100





നികുതിയേർപ്പെടുത്താം. പഞ്ചായത്തുസ്ഥലത്ത് പരസ്യ സൗകര്യം ഉണ്ടാക്കിയും വരുമാനം കൂട്ടാം.

2. **ടാക്സി സ്റ്റാൻറ് വാടക:** ടാക്സി സ്റ്റാൻറിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് വാടക ഏർപ്പെടുത്തുകയും അവിടെ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം.

3. **ആഡംബര നികുതി:** വിലകൂടിയ ആഡംബരവസ്തുക്കൾ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽനിന്നും ഈടാക്കാം.

4. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറി, കരകൗശല വസ്തുക്കൾ തുടങ്ങിയവക്ക് വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു നിശ്ചിത തുക വരുമാനം വാങ്ങാം.

5. പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുന്ന പരിപാടികൾക്ക് പ്രായോജകരെ കണ്ടെത്തി പരിപാടികൾക്ക് വരുന്ന ചെലവ് നിയന്ത്രിക്കാം.

6. **ടൂറിസം വളർത്തുക:** മലങ്കര ഡാമിൻെറ ഏറ്റവും അടുത്ത പഞ്ചായത്ത് എന്ന നിലയിൽ ടൂറിസത്തിന് ഇവിടെ അനന്തമായ സാദ്ധ്യതകൾ ഉണ്ട്. മുട്ടത്തെ ഒരു ടൂറിസ്റ്റ് ഗ്രാമമായി പ്രഖ്യാപിച്ച് വികസനപദ്ധതികൾ കൊണ്ടുവരണം. ശങ്കരപ്പിള്ളിയിൽ ഡാമിനഭിമുഖമായി ഒരു പാർക്ക് നിർമ്മിക്കണം.

7. **വ്യാപാര മേഖല:** ഇപ്പോൾ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് ബസ്സ് സ്റ്റാൻറും ഷോപ്പിംഗ് കോപ്ലക്സും പണി തീർക്കുകയാണെങ്കിൽ വ്യാപാരമേഖലയിൽ ധാരാളം പുതിയ അവസരങ്ങൾ ഉണ്ടാവും.അതോടൊപ്പം ഒരു വിശാലമായ ആഡിറ്റോറിയവും നിർമ്മിക്കാം. ഇപ്പോൾ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ടാക്സി സ്റ്റാൻറും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കണം. നിർദ്ദിഷ്ട സാംസ്കാരിക നിലയസ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് കൂടി നിർമ്മിക്കാം. ശങ്കരപ്പിള്ളി ഭാഗത്ത് മാംസ വിൽപ്പന മാർക്കറ്റും പണിയണം. ഇവയെല്ലാം വരും കാലങ്ങളിൽ സ്ഥിരമായി വരുമാനം നൽകാൻ കഴിയുന്ന വളർച്ചയ്ക്ക് നാന്ദിയാകാവുന്നതുമായ പരിപാടികളാണ്. ഇവയ്ക്കുള്ള പ്രാരംഭനിക്ഷേപം ഗ്രാമവികസന ഏജൻസി, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ പ്രയാസമില്ല.

8. **ജനപങ്കാളിത്തം:** അനാവശ്യമായി ചോരുന്ന പല വഴികൾ അടയ്ക്കാൻ പൊതുജനമുന്നേറ്റത്തിനാവും. ഒരോ വാർഡിലെയും റോഡുകളുടെ സംരക്ഷണം, റിപ്പയറിംഗ് തുടങ്ങിയവ ജനപങ്കാളിത്തത്തോടെ നടത്തണം. വികസന പ്രവർത്തനത്തിന് സ്വകാര്യമേഖലയുടേയും വ്യക്തികളുടേയും സഹായം സ്വീകരിക്കാം. വാർഡുവികസന സമിതിയാവണം ഇവയ്ക്ക് നേതൃത്വം നൽകേണ്ടത്. വിദ്യാഭ്യാസ നിലവാരം ഉയർത്തൽ, പരിസര ശുചിത്വം, ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം അയൽക്കൂട്ട സമിതികൾക്ക് സ്ഥാനം വേണം. പഞ്ചായത്തിലെ പ്രാഥമിക വിവരശേഖരണം തുടങ്ങി സ്ഥിരമായി ചെയ്യേണ്ട പ്രവർത്തനങ്ങളിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കും സന്നദ്ധസംഘടനകൾക്കും ധാരാളം പ്രവർത്തിക്കാനുണ്ട്.

ചുരുക്കത്തിൽ നാടിൻെറ വികസനത്തിന് വിഭവങ്ങളേക്കാൾ തുറന്ന മനസ്സും ദീർഘവീക്ഷണവും ഇച്ഛാശക്തിയും ഉള്ള പുതിയ വികസന സമീപനം ആണ് ഉണ്ടാവേണ്ടത്.

5.13

ടൂറിസം

വിനോദ സഞ്ചാരത്തിന് വളരെ സാദ്ധ്യതകളുള്ള പഞ്ചായത്താണ് മുട്ടം. മുട്ടം ഗ്രാമപഞ്ചായത്തിന്റെ വടക്കുകിഴക്കേ അതിർത്തി പൂർണ്ണമായും മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ജലസംഭരണിയാണ്. അണക്കെട്ടും ജലസംഭരണിയും അതിനോടടുത്ത പ്രദേശങ്ങളും ഏറെ പ്രകൃതിസൗന്ദര്യം നിറഞ്ഞതുമാണ്. ഇതിനുപുറമേ അണക്കെട്ടും ജലസംഭരണിയും പൂർണ്ണമായും വീക്ഷിക്കാൻ കഴിയുന്ന കൊല്ലൻകുന്ന് പോലുള്ള ഉയർന്ന പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിനു മാത്രം അവകാശപ്പെട്ടതാണ്.

വിദേശികളും സ്വദേശികളും ആയ വിനോദസഞ്ചാരികളെ നമ്മുടെ പഞ്ചായത്തിലേക്ക് ആകർഷിക്കുവാനും അവർക്കുവേണ്ടി സൗകര്യങ്ങളൊരുക്കുവാനും കൂട്ടായ ശ്രമം ആവശ്യമാണ്. മുട്ടം ഗ്രാമപഞ്ചായത്തിനെ ഒരു ടൂറിസ്റ്റ് ഗ്രാമമായി പ്രഖ്യാപിക്കണം. അണക്കെട്ടുമുതൽ ശങ്കരപ്പിള്ളിവരെ ജലസംഭരണിയോടു ചേർന്ന് ടൂറിസ്റ്റ് റോഡ് നിർമ്മിക്കുകയും പൂമരങ്ങൾ വച്ചുപിടിപ്പിച്ച് മനോഹരമാക്കുകയും ചെയ്യണം. ശങ്കരപ്പിള്ളി ഭാഗത്ത് ജലസംഭരണിയോടു ചേർന്ന് 15 ഏക്കറെങ്കിലും സ്ഥലം എടുത്ത് ഒരു ടൂറിസ്റ്റ് വില്ലേജ് സ്ഥാപിച്ച് അവിടെ അമ്യൂസ്മെന്റ് പാർക്ക്, ബോട്ടാണിക്കൽ–ഔഷധസസ്യതോട്ടം, ആയുർവേദ ആരോഗ്യകേന്ദ്രം, നീന്തൽക്കുളം, ബോട്ടിംഗ് സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തണം,

കൊല്ലൻകുന്ന് ഭാഗത്ത് ഏറ്റവും നല്ല ഒരു സ്ഥലത്ത് ഒരു ടൂറിസ്റ്റ് പവലിയൻ നിർമ്മിക്കണം. മൂലമറ്റം മുതൽ മലങ്കരവരെ കാണാവുന്ന അനുയോജ്യമായ ഒരു പ്ലോട്ടായിരിക്കണം. ടെലസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങളും ഘടിപ്പിക്കണം. പ്രസ്തുത ടൂറിസ്റ്റ് പവലിയനെ താഴെയുള്ള നിർദ്ദിഷ്ട ടൂറിസ്റ്റ് വില്ലേജുമായി ബന്ധിപ്പിച്ച് റോപ് -വേ സംവിധാനവും ഏർപ്പെടുത്തണം. സഞ്ചാരികൾക്ക് താമസസൗകര്യവും ഭക്ഷണസൗകര്യവും തടാകക്കരയിൽ ഏർപ്പെടുത്തണം.

ടൂറിസ്റ്റ് പവലിയനോട് ചേർന്ന് യാത്രീനിവാസ് നിർമ്മിക്കണം. തടാകക്കരയിൽ ടൂറിസ്റ്റ് കോട്ടേജുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്.

ഏറ്റവും വികാസസാദ്ധ്യതയുള്ള ഒരു സാമ്പത്തികമേഖല എന്ന നിലയ്ക്ക് ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്ന ഒരു വൻകിട പദ്ധതിയായി ഇതിനെ വളർത്താനും സാദ്ധ്യതയുണ്ട്. ഇതിനായി നമ്മുടെ പഞ്ചായത്തിൽനിന്നും വലിയ സമ്മർദ്ദം ഉണ്ടാവണം. നബാർഡ്, ടൂറിസം വികസന കോർപ്പറേഷൻ, ഗ്രാമ വികസന ഏജൻസി തുടങ്ങിയ ധനകാര്യഏജൻസികളുടെ സാമ്പത്തിക സഹായം സ്വരൂപിക്കുവാനും ഗ്രാമപഞ്ചായത്ത് മുമ്പോട്ടുവരണം. അടിസ്ഥാന സൗകര്യങ്ങൾ നല്കിക്കൊണ്ട് സാദ്ധ്യത മനസ്സിലാക്കാൻ കഴിഞ്ഞാൽ സ്വകാര്യസ്ഥാപനങ്ങളും മുമ്പോട്ടുവരുമെന്നത് ഉറപ്പാണ്.


എള്ളുമ്പുറം പ്രദേശത്തുള്ള "ആലുങ്കൽപ്പാറ" മുട്ടം പഞ്ചായത്തിലെ ടൂറിസ്റ്റ് മാപ്പിൽ ഉൾപ്പെടുത്തണം. ആലുങ്കൽപ്പാറയിൽ നിന്നു നോക്കിയാൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ കല്ല്, മ്ലാങ്കല്ല്, മലങ്കരഡാം എന്നിവയും ആലപ്പുഴ കടലും സൂര്യാസ്തമയവും കാണാം.

ഇതിനെല്ലാം പ്രാരംഭമായി ഉടൻതന്നെ ഈ മനോഹരപ്രദേശത്തെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന ലഘുലേഖകൾ, വിവരണങ്ങൾ തുടങ്ങിയവ അച്ചടിച്ച് ടൂറിസ്റ്റ് ഏജൻസികൾ, സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യണം. റോഡുകൾ കുടിവെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തണം. ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് ഔചിത്യപൂർണ്ണമായ സ്വീകരണം ഉറപ്പുവരുത്തണം. 9-ാം പദ്ധതിയുടെ അവസാനത്തോടെ മുട്ടം പഞ്ചായത്തിലെ ഏറ്റവും വളർച്ചനേടിയ മേഖലയായി ടൂറിസം മാറ്റാനുള്ള ഉറച്ച തീരുമാനവും വേണം.

□

വികസനരേഖയ്ക്ക് പിന്നിൽ

രാജേഷ് കെ. - പഞ്ചായത്ത് പ്രസിഡൻറ്
പ്രൊഫ.സി.സി.ജേക്കബ് - വൈസ്.പ്രസിഡന്റ്
എൻ.എൻ.പരമേശ്വരൻ ഇളയത് - സെക്രട്ടറി
സി.എ.ആൻറണി
പി.പി.ഗിരിജ
പി.എം.പുഷ്പരാജൻ
ജോസുകുട്ടി കള്ളിക്കാട്ട്
ജോണി കക്കുഴിയിൽ
കുട്ടിയമ്മ മൈക്കിൾ
ഔസേപ്പച്ചൻ ചാരക്കുന്നത്ത്
ഇ.കെ.അഗസ്റ്റ്യൻ
കെ.പി.ഗോപാലൻ
രാമകൃഷ്ണൻ കായപ്ലാക്കൽ
സി.എച്ച്. ഇബ്രാഹീംകുട്ടി
സി.പി.ചാക്കോ
കെ.കെ.ജോസ്
ഷേർലി അഗസ്റ്റ്യൻ
ജോണി ജോസ്
കെ.കെ.നാരായണൻ
ഷേർലി ബേബി
കെ.എസ്.ജോർജ്
വി.ഐ.ജോർജ്
വറുഗീസ് കൊച്ചുപുവത്തുംമുട്ടിൽ
കെ.റ്റി.തൊമ്മൻ
എസ്തപ്പാൻ പ്ലാക്കൂട്ടം
ഇ.ജി.വിജയൻ



Opening Shortly

സുന്ദരസ്വപ്നങ്ങൾക്ക് ചാരുതയേകാൻ

മയൂരി ഫോട്ടോസ്

ഗവ.ഹൈസ്ക്കൂൾ സമീപം

മുട്ടം

കളർ, ബ്ലാക്ക് & വൈറ്റ് ഫോട്ടോസ്